# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പന്തളം മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പത്തനംതിട്ട-689645**

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA/PTA/P2/131/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 19/03/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പന്തളം മുനിസിപ്പാലിറ്റി

സർ,

**വിഷയം : പന്തളം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തളം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസിൽ)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട
3.കാര്യാലയ പ്രതി

നമ്പർ: KSA/PTA/P2/131/24

തീയ്യതി: 19/03/2024

## പത്തനംതിട്ട ജില്ലയിലെ പന്തളം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പന്തളം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 31-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 16-01-2024 | 25-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2024 | 25-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. എൻ പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ. സജി എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സൂര്യപ്രഭ പി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അരുൺ കുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്മിത റ്റി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനിൽകുമാർ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശാ എം. കുരുവിള, ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുശീല സന്തോഷ് | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീമതി മുംതാസ് എ.എം | സെക്രട്ടറി | 01-04-2022 | 01-09-2022 |
| ശ്രീമതി അനിത ഇ.ബി | സെക്രട്ടറി | 02-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിനിൽകുമാർ എസ്.എസ് | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ശ്രീമതി രാധിക എസ് | മുനിസിപ്പൽ എഞ്ചിനീയർ | 13-09-2022 | 31-03-2023 |
| ഡോ. നിഷ എസ് | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 01-04-2022 | 22-09-2022 |
| ഡോ. നിതിൻ എ. സലാം | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 23-09-2022 | 31-03-2023 |
| ഡോ. അനുപമ എം. വി | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 01-04-2022 | 03-09-2022 |
| ഡോ. ശാന്തി | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 04-09-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. ബിജി ഡാനിയേൽ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2022 | 09-01-2023 |
| ഡോ. പ്രീതി ഏലിയാമ്മ ജോൺ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 10-01-2023 | 02-02-2023 |
| ഡോ. അനീഷ പി.ജെ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 03-02-2023 | 04-02-2023 |
| ഡോ. പ്രീതി ഏലിയാമ്മ ജോൺ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 05-02-2023 | 31-03-2023 |
| ശ്രീമതി സൗമ്യ ശേഖർ | കൃഷി ഫീൽഡ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രീദേവി റ്റി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 15-04-2022 |
| ശ്രീമതി പ്രജി പ്രദീപ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16-04-2022 | 11-07-2022 |
| ശ്രീമതി ശരണ്യ എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12-07-2022 | 31-03-2023 |
| ശ്രീമതി മായ എൽ | പ്രിൻസിപ്പൽ ജി.എച്ച്. എസ്. എസ് | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽകുമാർ എസ് | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2022 | 30-11-2022 |
| ശ്രീ. പുഷ്പകുമാർ കെ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-12-2022 | 31-03-2023 |
| ശ്രീമതി സുനിത ബീഗം ഇ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സിന്ധു വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 01-01-2023 |
| ശ്രീമതി രഞ്ജിനി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02-01-2023 | 31-03-2023 |
| ശ്രീമതി രേഖാ ആർ. | സൂപ്രണ്ട് (പട്ടികജാതി വികസന ഓഫീസറുടെ ചാർജ്ജ്) | 01-04-2022 | 31-05-2022 |
| ശ്രീ. ബിജു കെ. മാത്യു | റവന്യു ഇൻസ്പെക്ടർ (പട്ടികജാതി വികസന ഓഫീസറുടെ ചാർജ്ജ്) | 01-06-2022 | 17-07-2022 |
| ശ്രീമതി ഗിരിജാകുമാരി കെ. എസ്. | സൂപ്രണ്ട് (പട്ടികജാതി വികസന ഓഫീസറുടെ ചാർജ്ജ്) | 18-07-2022 | 31-03-2023 |
| ഡോ.അസീസ് സി.എ. | സീനിയർ വെറ്റിനറി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | സർജൻ | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക-അടിസ്ഥാന അപാകതകൾ | 1-1-1 |
| 3 | നികുതി, നികുതിയേതര വരുമാനങ്ങൾക്ക് കൃത്യമായ ഡിമാന്റ് തിട്ടപ്പെടുത്തുന്നില്ല | 1-1-2 |
| 4 | മുൻസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-3 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-4 |
| 6 | ആസ്തികളുടെ മൂല്യനിർണ്ണയം കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | പിൻവലിക്കാത്ത/പണമാക്കാത്ത ചെക്കുകളിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-1-7 |
| 9 | വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ ഡിമാന്റ്,കളക്ഷൻ, ബാലൻസ് തയ്യാറാക്കിയിട്ടില്ല | 1-1-8 |
| 10 | വാർഷിക ധനകാര്യപത്രികയിൽ വായ്പ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല | 1-1-9 |
| 11 | ഡെപ്പോസിറ്റുകൾ– നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന 1.59 കോടി രൂപയുടെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല | 1-1-10 |
| 12 | ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത അനുബന്ധ രേഖകളുടെ അഭാവത്തിൽ ബോധ്യപ്പെട്ടില്ല | 1-1-11 |
| 13 | സെക്രട്ടറിയുടെ ശമ്പളം- ബാധ്യത അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല | 1-1-12 |
| 14 | അഡ്വാൻസ് കളക്ഷൻ മുന്നിരിപ്പ് തുകകൾ തൻവർഷ വരവായി ക്രമീകരിച്ചിട്ടില്ല | 1-1-13 |
| 15 | വാട്ടർ അതോറിറ്റി റീഫണ്ട്-ബാധ്യതയായി അക്കൗണ്ട് ചെയ്തില്ല | 1-1-14 |
| 16 | റോഡ് ആസ്തികൾക്ക് ഡിപ്രീസിയേഷൻ നൽകിയിട്ടില്ല;അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 1-1-15 |
| 17 | പെൻഷൻ ഫണ്ട്-നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക സംബന്ധിച്ച് രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-16 |
| 18 | വസ്തുനികുതി, സർവ്വീസ് സെസ്സ്-കളക്ഷൻ തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | മുൻകൂറുകൾ, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല | 1-1-18 |
| 20 | റവന്യൂ ചെലവുകൾക്കായി വിനിയോഗിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-19 |
| 21 | Auction Deposit- ബാധ്യത 1 കോടി രൂപ, അക്കൗണ്ടിംഗ് കൃത്യമല്ല. | 1-1-20 |
| 22 | കാലാവധി കഴിഞ്ഞ ചെക്കുകൾ ബാധ്യതാ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-21 |
| 23 | വാർദ്ധക്യകാല പെൻഷൻ – 3.76 കോടി രൂപയുടെ വരവ് ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-22 |
| 24 | ചെലവ് വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ അപാകത | 1-1-23 |

| | | |
|---|---|---|
| 25 | വാടക കുടിശ്ശിക ഈടാക്കാനുള്ളത് 49.88 ലക്ഷം, വാർഷിക കണക്കിൽ 7.81 ലക്ഷം മാത്രം | 1-1-24 |
| 26 | ബജറ്റ് | 1-2 |
| 27 | സാമ്പത്തിക വിശകലനം | 1-3 |
| 28 | ഗ്രാന്റ് വിനിയോഗം | 1-4 |
| 29 | ഗ്രാന്റ് വിനിയോഗം- അപാകതകൾ | 1-4-1 |
| 30 | പദ്ധതി അവലോകനം | 1-5 |
| 31 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 32 | ക്ഷേമപദ്ധതികൾ | 1-7 |
| 33 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 34 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 35 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 36 | വസ്തുനികുതി പരിഷ്കരണം പൂർത്തിയായില്ല, കെ-സ്മാർട്ട് സേവനം വൈകുന്നു | 1-11 |
| 37 | കെ-സ്മാർട്ട്- നാളിതുവരെ ലഭ്യമായത് 50 ശതമാനത്തിൽ താഴെ കെട്ടിടങ്ങളുടെ വിവരം | 1-11-1 |
| 38 | വസ്തുനികുതി ഒടുക്കിയത് സംബന്ധിച്ച് നഗരസഭയിൽ രേഖകളില്ല | 1-11-2 |
| 39 | വസ്തുനികുതി-കാലഹരണപ്പെട്ട് നഷ്ടമായത് ലക്ഷങ്ങൾ | 1-11-3 |
| 40 | സേവന നികുതി നിരക്ക് നിജപ്പെടുത്തിയതിൽ അവ്യക്തത | 1-12 |
| 41 | വസ്തു നികുതി നിർണ്ണയം-അപാകതകൾ | 1-13 |
| 42 | വസ്തു നികുതി അസ്സസ്സ്മെന്റിൽ ഉൾപ്പെടാത്ത നിരവധി കെട്ടിടങ്ങൾ | 1-14 |
| 43 | തരം മാറ്റിയ ഭൂമിയിലെ കെട്ടിട നിർമ്മാണം - നിയമാനുസൃത ഫീസ് ഈടാക്കാതെ പെർമിറ്റ് അനുവദിച്ചു | 1-15 |
| 44 | ക്രമവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി | 1-16 |
| 45 | പാർക്കിംഗ് ഏരിയയിൽ മാറ്റം വരുത്തി- സ്വകാര്യ ആവശ്യത്തിന് ഗേറ്റ് സ്ഥാപിച്ചു - പെർമിറ്റിൽ നിന്ന് വ്യതിചലനം | 1-17 |
| 46 | സിനിമാ കോംപ്ലക്സിൽനിന്നും വിനോദ നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാത്തതിനാൽ നഗരസഭക്ക് ലക്ഷങ്ങളുടെ നഷ്ടം | 1-18 |
| 47 | തൊഴിൽ നികുതി പിരിവിലെ - അപാകതകൾ | 1-19 |
| 48 | നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല | 1-19-1 |
| 49 | രജിസ്റ്ററുകളും രേഖകളും അപൂർണ്ണം | 1-19-2 |
| 50 | അരിയർ ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല – കുടിശ്ശിക കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ സാദ്ധ്യത ഇല്ലാതാകും | 1-19-3 |
| 51 | ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-19-4 |
| 52 | നഗരസഭയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്തവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല | 1-19-5 |
| 53 | നഗരസഭ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക കുടിശ്ശിക 49.88 ലക്ഷം രൂപ പിരിച്ചെടുത്തിട്ടില്ല | 1-20 |
| 54 | ലോൺ എടുത്ത 60.96 ലക്ഷം രൂപ നിഷ്ക്രീയ നിക്ഷേപമായി പലിശ രഹിത അക്കൗണ്ടിൽ | 1-21 |

| | | |
|---|---|---|
| 55 | വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് സമയബന്ധിതമായി ചെലവഴിച്ചില്ല-ലാപ്സായത് 2.79 കോടി രൂപ | 1-22 |
| 56 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച | 1-23 |
| 57 | സ്ഥിര നിക്ഷേപം യഥാസമയം പുതുക്കിയില്ല | 1-24 |
| 58 | ടാപ്പുകളുടെ എണ്ണം വർദ്ധിച്ചു - പ്രതിമാസ വെള്ളക്കരം 11.37 ലക്ഷം രൂപ | 1-25 |
| 59 | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല – പ്രതിമാസ വൈദ്യുത ചാർജ് 3.42 ലക്ഷം രൂപ | 1-26 |
| 60 | മരണപ്പെട്ടവർക്ക് പെൻഷൻ നൽകിയത് തിരികെ ഈടാക്കിയില്ല | 1-27 |
| 61 | മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയില്ല. പെൻഷൻ വിതരണം തുടരുന്നു | 1-28 |
| 62 | മുൻകൂർനൽകിയത് ക്രമീകരിച്ചില്ല | 1-29 |
| 63 | ഉറവിട മാലിന്യ സംസ്കരണം- ബയോ കമ്പോസ്റ്റർ ബിൻ വാങ്ങൽ– പദ്ധതി നടത്തിപ്പിൽ വീഴ്ച | 1-30 |
| 64 | ആവശ്യകത നിർണ്ണയിക്കാതെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി -പൂർണ്ണമായും വിതരണം ചെയ്തില്ല | 1-31 |
| 65 | 'അഗതിരഹിതകേരളം' പദ്ധതിയിലെ അനർഹരെ ഒഴിവാക്കിയിട്ടില്ല | 1-32 |
| 66 | കരാറേൽപ്പിച്ച അസംഖ്യം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ആരഭിച്ചില്ല – തുടർനടപടിയില്ല | 1-33 |
| 67 | പ്രവൃത്തികൾക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയതിൽ സുതാര്യത ഉറപ്പാക്കിയില്ല | 1-34 |
| 68 | പദ്ധതികൾ വിഭാവനം ചെയ്യുന്നതിലും നടപ്പിലാക്കിയതിലും അലംഭാവം | 1-35 |
| 69 | 'വീട് വാസയോഗ്യമാക്കൽ (S0168/23)'- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-36 |
| 70 | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഫയലുകൾ ഹാജരാക്കിയിട്ടില്ല | 1-36-1 |
| 71 | ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചില്ല | 1-36-2 |
| 72 | ഫൈനൽ വാല്യവേഷനെ അധികരിച്ച് തുക അനുവദിച്ചു | 1-36-3 |
| 73 | പ്രോജക്ട് ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു | 1-37 |
| 74 | രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല- ചെലവ്തുക -237038 രൂപ തടസ്സപ്പെടുത്തുന്നു. | 1-38 |
| 75 | സർക്കാരിന്റെ മാർഗ്ഗരേഖകൾ ലംഘിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നു | 1-39 |
| 76 | മൃഗസംരക്ഷണം- വ്യക്തിഗത ആനുകൂല്യം നൽകിയ പദ്ധതികളിലെ അപാകതകൾ | 1-40 |
| 77 | നഗരസസഭ പ്രദേശത്ത് മാലിന്യ നിക്ഷേപം തടയാൻ ക്യാമറ സ്ഥാപിക്കൽ– പദ്ധതി നടപ്പായില്ല | 1-41 |
| 78 | തെരുവു വിളക്ക് വാങ്ങലിനും അറ്റകുറ്റപ്പണിയ്ക്കും 9.81 ലക്ഷം ചെലവഴിച്ചത് പദ്ധതി ഇല്ലാതെ- സുതാര്യത ഇല്ല | 1-42 |
| 79 | പ്രളയ ദുരന്ത നിവാരണം- വാങ്ങിയ ഫൈബർ വള്ളങ്ങൾ യഥാവിധി സംരക്ഷിക്കുന്നില്ല | 1-43 |
| 80 | പ്രധാമന്ത്രി ആവാസ് യോജന - കരാറിലേർപ്പെടുന്നവർ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല | 1-44 |

| | | |
|---|---|---|
| 81 | ജൈവ /ജീവാണു കീടനാശിനികളുടെ വാങ്ങൽ - മാർഗനിർദേശങ്ങൾ പാലിച്ചില്ല | 1-45 |
| 82 | അഗതിരഹിത കേരളം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-46 |
| 83 | തുക ഒടുക്കിയെങ്കിലും 2.29 ലക്ഷം രൂപക്കുള്ള മരുന്ന് ലഭ്യമാക്കുവാൻ അവശേഷിക്കുന്നു | 1-47 |
| 84 | ലൈബ്രറി സെസ്സ് അടവാക്കിയില്ല | 1-48 |
| 85 | തെരുവു നായ്ക്കൾക്ക് പേവിഷബാധയ്ക്കെതിരെ വാക്സിനേഷൻ - പദ്ധതി നടപ്പാക്കിയില്ല | 1-49 |
| 86 | പിരിച്ചെടുത്ത നികുതികളും സെസ്സും സർക്കാരിലേക്ക് ഒടുക്കിയില്ല | 1-50 |
| 87 | ഹരിതകർമ്മസേന - പ്രവർത്തനം ഫലപ്രദമല്ല - യൂസർഫീസ് പൂർണ്ണമായി പിരിച്ചെടുക്കുന്നില്ല- | 1-51 |
| 88 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - രേഖകൾ ഹാജരാക്കിയില്ല | 1-52 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഫൈനൽ വാല്യവേഷനെ അധികരിച്ച് തുക അനുവദിച്ചു : 2,60,871 രൂപ നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ മുൻകറുകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. പന്തളം നഗരസഭയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.07.2023 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 27.07.2023 ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷികധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടേയും, സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പന്തളം നഗരസഭയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
തീയതി 19/03/2024

## 1-1-1 വാർഷിക ധനകാര്യപത്രിക-അടിസ്ഥാന അപാകതകൾ

ആധികാരികമല്ലാത്ത അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ, ആസ്തി/ബാധ്യതകളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയാക്കാതിരിക്കൽ, അശാസ്ത്രീയമായ റെക്കൺസിലിയേഷൻ നടപടികൾ തുടങ്ങിയ അടിസ്ഥാനപരമായ അപാകതകൾ നിലനിൽക്കുന്നതിനാൽ സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിലൂടെ ജനറേറ്റ് ചെയ്യപ്പെടുന്ന വിവിധങ്ങളായ ധനകാര്യപത്രികൾ പ്രതിഫലിപ്പിക്കുന്ന മുന്നിരിപ്പ്/നീക്കിയിരിപ്പ് തുകകളും തൻവർഷ വരുമാന/ ചെലവ് വിവരങ്ങളും വർഷാവസാനത്തെ ആസ്തി/ബാധ്യത വിവരങ്ങളും ജനറൽ ഫണ്ടിന്റെ കണക്കാക്കലും ഓഡിറ്റിൽ പൂർണ്ണമായ ഉറപ്പോടെ സാക്ഷ്യപ്പെടുത്താൻ സാധിക്കുന്നില്ല.

## 1-1-2 നികുതി, നികുതിയേതര വരുമാനങ്ങൾക്ക് കൃത്യമായ ഡിമാന്റ് തിട്ടപ്പെടുത്തുന്നില്ല

നികുതി, നികുതിയേതര വരുമാനങ്ങൾക്ക് കൃത്യമായ ഡിമാന്റ് തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടില്ല. ഇക്കാരണത്താൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് ശരിയായ വരുമാനമല്ല പ്രതിഫലിപ്പിക്കുന്നത്. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 15(1)&(2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസ്സസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്.

## 1-1-3 മുൻസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള മുൻസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 57 പ്രകാരമുള്ള ക്യാഷ് ഫ്ലോ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ(Notes To Accounts) എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-4 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ഓരോ ഫണ്ടുകളുടെയും/ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ ചെലവ് വിവരം വേർതിരിച്ച് സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023-ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടോ എന്നതിന് വ്യക്തതയില്ല. ഓരോ സാമ്പത്തിക വർഷവും നഗരസഭ ചെലവഴിക്കുന്ന തനത് ഫണ്ട് ഉൾപ്പടെയുള്ള എല്ലാ ഫണ്ടുകളുടെയും ചെലവിന്റെ ക്യാപ്പിറ്റൽ-റവന്യൂ ഇനം തിരിച്ചുള്ള വിശദാംശം തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ഓരോ ഫണ്ടിന്റെയും ക്യാപ്പിറ്റൽ

കോൺട്രിബ്യൂഷൻ അക്കൗണ്ട് ചെയ്യേണ്ടതും സമാനമായ ആസ്തിമൂല്യം വർദ്ധിപ്പിക്കേണ്ടതും ടി വിവരത്തിന്റെ അടിസ്ഥാനത്തിലാണ് .

## 1-1-5 ആസ്തികളുടെ മൂല്യനിർണ്ണയം കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. നഗരസഭയുടെ ആസ്തിയായുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

നഗരസഭയുടെ ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും പൂർത്തിയാക്കി ആസ്തി രജിസ്റ്റർ, ആസ്തികളുടെ ലൊക്കേഷൻ പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് തുടങ്ങി ആസ്തിയെപ്പറ്റി പ്രതിപാദിക്കുന്ന എല്ലാ രേഖകളും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ തയ്യാറാക്കി 31/03/2023 വരെ കാലികമാക്കിയ ശേഷം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-6 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ടി ഗ്രാന്റുകളുടെ വരവ് ചെലവുകളുടേയും 31/03/2023-ലെ നീക്കിയിരിപ്പിന്റെയും കൃത്യത വ്യക്തമല്ല. 31/03/2023 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ 320100100 ശീർഷകത്തിലെ നീക്കിയിരിപ്പായ ₹9171826, 320809900 ശീർഷകത്തിലെ നീക്കിയിരിപ്പ് ₹2326294 എന്നിവ ഏതിനങ്ങളിൽ ലഭിച്ച ഫണ്ടാണെന്ന് വ്യക്തമല്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-7 പിൻവലിക്കാത്ത/പണമാക്കാത്ത ചെക്കുകളിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

ബാങ്ക് റീക്കൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ, യഥാസമയം പണമാക്കാത്ത ചെക്കുകൾ, യഥാസമയം പിൻവലിക്കാത്ത ചെക്കുകൾ, ബാങ്ക് അക്കൗണ്ടിൽ നിന്നും നേരിട്ട് നടക്കുന്ന വരവ് ചെലവുകൾ എന്നിവയിന്മേൽ 2007-ലെ കേരള മുൻസിപ്പൽ അക്കൗണ്ട്സ് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച്, ക്രമീകരിച്ചിട്ടില്ല എന്ന് വ്യക്തമായി.

1) കാനറാ ബാങ്ക്(തനത് ഫണ്ട്, അക്കൗണ്ട് നം-..8623) അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Issued But Not Presented Into Bank, Cheque Deposited But Not Cleared, Directly Debited By Bank, Directly Credited By Bank എന്നീ ശീർഷകങ്ങളിൽ 18.01.2021 മുതലുള്ള ചെക്കുകൾ/തുകകൾ ഉൾപ്പെട്ടിട്ടുണ്ട്. നാളിതുവരെയും ടി ചെക്കുകളും, തുകകളും സംബന്ധിച്ച് വിശദമായ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുകയോ അക്കൗണ്ട്സ് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

2)പത്തനംതിട്ട ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിന്റെ(നം. 8642) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Issued But Not Presented Into Bank , Cheque Deposited But Not Cleared By Bank, Directly Debited By Bank, Directly Credited By Bank എന്നീ ശീർഷകങ്ങളിൽ 01.01.2015 മുതലുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട്. നാളിതുവരെയും ടി ചെക്കുകളും, തുകകളും അക്കൗണ്ട്സ് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ക്രമീകരിച്ചിട്ടില്ല. മുൻപ് തനത് ഫണ്ട് സൂക്ഷിച്ചിരുന്ന ഈ അക്കൗണ്ടിൽ 31.03.23-ൽ 224834 രൂപ മാത്രമേ ശേഷിക്കുന്നുള്ളൂ.

### 1-1-8 വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ ഡിമാന്റ്,കളക്ഷൻ, ബാലൻസ് തയ്യാറാക്കിയിട്ടില്ല

വരവിനങ്ങളുടെ ഡിമാന്റ് നിർണ്ണയിച്ച് ബന്ധപ്പെട്ട രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃത്യമായ ഡിമാന്റ് ഡേറ്റാബേസ് തയ്യാറാക്കി ആധികാരികമാക്കാതെയാണ് ഡിമാന്റ് തുകകൾ വർഷാവസാനം അക്കൗണ്ട് ചെയ്തത്. വിവിധ ഡിമാന്റ് രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.

### 1-1-9 വാർഷിക ധനകാര്യപത്രികയിൽ വായ്പ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല

വാർഷിക കണക്ക് പ്രകാരമുള്ള കെ.യൂ.ആർ.ഡി.എഫ്.സി. വായ്പ നീക്കിയിരിപ്പ് തുകയും (₹65868333) യഥാർത്ഥ തുകയും തമ്മിൽ (₹ 65893332) 24999 രൂപയുടെ വ്യത്യാസമുണ്ട്.

### 1-1-10 ഡെപ്പോസിറ്റുകൾ- നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന 1.59 കോടി രൂപയുടെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല

ലേല ഡെപ്പോസിറ്റ് ഉൾപ്പടെയുള്ള വിവിധ ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് 15946900 രൂപയാണ്(ഷെഡ്യൂൾ ബി7). എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യത കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല.

### 1-1-11 ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത അനുബന്ധ രേഖകളുടെ അഭാവത്തിൽ ബോധ്യപ്പെട്ടില്ല

ഷെഡ്യൂൾ ബി-9: Other Liabilities- ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല. വിവിധ ഹെഡുകളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകകളല്ല പിന്നീട് ഒടുക്ക് വരുത്തിയിട്ടുള്ളത്.

### 1-1-12 സെക്രട്ടറിയുടെ ശമ്പളം- ബാധ്യത അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല

ഷെഡ്യൂൾ ബി-9: Other Liabilities- Gross Salary Payable- മുൻ വർഷത്തെ തുക(₹520989) തന്നെ ഈ വർഷവും ബാധ്യതയായി കാണിച്ചിരിക്കുന്നു. സെക്രട്ടറിയുടെ ശമ്പളം ഇനത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കുവാൻ ബാക്കിയുള്ള തുക കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-13 അഡ്വാൻസ് കളക്ഷൻ മുന്നിരിപ്പ് തുകകൾ തൻവർഷ വരവായി ക്രമീകരിച്ചിട്ടില്ല

Advance Collection(Profession Tax, 350410102), Advance Collection(other Taxes, 350410199), Advance Collection(other Rent, 350410499) എന്നീ ഹെഡുകളിൽ മുന്നിരിപ്പ് കാണിച്ചിരിക്കുന്ന തുക തന്നെ നീക്കിയിരിപ്പും കാണിച്ചിരിക്കുന്നു. Advance Collection(Profession Tax, 350410102)- ഹെഡിൽ 2022-23 വർഷം വ്യാപാരികളുടെ തൊഴിൽ നികുതി-അഡ്വാൻസ് ആയി പിരിച്ചെടുത്ത തുക അക്കൗണ്ട് ചെയ്തിട്ടില്ല.

**1-1-14 വാട്ടർ അതോറിറ്റി റീഫണ്ട്-ബാധ്യതയായി അക്കൗണ്ട് ചെയ്തില്ല**

പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ ഒടുക്കിയതും വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തിരികെ ലഭിച്ചതുമായ തുകകൾ ബാധ്യതയായി അക്കൗണ്ട് ചെയ്യുന്നതിന് പകരം നഗരസഭയുടെ വരവായി അക്കൗണ്ട് ചെയ്തു.

**1-1-15 റോഡ് ആസ്തികൾക്ക് ഡിപ്രീസിയേഷൻ നൽകിയിട്ടില്ല;അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല**

വാർഷിക ധനകാര്യ പത്രിക പ്രകാരം കോൺക്രീറ്റ് റോഡുകളുടെ ആകെ ആസ്തിമൂല്യം 3.61 കോടി രൂപയാണ്. എന്നാൽ ഇതിന് ഡിപ്രീസിയേഷൻ നൽകിയിട്ടില്ല. മറ്റ് ആസ്തികൾക്ക് ഡിപ്രീസിയേഷൻ അക്കൗണ്ട് (5535459 രൂപ) ചെയ്തു I-17(a) ഷെഡ്യൂളിന്റെ വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആസ്തികളുടെ മൂല്യം, കാലപ്പഴക്കം എന്നിവയുടെ ഡേറ്റ ലഭ്യമല്ലാത്തതിനാൽ ആസ്തിമൂല്യത്തിന് ആനുപാതികമായാണോ മൂല്യശോഷണം അക്കൗണ്ട് ചെയ്തത് എന്നും വ്യക്തമല്ല.

**1-1-16 പെൻഷൻ ഫണ്ട്-നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക സംബന്ധിച്ച് രേഖകൾ സൂക്ഷിച്ചിട്ടില്ല**

ബാലൻസ് ഷീറ്റിൽ 431409901-Other Receivable Current, 431409902-Other Receivable Arrear- ശീർഷകങ്ങൾ പ്രകാരം ₹3992639 ലഭിക്കാനുള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും വിശദാംശം ലഭിച്ചില്ല. പെൻഷൻ ഫണ്ട് ഇനത്തിൽ ലഭിക്കാനുള്ള തുകയാണ് ഈ ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത് എന്നാണ് ലഭ്യമാക്കിയ വിവരം. എന്നാൽ ഇത് സംബന്ധിച്ച് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കാത്തതിനാൽ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

**1-1-17 വസ്തുനികുതി, സർവ്വീസ് സെസ്സ്-കളക്ഷൻ തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല**

റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-37 പ്രകാരം Property Tax (Current) ഇനത്തിലുള്ള കളക്ഷൻ 8005747രൂപയും, Service Cess(Current) ഇനത്തിലുള്ള കളക്ഷൻ 357034 രൂപയുമാണ്. വസ്തു നികുതിയുടെ 10 ശതമാനമാണ് സർവ്വീസ് സെസ്സ്(സേവന നികുതി) ഈടാക്കുന്നതെങ്കിലും വസ്തു നികുതി, സർവ്വീസ് സെസ്സ് കളക്ഷൻ തുകകൾ അക്കൗണ്ട് ചെയ്തിരിക്കുന്നത് പരസ്പരം പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി(അരിയർ) കളക്ഷൻ അക്കൗണ്ട് ചെയ്തതിലും നീക്കിയിരിപ്പിലും ഇതേ വ്യത്യാസം നിലനിൽക്കുന്നു.

**1-1-18 മുൻകൂറുകൾ, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല**

ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

വാട്ടർ അതോറിറ്റി - 12949996

കെ.എസ്.ഇ.ബി. - 1099651

**1-1-19 റവന്യൂ ചെലവുകൾക്കായി വിനിയോഗിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ അക്കൗണ്ടിംഗ് കൃത്യമല്ല**

I-6 Revenue Grants, Contributions & Subsidies:

ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും റവന്യൂ ചെലവുകൾക്കായി വിനിയോഗിച്ച തുക റവന്യൂ ഇൻകം ആയി ഷെഡ്യൂൾ I-6 ൽ ബന്ധപ്പെട്ട ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-20 Auction Deposit- ബാധ്യത 1 കോടി രൂപ, അക്കൗണ്ടിംഗ് കൃത്യമല്ല.

മുൻ വർഷങ്ങളിൽ ഉൾപ്പടെ ലേലം ഇനത്തിൽ വരവ് വന്ന തുകകൾ ലയബിലിറ്റി ആയി 3-ൽ തുടങ്ങുന്ന ഹെഡിൽ ലേല ഡെപ്പോസിറ്റ് ആയാണ് അക്കൗണ്ട് ചെയ്തത്. വാർഷിക കണക്ക് പ്രകാരം ഈ ഇനത്തിലുള്ള അക്കൗണ്ട് നീക്കിയിരിപ്പ് 10023229 രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുമില്ല.

### 1-1-21 കാലാവധി കഴിഞ്ഞ ചെക്കുകൾ ബാധ്യതാ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

മൂന്ന് മാസത്തിലധികമായി, പണമായി മാറാത്ത തനത് ഫണ്ട് ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007(ചട്ടം 45)). ആയത് ക്രമീകരിക്കേണ്ടതാണ്.

### 1-1-22 വാർദ്ധക്യകാല പെൻഷൻ - 3.76 കോടി രൂപയുടെ വരവ് ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്തിട്ടില്ല

സേവന സോഫ്റ്റ്‌വെയർ പ്രകാരം 2022-23 വർഷം വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ 37632500 രൂപയുടെ ചെലവുണ്ട്. എന്നാൽ ഈ ചെലവ് ഇൻകം ആൻഡ് എക്സ്‌പെൻഡിച്ചർ I-6, I-14 ഷെഡ്യൂളുകളിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-23 ചെലവ് വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ അപാകത

സാംഖ്യ സോഫ്റ്റ്‌വെയറിൽ ആണ് കണക്കുകൾ തയ്യാറാക്കുന്നതെങ്കിലും സോഫ്റ്റ്‌വെയർ പ്രകാരമുള്ള വൗച്ചർ നമ്പർ രേഖപ്പെടുത്താതെ ഓരോ മാസത്തേക്കും ഉള്ള നമ്പരുകൾ മാനുവലായി ആയി വൗച്ചറുകളിൽ ചേർക്കുന്നു. ക്യാഷ്ബുക്ക്/ ബാങ്ക് ബുക്കിൽ ഉള്ള പേയ്മെന്റ് വൗച്ചർ നമ്പർ അല്ല വൗച്ചറുകളിന്മേൽ രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള എല്ലാ ചെലവുകളുടെ വൗച്ചറുകളും ക്രമമായി സൂക്ഷിക്കണമെന്നിരിക്കെ തനത് ഫണ്ടിന്റെ വൗച്ചറുകൾ മാത്രം സൂക്ഷിച്ചിരിക്കുന്നു. ചെലവുകൾ രേഖപ്പെടുത്തുന്നതിനായി ക്യാഷ് ബുക്ക് മാനുവലായി സൂക്ഷിക്കുകയും പിന്നീട് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്തു വരുന്നത്.

### 1-1-24 വാടക കുടിശ്ശിക ഈടാക്കാനുള്ളത് 49.88 ലക്ഷം, വാർഷിക കണക്കിൽ 7.81 ലക്ഷം മാത്രം

വാടക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ₹4988226 വാടക കുടിശ്ശിക ഇനത്തിൽ ഈടാക്കാനുണ്ട്. എന്നാൽ വാർഷിക കണക്ക് (ഷെഡ്യൂൾ ബി15) പ്രകാരം വാടക ഇനത്തിൽ ആകെ ഈടാക്കാനുള്ളത് ₹781478 മാത്രമാണ്

### 1-2 ബജറ്റ്

നഗരസഭയുടെ 2022-23 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്, 08.03.2022 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസാക്കുകയും വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ബജറ്റ് 17.03.2023ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം ജനറൽ കമ്മറ്റി അംഗീകാരം നൽകുകയും ചെയ്തു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | ബജറ്റ് പ്രകാരം | റസീറ്റ് ആന്റ് പേമെന്റ് പ്രകാരം | ഇൻകം ആന്റ് എക്സ്പന്റീച്ചർ പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 59220892 | 54874791 | |
| വരവ് | 819915800 | 214176468 | 227769024 |
| ആകെ | 879136692 | 269051259 | 227769024 |
| ചെലവ് | 816203200 | 180487326 | 213411273 |
| നീക്കിയിരിപ്പ് | 62933492 | 88563933 | |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീറ്റ് ആന്റ് പേമെന്റ് പ്രകാരം | ഇൻകം ആന്റ് എക്സ്പന്റീച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 54874791 | - |
| വരവ് | 214176468 | 227769024 |
| ആകെ | 269051259 | 227769024 |
| ചെലവ് | 180487326 | 213411273 |
| നീക്കിയിരിപ്പ് | 88563933 | - |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 33750000 | 33750000 | 28341308 | 5408692 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 37383000 | 37383000 | 30244852 | 7138148 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 8055292 | 9631500 | 17686792 | 8619063 | 9067729 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്), ക്യാരി ഓവർ വിഹിതം | 0 | 2334948 | 2334948 | 814550 | 1520398 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 3612308 | 6856425 | 10468733 | 5433350 | 5035383 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്), ക്യാരി ഓവർ വിഹിതം | 0 | 11711 | 11711 | 0 | 11711 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 26225000 | 26225000 | 15470758 | 10754242 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 8427000 | 8427000 | 5361874 | 3065126 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | |
| അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി | 81830 | 20003823 | 20085653 | 19766638 | 319015 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |
| ഐ.സി.ഡി.എസ്. | 2002659 | 2571964 | 4574623 | 630516 | 3944107 |
| **മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ** | | | | | |
| ശബരിമല | 4372622 | 2000000 | 6372622 | 2690552 | 3682070 |

### 1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

നഗരസഭയുടെ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള ഇടപാടുകൾ പബ്ലിക്ക് ഫൈനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം(പി.എഫ്.എം.എസ്) എന്ന പോർട്ടൽ മുഖേനയാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ പ്രോജക്കുകൾ പ്രകാരം സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഈ പോർട്ടൽ മുഖേന നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. ഇതിനായി ഗുണഭോക്താവിന്റെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ ഉൾപ്പടെയുള്ള അടിസ്ഥാന വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം ഗുണഭോക്താക്കളുടെ വിവരങ്ങൾ പി.എഫ്.എം.എസ്. പോർട്ടലിൽ രേഖപ്പെടുത്താതെ സബ്സിഡി തുക നഗരസഭയുടെ തനത് ഫണ്ട് സൂക്ഷിക്കുന്ന കാനറാ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പർ ഉൾപ്പടെയുള്ള വിശദാംശം ബാങ്കിന് നൽകി ബസ്സിഡി തുക കൈമാറുന്ന തെറ്റായ രീതി നഗരസഭയിൽ അനുവർത്തിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് പിൻവലിക്കുന്നത് തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

2) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസന ഫണ്ട് (ജനറൽ, എസ്.സി.പി.) എന്നീ ഫണ്ടിനങ്ങളുടെ മൂന്നാം ഗഡു അലോട്ട്മെന്റ് പൂർണ്ണമായും അക്കൗണ്ട് ചെയ്തിട്ടില്ല. സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വരവ് കൃത്യമായും അക്കൗണ്ട് ചെയ്യാത്തതിനാലാണ് ഈ അപാകതയുണ്ടായത്. വികസന ഫണ്ടിന്റെ സ്രോതസ്സിൽ കുറവ് ചെയ്ത തുക പ്രോജക്ട്

ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വരവിൽ(അലോട്ട്മെന്റ് ) ഉൾപ്പെട്ടിട്ടില്ല. ഇതുമൂലം വികസന ഫണ്ട്(ജനറൽ), വികസന ഫണ്ട്(എസ്.സി.പി.) എന്നിവയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിൽ ഉൾപ്പെടാത്ത തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 5013334 |
| ,, | അങ്കണവാടി അധിക വേതനം | 2102400 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1813334 |

വികസന ഫണ്ട്(ജനറൽ), വികസന ഫണ്ട്(എസ്.സി.പി), എന്നിവയുടെ യഥാർത്ഥ വരവ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 33750000 | 24308589 | 9441411 |
| വികസന ഫണ്ട്-എസ്.സി.പി | 37383000 | 31717889 | 5665111 |

3) പി.എം.എ.വൈ പദ്ധതിയ്ക്കായി ലഭിച്ച സെൻട്രൽ ഷെയർ, സ്റ്റേറ്റ് ഷെയർ എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പിന്റെ വിശദാംശം സൂക്ഷിച്ചിട്ടില്ല. പി.എം.എ.വൈ. പ്രോജക്ടിന്റെ ഫണ്ട് നിക്ഷേപിക്കുന്നതിനായി കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ 41996537 രൂപ നീക്കിയിരിപ്പുണ്ട്.

മേൽകുറിപ്പുകൾക്ക് വിധേയമായി മാത്രമാണ് ഈ റിപ്പോർട്ടിലെ അനുബന്ധം 2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗസാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

സ്ഥാപന തലത്തിൽ പരമാവധി സബ്സിഡി നിശ്ചയിച്ചിട്ടില്ല

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ ഗുണഭോക്താക്കൾക്ക് നൽകാവുന്ന

പരമാവധി സബ്സിഡിയാണ് നിശ്ചയിച്ചിട്ടുള്ളത്. പരമാവധി നിരക്കിൽ അധികരിക്കാതെ സ്ഥാപനതലത്തിൽ സബ്സിഡി തുക നിശ്ചയിക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുകയും വീതം വയ്ക്കുന്ന ഫണ്ട് ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി വിഭജിച്ച് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ നൽകുന്നതു കാരണം ഓരോ വാർഡിലുമുള്ള ഗുണഭോക്താക്കൾക്ക് വ്യത്യസ്ത നിരക്കിൽ സബ്സിഡി നൽകാൻ ഇടവരുന്നു. പ്രസ്തുത പ്രവൃത്തി ഭരണഘടനയുടെ 14-ാം ആർട്ടിക്കിൾ പ്രകാരമുള്ള സമത്വത്തിനുള്ള അവകാശം നിഷേധിക്കുന്നതിനു തുല്യമാണ്. പട്ടികജാതി വികസന ഓഫീസർ, പ്രോജക്ട് ഓഫീസർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായ പ്രോജക്ടുകളിലാണ് ഇത്തരത്തിൽ വ്യത്യസ്ത നിരക്കിൽ സബ്സിഡി നൽകിയിട്ടുള്ളത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>സബ്സിഡിയിൽ വ്യത്യസ്ത മാനദണ്ഡങ്ങൾ പാലിക്കേണ്ട പ്രോജക്ടുകൾ ഒന്നിപ്പിക്കുന്നു</u>**

കിണർനിർമ്മാണം, സൈഡ്കെട്ട് എന്നീ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് നൽകേണ്ട സബ്ഡിസി ആനുകൂല്യം വ്യത്യസ്ത രീതിയിലാണ്. വ്യത്യസ്ത രീതിയിൽ ആനുകൂല്യം നൽകേണ്ട പ്രോജക്ടുകൾ, ജനറൽ, എസ്.സി.പി. മേഖലകളിലെ പ്രോജക്ടുകൾ എന്നിവ ഒരേ പ്രോജക്ടിൻ കീഴിൽ നടപ്പാക്കുമ്പോൾ ആസൂത്രണത്തിലും നിർവ്വഹണത്തിലും തുർന്നുള്ള പരിശോധനയിലും പ്രയാസങ്ങൾ നേരിടുന്നുണ്ട്. നഗരസഭ 2022-23 വർഷം നടപ്പാക്കിയ കിണർനിർമ്മാണം, സൈഡ്കെട്ട് (പ്രോജക്ട് നം.293/23) ഇപ്രകാരമാണ് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം നൽകേണ്ട ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കിണർ നിർമ്മാണം - ജനറൽ | 17500 |
| ,, എസ്.സി.പി. | 35000 |
| കിണർ സൈഡ് കെട്ട്- ജനറൽ | 8000 |
| ,, എസ്.സി.പി. | 16000 |

വ്യത്യസ്ത മാനദണ്ഡങ്ങളും സബ്സിഡിയും പാലിച്ച് നടപ്പാക്കേണ്ട പ്രോജക്ടുകൾ വ്യത്യസ്ത പ്രോജക്ടുകളായി തന്നെ നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**<u>വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ തുക ചെലവഴിച്ചു</u>**

പ്രോജക്ടുകളിൽ ഉൾപ്പെടുത്താതെ തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചു. സ്ഥാപനത്തിലുണ്ടാകുന്ന ചെലവുകൾ പദ്ധതിയുടെ ഭാഗമാക്കാതെ നടത്തുന്നത് ക്രമപ്രകാരമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെലവിനം | തുക | ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| 1. | പുതിയ ഓഫീസ് കെട്ടിടത്തിന് DPR തയ്യാറാക്കൽ | 436384 | 452960/30.12.2022 |
| 2. | വലിയ കൊല്ലാ നെല്ലല്പാദക പാടശേഖരസമിതിയ്ക്ക് തോട് വൃത്തിയാക്കുന്നതിന് അനുവദിച്ച തുക | 20000 | 333164/02.04.2022 |
| 3. | മഞ്ഞനം കുളം പാടശേഖരത്തിൽ കൃഷിയിറക്കുന്നതിന് സജ്ജീകരണങ്ങൾ നടത്തുന്നതിന് അനുവദിച്ച തുക | 40000 | 452997/24.01.2023 |

അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

പ്രോജക്ടുകളുടെ ചെലവിന്റെ വിവരം

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 300000 | 300000 | 100.00 |
| 2 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 500000 | 500000 | 100.00 |
| 3 | കൃഷി ഓഫീസർ | 7 | 7 | 9696540 | 4443040 | 45.82 |
| 4 | സെക്രട്ടറി , നഗരസഭ | 35 | 22 | 39424294 | 18680668 | 47.38 |
| 5 | വെറ്ററിനറി സർജൻ | 7 | 6 | 3813000 | 1697000 | 44.51 |
| 6 | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 8 | 7 | 9562188 | 3087752 | 32.29 |
| 7 | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജനസെൽ | 32 | 22 | 40599162 | 13820468 | 34.04 |
| 8 | പട്ടികജാതി വികസന ഓഫീസർ | 17 | 16 | 23366301 | 17741313 | 75.93 |
| 9 | മുനിസിപ്പൽ എൻജിനീയർ | 325 | 188 | 74827855 | 28190513 | 37.72 |
| 10 | ഐ സി ഡി എസ്സ് സൂപ്പർവൈസർ | 12 | 11 | 9556106 | 6839442 | 71.57 |
| 11 | പ്രിൻസിപ്പൽ, ഗവ.ഹയർസെക്കന്ററി സ്കൂൾ | 3 | 3 | 1600000 | 1590000 | 99.38 |
| 12 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 4 | 4 | 3490752 | 2987949 | 85.60 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 346000 | 61600 | 17.80 |
| Total | | 454 | 290 | 217082198 | 100376129 | 46.05 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 81830 | 20003823 | 20085653 | 19766638 | 319015 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4,044,400 | 328 |
| വിധവാ പെൻഷൻ | 20,301,500 | 1787 |
| വാർദ്ധക്യകാല പെൻഷൻ | 37632500 | 3718 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 5,557,800 | 479 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 713,200 | 65 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2024 3.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12054/-രൂപ (പന്ത്രണ്ടായിരത്തി അമ്പത്തി നാല് ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വരുമാനങ്ങൾക്ക് കൃത്യമായ ഡിമാന്റ് തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്യാത്തിനാൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് ശരിയായ വരുമാനമല്ല പ്രതിഫലിപ്പിക്കുന്നത്. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് അസ്സസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന ചേർത്തിട്ടില്ല. 2024 ജനവരി ഒന്ന് മുതൽ കെ-സ്മാർട്ട് പദ്ധതി നിലവിൽ വന്നുവെങ്കിലും നഗരസഭയിൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഒന്നും നാളിതുവരെ ലഭിച്ചിട്ടില്ല. വസ്തു നികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാലാണ് നഗരസഭാ പരിധിയിലുള്ള പകുതിയിലധികം കെട്ടിട ഉടമകൾക്കും വസ്തുനികുതി ഓൺലൈനായി അടയ്ക്കുക, തുടങ്ങിയ സേവനങ്ങളൊന്നും കെ-സ്മാർട്ട് മുഖേന യഥാസമയം ലഭിക്കാതെ വരുന്നത്. ഒക്യുപ്പെൻസി നൽകുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി അസ്സസ്സ്മെന്റ് വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താതെ രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. 01/04/2023-ന് ശേഷമാണ് അസ്സസ്സ്മെന്റ് വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തി തുടങ്ങിയത്. നഗരസഭയിൽ വസ്തു നികുതി പിരിവിന്റെ വിശദാംശം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഡേറ്റ എൻട്രി പൂർത്തിയായ കെട്ടിടങ്ങളുടെ പോലും കൃത്യമായ വസ്തുനികുതി ഡിമാന്റ് കണക്കാക്കുവാൻ കഴിയുന്നില്ല.

22/07/2016-ലെ കൗൺസിൽ യോഗത്തിന്റെ 5-ാം നമ്പർ തീരുമാന പ്രകാരം വസ്തു നികുതിയിൻമേൽ 14% സേവന നികുതി ഈടാക്കുന്നതിനാണ് തീരുമാനമെടുത്തിരുന്നത്. എന്നാൽ നഗരസഭയിൽ 10% നിരക്കിലാണ് സേവന നികുതി ഈടാക്കിയിട്ടുള്ളത്.

സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വൗച്ചർ നമ്പർ രേഖപ്പെടുത്താതെ ഓരോ മാസത്തേക്കും ഉള്ള നമ്പരുകൾ മാനുവലായി ആയിട്ടാണ് വൗച്ചറുകളിൽ ചേർക്കുന്നത്. ക്യാഷ്ബുക്ക്/ ബാങ്ക് ബുക്കിൽ ഉള്ള പേയ്മെന്റ് വൗച്ചർ നമ്പർ അല്ല വൗച്ചറുകളിന്മേൽ രേഖപ്പെടുത്തിയിരിക്കുന്നത്. മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള എല്ലാ ചെലവുകളുടെ വൗച്ചറുകളും സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ടിന്റെ വൗച്ചറുകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ചെലവുകൾ ഉണ്ടാകുന്ന സമയം തന്നെ സാംഖ്യാ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നില്ല. അതിൽ കാലതാമസം വരുത്തുന്നുണ്ട്.

ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ടി ഗ്രാന്റുകളുടെ വരവ് ചെലവുകളുടേയും 31/03/2023-ലെ നീക്കിയിരിപ്പിന്റെയും കൃത്യത വ്യക്തമാക്കുന്ന രേഖകളില്ല. വരവിനങ്ങളുടെ ഡിമാന്റ് നിർണ്ണയിച്ച് ബന്ധപ്പെട്ട രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവിധ ഡിമാന്റ് രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ കണക്കാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യത കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല. പെൻഷൻ ഫണ്ടിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക സംബന്ധിച്ച് രേഖകൾ സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്ക് പ്രകാരം മുൻ വർഷങ്ങളിൽ ഉൾപ്പെടെ ലേലത്തിന്റെ ഡെപ്പോസിറ്റ് ആയി വരവ് വന്ന തുക ഇനത്തിൽ അക്കൗണ്ട് നീക്കിയിരിപ്പ് 10023229 രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ നഗരസഭക്ക് തുകയുടെ കൃത്യത ബോദ്ധ്യപ്പെടാനാകുന്നില്ല.

ഉപയോഗപ്രദമല്ലാത്ത 77 പൊതു കുടിവെള്ള ടാപ്പുകൾ വിച്ഛേദിക്കുന്നതിന് തീരുമാനമെടുക്കുകയും ടാപ്പുകൾ വിച്ഛേദിക്കുന്നതിന് ഡിസ്കണക്ഷൻ ഫീസ് വാട്ടർ അതോറിറ്റിയിൽ അടവാക്കുയും ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ ടാപ്പുകളുടെ എണ്ണം വാട്ടർ ചാർജ് ബില്ലിൽ നിന്നും കുറവുചെയ്തിട്ടില്ല. നഗരസഭയിൽ നടപ്പാക്കി വരുന്ന അമൃത് പദ്ധതി മുഖേന എല്ലാ വീടുകളിലും ഗാർഹിക കണക്ഷൻ നൽകി വരുന്ന സാഹചര്യത്തിൽ ടാപ്പുകളുടെ എണ്ണം പരമാവധി കുറവു ചെയ്യുന്നതിനും ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ഇതേവരെ കഴിഞ്ഞിട്ടില്ല. പ്രതിമാസ വൈദ്യുത ചാർജ് 3.42 ലക്ഷം രൂപയാണ്. ഈയിനത്തിലുള്ള പാഴ്ചെലവ് കുറയ്ക്കാൻ നടപടികളൊന്നുമില്ല.മരണപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയില്ല. ചില ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണശേഷവും ക്ഷേമപെൻഷൻ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മുൻകൂറുകൾ നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ് ചെയ്യുകയോ, തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല.

പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. ആവശ്യകത നിർണ്ണയിക്കാതെയാണ് പദ്ധതി മുഖേന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങിയത്. അവ പൂർണ്ണമായും വിതരണം ചെയ്തുമില്ല. ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗാർഹിക ഗുണഭോക്താക്കൾക്ക് വാങ്ങിയ 200 ബയോ കമ്പോസ്റ്റർ ബിന്നുകളും വിതരണം ചെയ്യാതെ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുകയാണ്. ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ച് ഗുണഭോക്തൃ വിഹിതം ഈടാക്കാതെയാണ് ബിന്നുകൾ വാങ്ങി സൂക്ഷിച്ചിരിക്കുന്നത്. ആവശ്യകത നിർണ്ണയിക്കാതെ പദ്ധതികൾ മുഖേന വാങ്ങലുകൾ നടത്തിയശേഷം അവ വിതരണം ചെയ്യാതെ തുടരുന്നത് ആഭ്യന്തര നിയന്ത്രണത്തിന്റെ അഭാവമാണ്. നഗരസഭയിൽ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുകയും വീതം വയ്ക്കുന്ന ഫണ്ട് ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി വിഭജിച്ച് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ നൽകുന്നതു കാരണം ഓരോ വാർഡിലുമുള്ള ഗുണഭോക്താക്കൾക്ക് വ്യത്യസ്ത നിരക്കിൽ സബ്സിഡി നൽകാൻ ഇടവരുന്നു. പട്ടികജാതി വികസന ഓഫീസർ, പ്രോജക്ട് ഓഫീസർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായ പ്രോജക്ടുകളിലാണ് ഇത്തരത്തിൽ വ്യത്യസ്ത നിരക്കിൽ സബ്സിഡി നൽകിയിട്ടുള്ളത്. വ്യത്യസ്ത രീതിയിൽ ആനുകൂല്യം നൽകേണ്ട പ്രോജക്ടുകൾ, ജനറൽ, എസ്.സി.പി. മേഖലകളിലെ പ്രോജക്ടുകൾ എന്നിവ ഒരേ പ്രോജക്ടിൻ കീഴിൽ നടപ്പാക്കുമ്പോൾ ആസൂത്രണത്തിലും നിർവ്വഹണത്തിലും തുടർന്നുള്ള പരിശോധനയിലും പ്രയാസങ്ങൾ നേരിടുന്നുണ്ട്. (ഉദാ - കിണർനിർമ്മാണം, സൈഡ്കെട്ട് ).

2022-23 വർഷവും മുൻവർഷവും കരാർ ഏൽപ്പിച്ച പൊതുമരാമത്ത് പ്രവൃത്തികളിൽ അസംഖ്യം എണ്ണത്തിന്റെ നിർവ്വഹണം നാളിതുവരെയും ആരംഭിച്ചിട്ടില്ല. കരാർ ഏൽപിച്ച പ്രവൃത്തികൾ

പൂർത്തീകരിക്കുന്നതിന് യാതൊരു മോണിട്ടറിംഗും നടക്കുന്നില്ല. തെരുവു വിളക്ക് അറ്റകുറ്റപ്പണിയ്ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും തെരുവു വിളക്ക് അറ്റകുറ്റപ്പണി നടത്തിയതിനുമായി തനതു ഫണ്ടിൽ നിന്ന് 9.81 ലക്ഷം രൂപ പ്രോജക്ടില്ലാതെ ചെലവഴിച്ചു. ക്ഷേമപദ്ധതികൾ ഒഴികെ മറ്റ് പദ്ധതികളുടെ ആസൂത്രണം, മോണിട്ടറിംഗ് എന്നിവയിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകാത്തതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടത്തിന്റെ അഭാവവും ആണ് പദ്ധതി നിർവ്വഹണത്തിലെ മേൽസൂചിപ്പിച്ച അപാകങ്ങൾക്ക് കാരണം.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിലേക്ക് ചുവടെ ചേർക്കുന്ന വീഴ്ചകൾ/ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

- പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പുറമ്പോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, നഗരസഭാ പ്രദേശത്തെ തോട് പുറമ്പോക്ക് ഉൾപ്പടെയുള്ള എല്ലാ കൈയ്യേറ്റ ഭൂമിയും അളന്ന് തിട്ടപ്പെടുത്തി ഒഴിപ്പിക്കൽ നടപടികൾ സ്വീരിക്കേണ്ടതുമാണ്.
- വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന് സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.
- വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വർഷാന്ത്യം ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- ജീവനക്കാർ സ്ഥലംമാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- വാർഡ് സഭകൾ ഉൾപ്പടെയുള്ള മിനിട്സുകൾ കൃത്യതയോടെയും, ചട്ടപ്രകാരവും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
- ആസ്തി രജിസ്റ്റർ കൃത്യവും കാലികവുമാക്കി സൂക്ഷിച്ചിട്ടില്ല. ആയത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
- തെരുവ് വിളക്കുകൾക്കുള്ള ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല. അതുപോലെതന്നെ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്ററും, സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററും, റിപ്പയർ രജിസ്റ്ററും കൃത്യമായി സൂക്ഷിക്കണ്ടതും, സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
- ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണത്തിന് നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് വാർഡ് സഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതാണ്.
- ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.1.2021 - 12.2.2021 | 2017-18 മുതൽ 2019-20വരെ | 26.3.2021 |
| പെർഫോമൻസ് ഓഡിറ്റ് | നഗരസഭ രൂപീകരിച്ച് നാളിതുവരെ പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല. | | |

## 1-11 വസ്തുനികുതി പരിഷ്കരണം പൂർത്തിയായില്ല, കെ-സ്മാർട്ട് സേവനം വൈകുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതിയാണ് കെ-സ്മാർട്ട് അഥവാ കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻഫർമേഷൻ. കേരളത്തിലെ എല്ലാ മുൻസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും 2024 ജനുവരി ഒന്ന് മുതൽ കെ-സ്മാർട്ട് പദ്ധതി നിലവിൽ വന്നുവെങ്കിലും പന്തളം നഗരസഭയിൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുവാൻ സാധിച്ചിരുന്നില്ല. ഈ സേവനങ്ങൾ ലഭ്യമാക്കുവാൻ സാധിക്കാതിരുന്ന കേരളത്തിലെ രണ്ട് മുൻസിപ്പാലിറ്റികളിൽ പന്തളം നഗരസഭയും ഉൾപ്പെടുന്നു. വസ്തു നികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാലാണ് നഗരസഭാ പരിധിയിലുള്ള പകുതിയിലധികം കെട്ടിട ഉടമകൾക്കും വസ്തുനികുതി ഓൺലൈനായി അടയ്ക്കുവാനോ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, കെട്ടിടത്തിന്റെ കാലപ്പഴക്കം സംബന്ധിച്ച സർട്ടിഫിക്കറ്റ് തുടങ്ങിയ സേവനങ്ങളൊന്നും കെ-സ്മാർട്ട് മുഖേന യഥാസമയം ലഭിക്കാക്കുവാനോ സാധിക്കാതെ വന്നത്.

പന്തളം നഗരസഭ രൂപം കൊണ്ടത് 2015 നവംബർ മാസത്തിലാണ്. ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ 13 റവന്യൂ വാർഡുകളാണ് ഉണ്ടായിരുന്നത്. പിന്നീട് ഇത് 23 വാർഡുകളായി പുനക്രമീകരിച്ചു. 1996-ന് ശേഷം വസ്തുനികുതി പരിഷ്കരണം സ്ഥാപനത്തിൽ നടന്നിരുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയർ 2011-12 ൽ നിലവിൽ വന്നിട്ടും ഒക്യുപ്പെൻസി നൽകുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി അസ്സസ്സ്മെന്റ് വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താതെ രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ് ചെയ്തു വന്നിരുന്നത്. 2022-23 വരെയും ഇത് തുടർന്നു വന്നു. 01/04/2023-ന് ശേഷമാണ് അസ്സസ്സ്മെന്റ് വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തി തുടങ്ങിയത്. 13 റവന്യൂ വാർഡുകൾ അടിസ്ഥാനമാക്കിയുള്ള പഴയ കെട്ടിടങ്ങളുടെ ബേസ് ഡേറ്റ എൻട്രി സഞ്ചയ സോഫ്റ്റ്‌വെയറിൽ പൂർത്തീകരിച്ചുവെങ്കിലും 23 വാർഡുകളായി പുനക്രമീകരിച്ച ശേഷം 2011 വസ്തു നികുതി പരിഷ്കരണ ഉത്തരവ് പ്രകാരം വസ്തു നികുതി പുതുക്കി ഡേറ്റ എൻട്രി നടത്തിയിരുന്നില്ലെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി നഗരസഭ അറിയിച്ചു. നഗരസഭകളിൽ വസ്തു നികുതി പരിഷ്കരണ പ്രാബല്യത്തീയതിയായി നിശ്ചയിച്ചിരുന്നത് 01/04/2016 ആണ്. നഗരസഭ രൂപീകരിച്ചതിന് ശേഷം വാർഡുകളുടെ എണ്ണം 33 ആയി പുനക്രമീകരിച്ചിരുന്നു. വസ്തു നികുതി പരിഷ്കരിക്കുന്നതിനായി 22/07/2016-ലെ 5ാം നമ്പർ തീരുമാന പ്രകാരം വസ്തു നികുതി, സേവന നികുതി നിരക്കുകൾ നിശ്ചയിച്ചുവെങ്കിലും മറ്റ് നടപടികളൊന്നും തന്നെ സമയബന്ധിതമായി നടന്നില്ല.

വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കാത്തത് നഗരസഭയ്ക്ക് വലിയ സാമ്പത്തിക നഷ്ടത്തിനിടയാക്കി എന്നു മാത്രമല്ല കേരളത്തിലെ എല്ലാ നഗരസഭകളും കെ-സ്മാർട്ട് സംവിധാനത്തിലേയ്ക്ക് മാറിയെങ്കിലും പന്തളം നഗരസഭയിൽ ഓൺലൈൻ സേവനങ്ങൾ പൂർണ്ണമായും ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ല.

## 1-11-1 കെ-സ്മാർട്ട്- നാളിതുവരെ ലഭ്യമായത് 50 ശതമാനത്തിൽ താഴെ കെട്ടിടങ്ങളുടെ വിവരം

നഗരസഭ ലഭ്യമാക്കിയ രേഖകളും സെക്രട്ടറിയുടെ മറുപടിയും പരിശോധിച്ചതിൽ 33 വാർഡുകളിലും ജീവനക്കാരെ ഉപയോഗിച്ച് കെട്ടിടങ്ങളുടെ പരിശോധന നടത്തുകയും പുതിയ നമ്പർ പ്ലേറ്റ് പതിപ്പിക്കുകയും ചെയ്തത് 2022-23 വർഷമാണ്. ഇതനുസരിച്ച് 33 വാർഡുകളിലായി ആകെ കെട്ടിടങ്ങളുടെ എണ്ണം 16864 ആണ്. ഓഡിറ്റിന് ലഭ്യമാക്കിയ ലോഗിൻ മുഖേന പരിശോധിച്ചതിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ബേസ് ഡേറ്റ എൻട്രി നടത്തി ഫോം 6 അംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നൽകിയ കെട്ടിടങ്ങളുടെ ആകെ എണ്ണം 7285 മാത്രമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് | ആകെ കെട്ടിടങ്ങളുടെ എണ്ണം | സഞ്ചയയിൽ ഫോം 6 അംഗീകരിച്ച കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | 442 | 257 |
| 2 | 492 | 224 |
| 3 | 458 | 227 |
| 4 | 553 | 217 |
| 5 | 399 | 139 |
| 6 | 625 | 324 |
| 7 | 364 | 111 |
| 8 | 425 | 172 |
| 9 | 822 | 383 |
| 10 | 465 | 234 |
| 11 | 412 | 181 |
| 12 | 573 | 281 |
| 13 | 425 | 183 |
| 14 | 482 | 233 |
| 15 | 517 | 194 |
| 16 | 394 | 154 |
| 17 | 453 | 143 |
| 18 | 451 | 228 |

| | | |
|---|---|---|
| 19 | 449 | 230 |
| 20 | 432 | 195 |
| 21 | 491 | 195 |
| 22 | 454 | 201 |
| 23 | 569 | 179 |
| 24 | 509 | 217 |
| 25 | 675 | 214 |
| 26 | 814 | 370 |
| 27 | 607 | 298 |
| 28 | 491 | 197 |
| 29 | 572 | 209 |
| 30 | 632 | 291 |
| 31 | 388 | 155 |
| 32 | 522 | 275 |
| 33 | 507 | 174 |
| | 16864 | 7285 |

ആകെ കെട്ടിടങ്ങളുടെ പകുതിയിൽ താഴെ എണ്ണത്തിന്റെ മാത്രമാണ് ഡേറ്റ എൻട്രി പൂർത്തിയാക്കി ഡിജിറ്റൽ സിഗ്നേച്ചർ നൽകിയത്. തദ്ദേശ സ്ഥാപനങ്ങൾ മുഖേനയുള്ള എല്ലാ സേവനങ്ങളും ഓൺ ലൈനായി ലഭ്യമാക്കുന്ന കെ-സ്മാർട്ട് ആപ്ലിക്കേഷൻ 01/01/2024 മുതൽ പ്രവർത്തനക്ഷമമായെങ്കിലും പന്തളം നഗരസഭയിൽ വസ്തു നികുതി ഒടുക്കുന്നതിന് സാധിച്ചിരുന്നില്ല. 22/01/2024 മുതൽ സഞ്ചയയിൽ ബേസ് ഡേറ്റ അംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നൽകിയ കെട്ടിടങ്ങളുടെ വസ്തു നികുതി ഓൺലൈനായി ഒടുക്കുന്നതിനുള്ള സൗകര്യം ലഭ്യമായിട്ടുണ്ട്. കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ ജനങ്ങൾക്ക് കെട്ടിടങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ കൃത്യമായി ലഭിക്കണമെങ്കിൽ വസ്തു നികുതി പരിഷ്കരണം പൂർത്തീകരിക്കണം. എന്നാൽ നഗരസഭയിലെ ആകെയുള്ളതിൽ പകുതിയിലധികം കെട്ടിടങ്ങളുടെ ഉടമസ്ഥർക്കും കെ-സ്മാർട്ട് മുഖേനയുള്ള സേവനങ്ങൾ ലഭ്യമാകാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ബാക്കിയുള്ള 8378 കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റ എൻട്രി നടത്തിയിട്ടുണ്ടെന്നും ആയത് ഡിജിറ്റൽ സൈൻ ചെയ്ത് കെ-സ്മാർട്ടിലേയ്ക്ക് അപ്‌ലോഡ് ചെയ്യേണ്ടതുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഡോർലോക്കിലായിരുന്ന 1105 കെട്ടിടങ്ങളുടെ വിവരശേഖരണം നടന്നുവരികയാണന്നും കെ-സ്മാർട്ട് നിലവിൽ വരുന്നതിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ് വെയർ ക്ലോസ് ചെയ്തതിനാൽ ഡേറ്റ അപ്‌ലോഡിംഗ് നടക്കുന്നില്ലെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നം. 38/24.01.24)

**1-11-2 വസ്തുനികുതി ഒടുക്കിയത് സംബന്ധിച്ച് നഗരസഭയിൽ രേഖകളില്ല**

സഞ്ചയ ഡേറ്റ എൻട്രി പൂർത്തീകരിക്കാത്തതിനാൽ നഗരസഭയിലെ വസ്തു നികുതി വാർഷിക

ഡിമാന്റ് കൃത്യമായി കണക്കാക്കുവാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. നഗരസഭകളിൽ സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ നടന്നിരുന്നില്ല. വസ്തു നികുതി ഒടുക്കിയ രസീതിന്റെ വിശദാംശം PDE(Past Data Entry) ആയി സഞ്ചയയിൽ ചേർക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ പന്തളം നഗരസഭയിൽ വസ്തു നികുതി പിരിവിന്റെ വിശദാംശം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഡേറ്റ എൻട്രി പൂർത്തിയായ കെട്ടിടങ്ങളുടെ പോലും കൃത്യമായ വസ്തുനികുതി ഡിമാന്റ് കണക്കാക്കുവാൻ കഴിയാത്ത ഗുരുതരമായ സ്ഥിതിയാണ് നിലവിലുള്ളത്. കെട്ടിട ഉടമസ്ഥർ വസ്തു നികുതി ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയാൽ മാത്രമാണ് കൃത്യമായി വസ്തു നികുതി ഡിമാന്റ് ചെയ്യാനാവുന്നത്. ഇതിനാൽ തന്നെ വസ്തു നികുതി ഒടുക്കുന്നതിനായി കെട്ടിട ഉടമസ്ഥർക്ക് ഡിമാന്റ് നോട്ടീസ് നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

## 1-11-3 വസ്തുനികുതി-കാലഹരണപ്പെട്ട് നഷ്ടമായത് ലക്ഷങ്ങൾ

01/04/2016- പ്രാബല്യത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന നികുതി പരിഷ്കരണം ഏഴ് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് കിട്ടേണ്ടിയിരുന്ന ലക്ഷക്കണക്കിന് രൂപ നഷ്ടമായി. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡേറ്റ എൻട്രി പൂർത്തീകരിക്കാത്തതിനാൽ വസ്തു നികുതി ഡിമാന്റ് കൃത്യമായി തിട്ടപ്പെടുത്തുവാൻ കഴിയാത്ത അവസ്ഥയാണ്.

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 അനുസരിച്ച് നികുതി ഈടാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ഡിമാന്റ് ചെയ്ത നികുതി ഈടാക്കുന്നതിനായി നിയമ നടപടി സ്വീകരിക്കാവുന്ന തീയതി മുതൽ മൂന്നുവർഷത്തിനകം ഈടാക്കിയില്ലെങ്കിൽ കാലഹരണപ്പെടുന്നതാണ്. കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 282 പ്രകാരം ഡിമാന്റിൽ നിന്നും ഒഴിവാക്കപ്പെട്ട നികുതിയുടെ കാര്യത്തിൽ, നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ആളുടെമേൽ നികുതി ചുമത്തേണ്ടിയിരുന്ന തീയതി മുതൽ നാലു വർഷത്തിനുള്ളിൽ ഏതൊരു സമയത്തും നികുതി ചുമത്താവുന്നതും 15 ദിവസത്തിനുള്ളിൽ ആയത് ഒടുക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്.ഇങ്ങനെ നാലുവർഷത്തിനകം നികുതി ചുമത്താത്ത പക്ഷം അതിനുശേഷമുള്ള മൂന്നുവർഷത്തിനകം നിയമാനുസൃത നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കിയില്ലെങ്കിൽ ടി് തുക കാലഹരണപ്പെടുന്നതാണ്. യഥാസമയം നടപടി കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയത് മൂലം മുൻസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുക 539(1) വകുപ്പ് പ്രകാരം കാലഹരണപ്പെടുന്ന പക്ഷം മുൻസിപ്പാലിറ്റിയ്ക്ക് നഷ്ടപ്പെട്ടതായ തുക അത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമാണോ നഷ്ടപ്പെട്ടത് എന്ന് നിയമാനുസൃത അന്വേഷണത്തിൽ ബോധ്യപ്പെടുന്ന പക്ഷം അങ്ങനെയുള്ളവരിൽ നിന്നും 12% പലിശ സഹിതം ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്(കേരള മുൻസിപ്പാലിറ്റി ആക്ട്, വകുപ്പ് 539(2)). വസ്തു നികുതി പരിഷ്കരണം യഥാസമയം നടത്തി നികുതി ഈടാക്കാതിരുന്നത് മൂലം ലക്ഷക്കണക്കിന് രൂപ കാലഹരണപ്പെട്ട് നഗരസഭയ്ക്ക് നഷ്ടമാകുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്തു.

വസ്തു നികുതി പരിഷ്കരണം യഥാസമയം നടപ്പിലാക്കാത്തത് മൂലം ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ലഭിക്കാതെ വരികയും നഗരസഭയ്ക്ക് ലക്ഷങ്ങളുടെ നികുതി നഷ്ടം സംഭവിക്കുകയും ചെയ്തു. ഈ വിഷയത്തിൽ വിശദമായ വകുപ്പ് തല അന്വേഷണത്തിന്

ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

### 1-12 സേവന നികുതി നിരക്ക് നിജപ്പെടുത്തിയതിൽ അവ്യക്തത

നഗരസഭയിൽ 01/04/2016 പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്കരണം പ്രാബല്യത്തിൽ വരുത്തുന്നതിന്റെ ഭാഗമായി വസ്തു നികുതി/സേവന നികുതി നിരക്കുകൾ നിശ്ചയിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.22) നൽകിയിരുന്നു. ആയതിന് മറുപടിയായി 22/07/2016-ലെ അടിയന്തിര കൗൺസിൽ യോഗത്തിന്റെ 5-ാം നമ്പർ തീരുമാന പ്രകാരമാണ് വസ്തുനികുതി നിരക്ക് നിശ്ചയിച്ചത് എന്നും ഇതനുസരിച്ച് വസ്തു നികുതിയിൻമേൽ 14% സേവന നികുതി ഈടാക്കുന്നതിനാണ് തീരുമാനമെടുത്തിരുന്നത് എന്നും മറുപടി നൽകി. എന്നാൽ നഗരസഭയിൽ 10% നിരക്കിലാണ് സേവന നികുതി ഈടാക്കി കാണുന്നത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ പിന്നീടുള്ള ഏതെങ്കിലും കൗൺസിൽ തീരുമാനപ്രകാരമാണോ സേവന നികുതി കുറച്ചത് എന്ന് പരിശോധിച്ച് വിശദാംശം റിപ്പോർട്ട് ചെയ്യാമെന്നും അല്ലാത്തപക്ഷം അധികമായി ഈടാക്കേണ്ട നികുതി ബന്ധപ്പെട്ട കെട്ടിട ഉടമസ്ഥരിൽ നിന്നും ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. സേവന നിരക്ക് നിശ്ചയിച്ചതിലെ അവ്യക്തത സംബന്ധിച്ച് വിശദമായി പരിശോധിച്ച് രേഖകൾ സഹിതം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-13 വസ്തു നികുതി നിർണ്ണയം-അപാകതകൾ

1)നിലവിലുണ്ടായിരുന്നതും നമ്പർ നൽകിയിട്ടുള്ളതുമായ കെട്ടിടങ്ങൾക്ക് പിന്നീട് കൂട്ടിച്ചേർക്കൽ വരുത്തുമ്പോൾ, പുതിയതായി നിർമ്മിച്ച കെട്ടിട ഭാഗത്തിന്റെ തറ വിസ്തീർണ്ണം മാത്രം കണക്കിലെടുത്ത് പുതിയ കെട്ടിട നമ്പർ നൽകി വസ്തു നികുതി നിർണ്ണയിക്കുന്നതായി കാണുന്നു. ഇതുമൂലം ഒരു കെട്ടിടത്തിന് രണ്ടു കെട്ടിട നമ്പരും അതനുസരിച്ച് വസ്തു നികുതിയും ഡിമാന്റ് ചെയ്യപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഘടനാപരമായി മാറ്റം വരാതെ കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ നിലവിലുള്ള കെട്ടിടഭാഗത്തിന് ആനുപാതിക വർദ്ധനവും പുതിയതായി നിർമ്മിച്ച കെട്ടിടഭാഗത്തിന് പുതിയനിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്.

ഉദാ. വി.ജി. ഡാനിയലിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് (VI/622, 157.8 M2) കൂട്ടിച്ചേർക്കൽ വരുത്തിയപ്പോൾ, പുതിയതായി നിർമ്മിച്ച കെട്ടിട ഭാഗത്തിന്(185.08 M2) മാത്രമായി കെട്ടിടനമ്പർ നൽകുകയും XVII/130-1, വസ്തു നികുതി നിർണ്ണയിക്കുകയും ചെയ്തു.

ഇത്തരത്തിൽ നിരവധി കെട്ടിടങ്ങൾക്കാണ് പുതിയതായി നിർമ്മിച്ച കെട്ടിട ഭാഗത്തിന്റെ തറ വിസ്തീർണ്ണം മാത്രം കണക്കിലെടുത്ത് വസ്തു നികുതി നിർണ്ണയിക്കുകയും കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുള്ളത്.

മറ്റ് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | നിലവിലുണ്ടായിരുന്ന കെട്ടിട നമ്പർ (പഴയ അസ്സസ്സ്മെന്റ് പ്രകാരം) | നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം) M2 | പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ തറ | പുതിയതായി അനുവദിച്ച കെട്ടിട നമ്പർ, തറ വിസ്തീർണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | വിസ്തീർണ്ണം M2 | |
| ശ്രീ. രാജേന്ദ്രൻ | VI/566 | 116.01 | 90.09 | XXVII/121(1)-90.09 |
| ശ്രീ. സുശീന്ദ്രൻ | VIII/380A | 103.48 | 83.11 | 12/63-1, 83.11 |
| ശ്രീ.കെ.ആർ. ഗോപിനാഥൻ | VII/886A | 33.06 | 31.98 | XXV/167 -I, 31.98 |
| ശ്രീ. അശോകൻ | 11-17(1) | 77.46 | 63.91 | X!/17-1, 63.91 |

വസ്തു നികുതി നിർണ്ണയത്തിലുണ്ടായ ഗുരുതരമായ അപാകത സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തി ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2)ശ്രീ. സിറാജ്ജുദ്ദീൻ, ശ്രീമതി ബിനീഷ ബീഗം എന്നിവരുടെ ഉടമസ്ഥതയിലുള്ള കൊമേഴ്സ്യൽ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിക്കുകയും(22-23 രണ്ടാം അർദ്ധവർഷം മുതൽ) XXVI/62(1) മുതൽ XXVI/62(5) വരെ കെട്ടിട നമ്പരുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ചതുരശ്ര മീറ്ററിന് 80 രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഒക്യുപ്പേഷൻ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 267.66 M2 ആണെങ്കിലും വസ്തു നികുതി നിർണ്ണയത്തിന് കണക്കിലെടുത്തിട്ടുള്ള തറ വിസ്തീർണ്ണം 241.32 M2 ആണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിട ഭാഗം | ഒക്യുപ്പേഷൻ സർട്ടിഫിക്കറ്റ് പ്രകാരം തറ വിസ്തീർണ്ണം | കെട്ടിട നം./വസ്തു നികുതി നിർണ്ണയിക്കാൻ കണക്കിലെടുത്ത തറ വിസ്തീർണ്ണം |
|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 123.65m2 | XXVI/62(1)- 123.65 M2 |
| ഫസ്റ്റ് ഫ്ലോർ | 123.65 M2 | 62(2)- 36.53 M2<br>62(3)- 31.67 M2<br>62(4)-28.46m2<br>62(5)-21.01 M2 |
| ഹെഡ് റൂം( രണ്ട് ടോയ്‌ലറ്റുകൾ ) | 20.36 M2 | |
| ആകെ | 267.66 M2 | 241.32 |

26.34 M2 വസ്തുനികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(47/27.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

**3) ഒക്യൂപെൻസിയുടെ അടിസ്ഥാനത്തില്ലാതെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു**

I) വാസഗൃഹത്തിന് ഒക്യൂപ്പെൻസി സാക്ഷ്യപത്രം നൽകുന്നതിനുള്ള ശ്രീ. പ്രവീൺ കുമാറിന്റെ 28/12/21-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 11/03/22-ന് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

166.57 M2 തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 10 രൂപ ക്രമത്തിൽ 2022-23 ഒന്നാം അർദ്ധവർഷം മുതൽ 1666 രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുമുണ്ട്(VIII/124(1). ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

എ)05/08/21-ൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് 11/03/22-ന് ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 2011-ലെ കേരള മുൻസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും) സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 24-ന് വ്യക്തത വരുത്തിക്കൊണ്ടുള്ള 03/05/20-ലെ RC2/100/20/ത,സ്വ.ഭ.വ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിലാണ് നിർമ്മാണം പൂർത്തീകരിച്ചത് എങ്കിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ അപ്രകാരം സാക്ഷ്യപ്പെടുത്തി 15 ദിവസത്തിനകം ഒക്യുപ്പെൻസി നൽകേണ്ടതും ഒക്യുപ്പെൻസി നൽകിയ തീയതി മുതൽ വസ്തു നികുതി ഈടാക്കേണ്ടതുമാണ്. ഈ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടായിട്ടുണ്ട്. മാത്രമല്ല 11/03/22-ന് ഒക്യുപ്പെൻസി നൽകിയ കെട്ടിടത്തിന് 2021-22 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതിന് പകരം 2022-23 സാമ്പത്തിക വർഷം മുതലാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്.

ബി) കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി മാത്രമാണ് നിർണ്ണയിച്ചിരിക്കുന്നത്. കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ 6.3 മീറ്റർ വീതിയുള്ള റോഡിന്റെ വശത്തായാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. എന്നാൽ 5 മീറ്ററോ അതിൽക്കൂടുതലോ വീതിയുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് വരുത്തേണ്ടതാണെങ്കിലും അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

2) ശ്രീ.വിൽസൺ പാപ്പിയുടെ ഉടമസ്ഥതയിലുള്ള വാസഗൃഹത്തിന് 23/08/22-ന് ഒക്യുപ്പെൻസി സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. XXIV/98(1) നമ്പർ അനുവദിച്ച ടി കെട്ടിടത്തിന് 2022-23 ഒന്നാം അർദ്ധ വർഷം മുതൽ നികുതി നിർണ്ണയിക്കുന്നതിന് പകരം 2022-23 രണ്ടാം അർദ്ധ വർഷം മുതലാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്.

4)നഗരസഭാ പരിധിക്കുള്ളിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകൾ സംബന്ധിച്ച ഒരു ഡേറ്റയും സഞ്ചയയിൽ ലഭ്യമല്ല. നഗരസഭാ പരിധിക്കുള്ളിലുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംബന്ധിച്ച വിശദാംശം ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

5) വസ്തു നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള വിമുക്ത ഭടൻമാരുടെ കെട്ടിടങ്ങൾ സംബന്ധിച്ച രേഖകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും ലഭ്യമായിട്ടില്ല.

6)വേക്കൻസി റമിഷൻ അനുവദിച്ച കെട്ടിടങ്ങൾ സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും ലഭ്യമായിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

### 1-14 വസ്തു നികുതി അസ്സസ്സ്മെന്റിൽ ഉൾപ്പെടാത്ത നിരവധി കെട്ടിടങ്ങൾ

നഗരസഭാ പരിധിയിൽ നിരവധി ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആശുപത്രി കോംപ്ലക്സിന്റെ ഭാഗമായുള്ള എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. നഗരസഭയുടെ അനുമതിയില്ലാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയുമുള്ള അനധികൃത കെട്ടിടങ്ങൾക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുമില്ല. ഉദാഹരണമായി നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന സി.എം. ഹോസ്പിറ്റലിന്റെ വസ്തുനികുതി 1993 പരിഷ്കരണ പ്രകാരം നിജപ്പെടുത്തിയതിന്റെ ബേസ് ഡേറ്റ പോലും സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല. VI/1032 A-F, VI/1032 J-K, VI/1035 എന്നീ കെട്ടിട നമ്പരുകളാണ് പഴയ കെട്ടിടങ്ങൾക്ക് നൽകിയിരിക്കുന്നത്. പുതിയ കെട്ടിടങ്ങളൊന്നും തന്നെ അസ്സസ്സ്മെന്റിൽ ഉൾപ്പെട്ടിട്ടുമില്ല. ഈ വിഷയത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല(49/27.01.24). നഗരസഭാ പരിധിയിലുള്ളതും അസ്സസ്സ്മെന്റിൽ ഉൾപ്പെടാത്തതുമായ എല്ലാ കെട്ടിടങ്ങളും കണ്ടെത്തുവാൻ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-15 തരം മാറ്റിയ ഭൂമിയിലെ കെട്ടിട നിർമ്മാണം - നിയമാനുസൃത ഫീസ് ഈടാക്കാതെ പെർമിറ്റ് അനുവദിച്ചു

സർക്കാരിലേക്ക് നിയമാനുസൃതം ഒടുക്കേണ്ട ഫീസ് ഈടാക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിനാൽ സംസ്ഥാന സർക്കാർ ഫണ്ടിന് 7.7ലക്ഷം രൂപ നഷ്ടം.

ശ്രീ ജോൺസൺ ബേബി, വിരിപ്പുകാലായിൽ വീട്ടിൽ, പൂഴിക്കാട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ പന്തളം വില്ലേജിൽ ബ്ലോക്ക് നം.3ൽ സർവ്വേ നം.187/18 ൽ ഉൾപ്പെടുന്ന ഭൂമിയിൽ വാണിജ്യാവശ്യ കെട്ടിട നിർമ്മാണം നടത്തുന്നതിന് 29.04.2023 ൽ പെർമിറ്റ് അനുവദിച്ചതിലാണ് നടപടി ക്രമങ്ങൾ പാലിക്കാതിരുന്നത് (പെർമിറ്റ് നം. 405/2023).

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടില്ലാത്ത പ്രസ്തുത ഭൂമി, അടൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 10.02.2022ലെ ബി.6-5654/2020 നം. ഉത്തരവ് പ്രകാരം സ്വഭാവ വ്യതിയാനം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ഭൂമിയുടെ ന്യായവിലയുടെ 10% ആയ 1620000രൂപയും, അപേക്ഷാ വസ്തുവിൽ നിലവിലുള്ള, 3901.91ച.മീറ്റർ വലിപ്പത്തിലുള്ള കെട്ടിടത്തിന്റെ ഫീസ് ഇനത്തിൽ 90191രൂപയും ഉൾപ്പെടെ 1710191രൂപ, ട്രഷറി ചലാൻ നം.KL022239552202122M/10.01.2022 പ്രകാരം ഒടുക്കിയിട്ടുള്ളതായി പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുണ്ട്.

അപേക്ഷയ്ക്ക് ആസ്പദമായ ഭൂമിയിൽ 3000ചതുരശ്ര അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്ന പക്ഷം, കൂടുതലായി നിർമ്മിക്കുന്ന ഒരോ ചതുരശ്ര അടിക്കും 100രൂപ നിരക്കിൽ ഫീസ് ഒടുക്കിയതിനു ശേഷം മാത്രമേ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാവൂ എന്ന് ആർഡിഒയുടെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഉത്തരവിലെ നിബന്ധന പ്രകാരം ശ്രീ ജോൺസൺ ബേബി അടയ്ക്കേണ്ട തുക ഇപ്രകാരമാണ്.

| | | |
|---|---|---|
| നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം | : | 10702 ചതുരശ്ര അടി |
| ഇളവ് | : | 3000 ചതുരശ്ര അടി |
| ഫീസ് ഈടാക്കേണ്ട വിസ്തീർണ്ണം | : | 7702 ചതുരശ്ര അടി |

| | | |
|---|---|---|
| നിരക്ക് | : | 100 /ചതുരശ്ര അടി |
| അടയ്ക്കേണ്ട തുക | : | 7702x100=770200 രൂപ |

കെട്ടിട ഉടമയിൽനിന്ന് തുക ഈടാക്കാതെയാണ് കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുള്ളത്. അതിനാൽ സംസ്ഥാന സർക്കാരിന് ഈയിനത്തിൽ 770200രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. നഗരസഭാ സെക്രട്ടറി, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങിയ സമിതിയുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ പെർമിറ്റ് അനുവദിക്കാവൂ എന്ന നിബന്ധനയും പാലിക്കപ്പെട്ടിട്ടില്ല. നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെ പെർമിറ്റ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (40/25.01.2024) നൽകി. നോട്ടപ്പിശകുമൂലമാണ് ഇപ്രകാരം അപാകത സംഭവിച്ചതെന്നും, തുക ഒടുക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് കെട്ടിട ഉടമയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-16 ക്രമവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി

ശ്രീ രാജു ഗോപിനാഥ്, തെങ്ങുവിള വടക്കേതിൽ വീട്, അമ്മകണ്ടകര എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ കുരമ്പാല വില്ലേജിൽ സർവ്വേ നം.20/2-4, 2-/2-1 ൽപ്പെട്ട സ്ഥലത്ത് നിലവിലുണ്ടായിരുന്ന XII/81(3) എന്ന കെട്ടിടത്തോടു ചേർന്ന് അനധികൃതമായി 56.9ച.മീറ്റർ വിസ്തൃതിയുള്ള വാണിജ്യാവശ്യ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നഗരസഭാ കൗൺസിലിൽ പരാതി ലഭിച്ചതിനെത്തുടർന്ന് നഗരസഭയിൽനിന്ന് കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകുകയും, കെട്ടിടം പൊളിച്ചു നീക്കുന്നതിന് അസി.എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നഗരസഭയിൽ നിലവിലുള്ള മാസ്റ്റർ പ്ലാൻ പ്രകാരം എം.സി റോഡിന് 21മീറ്ററാണ് നിർദ്ദിഷ്ട വീതിയായി നിശ്ചയിച്ചിട്ടുള്ളത്. മാസ്റ്റർ പ്ലാൻ പ്രകാരം ഒഴിച്ചിടേണ്ട സ്ഥലം കൂടി ഉപയോഗപ്പെടുത്തിയുള്ള കെട്ടിട നിർമ്മാണമായതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ ക്രമവൽക്കരണം അസാദ്ധ്യമാണ്. എന്നാൽ, അസി.എഞ്ചിനീയർ E3-7043/22-20.05.2022 നമ്പർ പ്രകാരം നിർമ്മാണം ക്രമവൽക്കരിച്ച് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടത്തിന് ഒക്യുപ്പൻസി നൽകിയതിന് 01.09.2022ൽ അസിസ്റ്റന്റ് എഞ്ചിനീയറോട് നഗരസഭാ സെക്രട്ടറി വിശദീകരണം തേടിയിട്ടുണ്ട്. ക്രമവിരുദ്ധമായി നൽകിയ പെർമിറ്റും ഒക്യുപ്പൻസി സർട്ടിഫിക്കറ്റും നാളിതുവരെ റദ്ദാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിൽ അനധികൃതമായി ഒരു സ്ഥാപനം പ്രവർത്തനം തുടർന്നുവരുന്നു. ഈ വിഷയത്തിൽ നഗരസഭ സ്വീകരിച്ച നടപടിയുടെ വിശദാംശം അറിയിക്കണമെന്ന് സെക്രട്ടറിയോട് ഓഡിറ്റ് എൻക്വയറി മുഖേന (28/22.01.2024) ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ക്രമവിരുദ്ധമായ നിർമ്മാണത്തിനെതിരെ നിയമാനുസൃത നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 പാർക്കിംഗ് ഏരിയയിൽ മാറ്റം വരുത്തി- സ്വകാര്യ ആവശ്യത്തിന് ഗേറ്റ് സ്ഥാപിച്ചു - പെർമിറ്റിൽ നിന്ന് വ്യതിചലനം

ശ്രീ എം.ജെ. റോയ് റോയ് വില്ല, തോന്നല്ലൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ പന്തളം വില്ലേജിൽ ബ്ലോക്ക് നം.3ൽ സർവ്വേ നം.171/15 ൽ ഉൾപ്പെടുന്ന ഭൂമിയിൽ നിലവിലുള്ള വാണിജ്യാവശ്യ കെട്ടിടത്തോടുചേർന്ന് കെട്ടിടനിർമ്മാണം നടത്തുന്നതിന് 69/22-23, 10.05.2022പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 310.6ച.മീറ്റർ ആണ് നിലവിലുള്ള കെട്ടിടത്തിന്റെ ബിൽറ്റ് അപ്പ് ഏരിയ. ഇതോടൊപ്പം 144.37ച.മീറ്റർ കൂടി (ആകെ 454.97ച.മീറ്റർ) നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

അപേക്ഷയോടപ്പം ഹാജരാക്കിയിട്ടുള്ള പ്ലാനിൽ, കെട്ടിടത്തിന് പുറക് വശത്തായി ആറ് കാറുകൾക്കുള്ള പാർക്കിംഗ് കാണിച്ചിട്ടുണ്ട്. സൈറ്റിൽ നേരിട്ട് നടത്തിയ പരിശോധനയിൽ, കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി കണ്ടു. എന്നാൽ പാർക്കിംഗിന് നീക്കിവച്ചിട്ടുള്ളതായി പ്ലാനിൽ കാണിച്ചിട്ടുള്ള

ഭാഗത്തേക്ക് വാഹനങ്ങൾക്ക് സുഗമമായി കടന്നുപോകുന്നതിനോ, വാഹനം തിരിക്കുന്നതിനോ സൗകര്യമില്ല. ഇത് സ്വകാര്യ ആവശ്യത്തിനുള്ള സ്ഥലമായതിനാൽ ഒരു ഗേറ്റ് സ്ഥാപിച്ച്, ടി സ്ഥലത്തേക്കുള്ള പ്രവേശനം നിയന്ത്രിച്ചിട്ടുണ്ട്. നിലവിൽ ടൂ വീലറുകൾ മാത്രമേ പാർക്കു ചെയ്യാൻ സാധിക്കൂ.

നിലവിലുള്ള വാണിജ്യാവശ്യ കെട്ടിടത്തിന്റെ ഭാഗമായുള്ള കടമുറികളുടെ മുൻവശത്ത് അനധികൃത നിർമ്മാണം നടത്തിയിട്ടുള്ളതായി കണ്ടു. ഈ ഭാഗത്ത് ടൂ വീലർ പാർക്കിംഗ് പോലും സാദ്ധ്യമല്ല.

ഈ വിഷയം ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

എംസി റോഡിൽനിന്ന് സിഎം ഹോസ്പിറ്റലിനു മുമ്പിലൂടെ കടന്നു പോകുന്ന വീതികുറഞ്ഞ റോഡിന്റെ വശത്താണ് ടി കെട്ടിടം സ്ഥിതിചെയ്യുന്നത്. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുന്ന റോഡായതിനാൽ മതിയായ പാർക്കിംഗ് ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് മാത്രം ഒക്യുപ്പൻസി നൽകുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

## 1-18 സിനിമാ കോംപ്ലക്സിൽനിന്നും വിനോദ നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാത്തതിനാൽ നഗരസഭക്ക് ലക്ഷങ്ങളുടെ നഷ്ടം

സ.ഉ (കൈ)നം. 63/2019/ത.സ്വ.ഭ.വ, തിയതി 10.06.2019 പ്രകാരം സിനിമ ടിക്കറ്റിന്മേൽ 10% വിനോദ നികുതി തദ്ദേശ ഭരണ സ്ഥാപനത്തിൽ അടക്കേണ്ടതാണെന്ന് നിർദ്ദേശിച്ചും, ജി.എസ്.റ്റി 28% ൽ നിന്ന് 18% ആയി കുറവ് ചെയ്തും ഉത്തരവായിരുന്നു. 31.08.2019ലെ സ.ഉ (കൈ) നം. 112/2019/ത.സ്വ.ഭ.വ പ്രകാരം 100 രൂപയിൽ താഴെയുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി പ്രാബല്യതിയതി 01.09.2019 ആയി നിശ്ചയിച്ചിട്ടുള്ളതുമാണ്. ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദനികുതിയിനത്തിൽ പിരിച്ച തുക തൊട്ടടുത്ത മാസം മൂന്നാം തീയതിക്കകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ 31 വരെ വിനോദനികുതിക്ക് ഇളവ് ചെയ്തു കൊടുത്തിരുന്നെങ്കിലും 01.01.2022 മുതൽ വീണ്ടും പ്രാബല്യത്തിലാക്കിയിട്ടുണ്ട്.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ത്രിലോക് സിനിമാ കോംപ്ലക്സിൽനിന്നും 12/2020 മുതൽ ഉള്ള വിനോദനികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിനനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിൽ പിരിച്ചെടുത്ത നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്ന നിർദ്ദേശമുണ്ടെങ്കിലും നിലവിൽ ടി സ്ഥാപനം ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതിനാൽ പ്രസ്തുത സ്ഥാപനം ജി.എസ്.ടി ഒടുക്കുന്നില്ല. ആയതിനാൽ നഗരസഭക്ക് വിനോദനികുതിയിനത്തിൽ നാളിതുവരെ ലഭിക്കാനുള്ള വരുമാനം സംബന്ധിച്ച യാതൊരു വിവരവും നഗരസഭയിൽ ലഭ്യമല്ല. കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് റൂൾസ് 2016 പ്രകാരം 1962 ലെ ചട്ടങ്ങളിലെ പാർട്ട് V (A) യിൽ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടിനോടൊപ്പം മാസാവസാനം ഫോറം നം.VIII A യിലുള്ള റിട്ടേണം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ ആയത് നാളിതുവരെ ഹാജരാക്കിയിട്ടില്ല. സ്ഥാപനം നികുതിവിധേയമായി പ്രവർത്തിച്ചിരുന്നുവെങ്കിൽ ഒടുക്കേണ്ടിയിരുന്ന നികുതി/ ഫീസ് എന്നിവയിൽ കുറയാത്ത തുക പിഴയായി ഈടാക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. (കേരള മുനിസിപ്പാലിറ്റി നിയമം 275(2), 511 വകുപ്പുകൾ പ്രകാരമുള്ള നാലാം പട്ടിക (സാധാരണ ശിക്ഷകൾ), 511(2) (സി) വകുപ്പ് പ്രകാരമുള്ള അഞ്ചാം പട്ടിക (തുടരുന്ന ലംഘനങ്ങൾക്കുള്ള പിഴകൾ) എന്നിവ കാണുക.

മാത്രമല്ല ടി സ്ഥാപനത്തിൽ ജോലിചെയ്യുന്നവരിൽ നിന്നും വർഷങ്ങളായി തൊഴിൽ നികുതിയും ഈടാക്കുന്നില്ല. സ്ഥാപനം അനധികൃതമായി പ്രവർത്തിക്കുന്നു എന്നത് നിയമാനുസൃതം ഒടുക്കേണ്ട നികുതി, ഫീസ് എന്നിവ ഒടുക്കാതിരിക്കുന്നതിനുള്ള ഒരു ഉപായമായി ദുരുപയോഗം ചെയ്യാവുന്നതല്ല. മേൽ

അപാകതകൾ സംബന്ധിച്ച് നഗരസഭാ സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 03, തീയതി 16/01/24) മറുപടിയായി നിലവിൽ സ്ഥാപനത്തിന് ലൈസൻസ് ഇല്ലായെന്നും, ലൈസലൻസിന് വേണ്ട എല്ലാ രേഖകളും ഹാജരാക്കി വിനോദ നികുതി ഇനത്തിലൊടുക്കേണ്ട നികുതിയും ഒടുക്കണമെന്ന് ടി തീയേറ്റർ ഉടമക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ച് വരുകയാണെന്നും, ആയതിന് ടിയാൻ നൽകിയ മറുപടി തൃപ്തികരമല്ലാത്തതും, ആയത് പ്രകാരം ടിയാനെ ഇക്കാര്യം തെര്യപ്പെടുത്തി അന്തിമ തീയതിയിൽ നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും, ടിയാൻ ഒടുക്ക വരുത്തേണ്ട വിനോദ നികുതി ഒടുക്ക വരുത്താത്തതിനാലും, രേഖകൾ ഹാജരാക്കാത്തതിനാലും ടി തീയേറ്ററുകൾ പൂട്ടുന്നതുൾപ്പെടെയുള്ള നടപടികൾ 2024 ഫെബ്രുവരി 28 ന മുൻപായി ചെയ്തു കൊള്ളുന്നതും, ടി തുക ഒടുക്കാത്ത പക്ഷം 1995 ലെ കേരള സിനിമാ റെഗുലേഷൻ ആക്ട് പ്രകാരവും, കാണികളിൽ നിന്നും പിരിച്ചെടുത്ത് വിനോദനികുതി കുടിശ്ശിക വരുത്തുകയും ധനനഷ്ടമുണ്ടാക്കുകയും ചെയ്തിട്ടുള്ളതിനാലും ടി തുക ഈടാക്കുന്നതിന് ടിയാന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും വിവരം യഥാവിധി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ത്രിലോക് സിനിമാ കോംപ്ലക്സിൽ നിന്നും 12/2020 മുതൽ പിരിച്ചെടുക്കാനുള്ള വിനോദനികുതി സംബന്ധിച്ച പരിശോധന നടത്തി, കുടിശ്ശിക ഡിമാൻഡ് വിവരങ്ങൾ തയ്യാറാക്കേണ്ടതും, സ്ഥാപനം ലൈസൻസെടുക്കുന്ന മുറയ്ക്ക് ആയത് ഈടാക്കേണ്ടതുമാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 തൊഴിൽ നികുതി പിരിവിലെ - അപാകതകൾ

നഗരസഭയുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാന സ്രോതസ്സാണ് തൊഴിൽ നികുതി. എന്നാൽ പന്തളം നഗരസഭയുടെ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല. തൊഴിൽ നികുതിയുടെ പരിശോധന പ്രകാരം ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു.

### 1-19-1 നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല

മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ കേരളാ മുനിസിപ്പാലിറ്റി ആക്ട് 249 പ്രകാരമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ നോട്ടീസു മൂലം ആവശ്യപ്പെടാൻ സെക്രട്ടറി ബാദ്ധ്യസ്ഥനാണ്. എന്നാൽ ഇപ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം. 19 തീയതി 20.01.2024)അറിയുവാൻ സാധിച്ചു. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും നഗരസഭ നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ വകുപ്പ് 250 പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 259 ലും നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ കേരളാ മുനിസിപ്പാലിറ്റി ആക്ട് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട തുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ തുടർ വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-19-2 രജിസ്റ്ററുകളും രേഖകളും അപൂർണ്ണം

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം 8-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഇപ്രകാരം വാർഡ്

തിരിച്ചുള്ള തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ഇല്ല. നഗരസഭയിൽ വരുന്ന തൊഴിൽ നികുതി രേഖപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. കണക്കിലെടുത്ത് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര് വിവരങ്ങൾ, തസ്തിക, വരുമാനം എന്നിവ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ ചില സ്ഥാപനങ്ങളുടെ പേരും ഒടുക്കിയ ആകെ തുകയും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിലെ ക്രമത്തിലല്ല സൂക്ഷിച്ചിരിക്കുന്നത്. രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന പലസ്ഥാപനങ്ങളിലെയും റിട്ടേണുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ അപാകത ചൂണ്ടകാട്ടിയപ്പോൾ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ വാർഷിക സംഗ്രഹം ഹാജരാക്കുകയാണുണ്ടായത്. ഇത് പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ഡിസിബി യുടെ വിവരം ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തനത് വർഷം | ആകെ | കുടിശ്ശിക | തനത് വർഷം | ആകെ | കുടിശ്ശിക | തനത് വർഷം | ആകെ |
| 215000 | 5250000 | 5465000 | 211393 | 5249831 | 5461224 | 3607 | 169 | 377 |

വർഷാവസാനം ഡിമാന്റ് ജനറേറ്റ് ചെയ്യുന്ന തെറ്റായ പ്രവണതയാണ് നഗരസഭ സ്വീകരിച്ചു പോരുന്നത്. ഫീൽഡ് തല പരിശോധന നടത്തി എല്ലാ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സർക്കാതിര സ്ഥാപനങ്ങളുടെയും വിവരം ശേഖരിച്ച് **ഡേറ്റാബേസ്** തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വാർഡ് തിരിച്ചുള്ള തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. ഇതു കൂടാതെ മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ കേരളാ മുനിസിപ്പാലിറ്റി ആക്ട് 249 പ്രകാരമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് സെക്രട്ടറി നോട്ടീസ് നൽകേണ്ടതും ഇപ്രകാരം നഗരസഭാ പരിധിയിൽ തൊഴിലെടുക്കുന്നവർക്കെല്ലാം തന്നെ തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19-3 അരിയർ ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല – കുടിശ്ശിക കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ സാദ്ധ്യത ഇല്ലാതാകും

നഗരസഭയുടെ 2021-22സാമ്പത്തിക വർഷം ധനകാര്യ പത്രിക പ്രകാരം തൊഴിൽനികുതി ഇനത്തിൽ യഥാക്രമം 215000 രൂപ അരിയർ തുകയായി ലഭിക്കേണ്ടതുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ സമ്പത്തിക വർഷം 211393 രൂപ പിരിച്ചെടുത്തിട്ടുണ്ട്. 2021-22 വർഷം മുതലുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ മാത്രമാണ് സ്ഥാപനത്തിലുള്ളത് അതിനു മുൻപുള്ള വർഷങ്ങളിലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിലില്ല. കുടിശ്ശിക ഇനത്തിൽ പിരിച്ചെടുത്ത തുകയുടെ ആധികാരികത ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.

കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഏതൊക്കെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി കുടിശ്ശികയാണെന്നും അവ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നഗരസഭയ്ക്ക് കഴിയാത്ത അവസ്ഥയാണ്. മാത്രമല്ല 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും. **കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ടി തുക പിരിച്ചെടുക്കാനാവാതെ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു.** ആയതിനാൽ ഈ വിഷയം സഗൗരവം കണ്ട് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-19-4 ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ആധാരമെഴുത്തുകാർ തൊഴിൽനികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. എന്നാൽ സാമ്പത്തിക വർഷത്തിലെ ഒന്നും രണ്ടും അർധ വർഷങ്ങളിൽ സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവൃത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പിന്റെ(നം. 25/ 20.01.2024) മറുപടിയിൽ വ്യക്തമാണ്. പത്തനംതിട്ട ജില്ലാ രജിസ്ട്രാർ ഓഫീസിൽ നിന്നും പന്തളം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാരുടെ പട്ടികയും, വെണ്ടർമാരുടെ പട്ടികയും ശേഖരിച്ച് തുടർ വർഷങ്ങളിൽ അവരിൽ നിന്നും തൊഴിൽ നികുതി സമയബന്ധിതമായി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സ്വകാര്യ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ചട്ടം 3(2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദർ, സഹകരണം സംഘം ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ, ബാങ്കർമാർ തുടങ്ങിയവർക്ക് നിശ്ചയിച്ച പരമാവധി അർധവാർഷിക തൊഴിൽ നികുതി 1250/- രൂപയാണ്. എന്നാൽ ഈ ഗണത്തിൽ പെടുന്ന താഴെ പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

1. നഗരസഭയിൽ വിവിധ ഭാഗങ്ങളിൽ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ
2. പെട്രോൾ,ഡീസൽ പമ്പുകൾ, സർവ്വീസ് സ്റ്റേഷൻ എന്നിവ നടത്തുവർ
3. ടൂറിസ്റ്റ് ടാക്സി കാറുകൾ, ബസുകൾ എന്നിവയുടെ ഉടമസ്ഥർ

എന്നാൽ മേൽ പ്രകാരം പരാമർശിച്ചവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനുള്ള വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 25 തീയതി 20.01.2024) മേൽ പരാമർശിച്ചിരിക്കുന്നവരിൽ നിന്നും നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. പരാമർശിച്ചിരിക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി സമയബന്ധിതമായി ലിസ്റ്റ് തയ്യാറാക്കി ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിലേക്ക് ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണ്.

## 1-19-5 നഗരസഭയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്തവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം നഗരസഭാ പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് വിവരങ്ങൾ |
|---|---|
| 1 | ഉണ്ണികൃഷ്ണൻ നായർ |
| 2 | ഇ. വി. ഗിരിധർ ഇളയിനേത്ത് വടക്കേതിൽ കുടശ്ശനാട് |
| 3 | വിജയകുമാർ വടശ്ശേരിക്കുന്നിൽ |
| 4 | രവീന്ദ്രൻ നായർ രജനി ഭവനം |
| 5 | രാജശേഖരകുറിപ്പ് ശിവശൈലം |

| | |
|---|---|
| 6 | സുരേഷ്കുമാർ കെ. കിഴക്കേവീട്ടിൽ |
| 7 | ഉണ്ണികൃഷ്ണൻ കെ. കോയിക്കാര്യം |
| 8 | കെ. എൻ. പ്രസന്നകുമാർ കുന്നിക്കുഴിൽ |
| 9 | കെ. വി. സുദിൻ കൃഷ്ണവിലാസം |
| 10 | റിനീഷ് റീനമൻസിൽ |
| 11 | സുമ സജി കൊച്ചുതുണ്ടിൽ |
| 12 | കെ. പി. സുരേന്ദ്രൻ സുമേഷ് സദനം |
| 13 | ബിനോയ് വർഗ്ഗീസ് സ്നേഹഭവൻ |
| 14 | സുരേഷ് കുമാർ പി. ജി. പഴയാറ്റികിഴക്കേതിൽ |
| 15 | ഷാജി കളിലുവിളക്കേതിൽ |
| 16 | രതീഷ് കുമാർ എൻ. അദ്വൈതം |
| 17 | ഹാരീസ് എച്ച്. ചിന്നാൻവീട് |
| 18 | എം. ബി. ബിനുകുമാർ മുകടിയിൽ തെക്കേതിൽ |
| 19 | രാജശ്രീ പി.ആർ. പാറയിരിക്കുന്നതിൽ |
| 20 | വേണു കെ.ഡി. ലേഖാഭവനം |
| 21 | രതീഷ് കുമാർ ആർ. രാജേഷ് ഭവൻ |
| 22 | ശരവൺ ആർ. നാഥ് പറങ്ങാട്ട് വടക്കേതിൽ |
| 23 | വിജയകുമാർ വി. കെ. |

മേൽപ്പറഞ്ഞ കരാറുകാർ നാളിതുവരെ നഗരസഭയിൽ തൊഴിൽ നികുതി അടച്ചതായി രേഖകളില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം നഗരസഭയിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

## 1-20 നഗരസഭ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക കുടിശ്ശിക 49.88 ലക്ഷം രൂപ പിരിച്ചെടുത്തിട്ടില്ല

പന്തളം നഗരസഭയുടെ ഉടമസ്ഥതയിലുള്ള നഗരസഭ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ പല കടമുറികളുടെയും വാടക വർഷങ്ങളായി കുടിശ്ശികയാണ്. കോവിഡ് കാലത്തെ 8 മാസങ്ങളിലെ വാടക ഇളവ് അനുവദിച്ചതിന് ശേഷമുള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കട നം,<br>ലൈസൻസിയുടെ വിവരം | നിലവിലെ പ്രതിമാസ വാടക | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 2<br>സതീഷ്, ഗീതസതീഷ്,<br>പൊയ്കയിൽ വീട്, പാറ്റൂർ | 130805+<br>2486<br>(ജിഎസ്.റ്റി) | 04/2018 മുതൽ<br>12/2023 വരെ | 792538 |
| 2 | 3<br>അഹമ്മദ് ബഷീർ,<br>കുടത്തിനാൽകിഴക്കേതിൽ<br>തോന്നല്ലൂർ | 16037+<br>2888<br>(ജിഎസ്.റ്റി) | 09/2021 മുതൽ<br>12/2023 വരെ | 347964 |

| | | | | |
|---|---|---|---|---|
| 3 | 4<br>കെ.എൻ.പ്രസന്നകുമാർ<br>കുന്നകുഴിയിൽ, മങ്ങാരം | 2734+<br>492<br>(ജിഎസ്.റ്റി) | 05/2020 മുതൽ<br>12/2023 വരെ | 92144 |
| 4 | 7<br>നാസർ റാവുത്തർ<br>ഉളമയിൽ, തോന്നല്ലൂർ | 12821+<br>2308<br>(ജിഎസ്.റ്റി) | 01/2019മുതൽ<br>12/2023 വരെ | 629008 |
| 5 | 8<br>നാസർ റാവുത്തർ<br>ഷംസുനിവാസ്, കടയ്ക്കാട് | 13799+<br>2484<br>(ജിഎസ്.റ്റി) | 09/2020 മുതൽ<br>12/2023 വരെ | 240866 |
| 6 | 11<br>ഫക്കീർ മുഹമ്മദ് എം<br>മൂപ്പരുവീട്ടിൽ,മങ്ങാരം | 7407+<br>1332<br>(ജിഎസ്.റ്റി) | 10/2022മുതൽ<br>12/2023 വരെ | 75414 |
| 7 | 12<br>ബാലകൃഷ്ണപിള്ള<br>കൃഷ്ണാഞ്ജലി,പൊൻകുന്നം | 7405+<br>1332<br>(ജിഎസ്.റ്റി) | 10/2022 മുതൽ<br>12/2023 വരെ | 75404 |
| 8 | 13<br>ഷാനവാസ് ഖാൻ<br>അരുൺനിവാസ്, വാസിംമൻസിൽ,<br>മങ്ങാരം | 7404+<br>1332<br>(ജിഎസ്.റ്റി) | 04/2019 മുതൽ<br>12/2023 വരെ | 337365 |
| 9 | 14<br>നിസ്സാം,<br>മഠത്തിൽ വീട്, മൻസൂർ മൻസിൽ,<br>തോന്നല്ലൂർ | 7404+<br>1332<br>(ജിഎസ്.റ്റി) | 04/2021മുതൽ<br>12/2023 വരെ | 175992 |
| 10 | 15<br>ഫാത്തിമ/ഫസീല<br>കാക്കക്കുഴിയിൽ, തോന്നല്ലൂർ | 9131+<br>1644<br>(ജിഎസ്.റ്റി) | 11/2021മുതൽ<br>12/2023 വരെ | 185156 |
| 11 | 16<br>അബ്ദുൾ സലാം<br>നെടിയമണ്ണിൽദാറുൽസലാം<br>തോന്നല്ലൂർ | 9131+<br>1644<br>(ജിഎസ്.റ്റി) | 04/2020മുതൽ<br>12/2023 വരെ | 316341 |
| 12 | 17<br>കാസിംറാവുത്തർ<br>ഇലവുങ്കൽപറമ്പിൽ, മങ്ങാരം | 7053+<br>1270<br>(ജിഎസ്.റ്റി) | 12/2018മുതൽ<br>12/2023 വരെ | 347235 |
| 13 | 18<br>സത്താർ,<br>മഠത്തിൽവീട്, തോന്നല്ലൂർ | 9123+<br>1642<br>(ജിഎസ്.റ്റി) | 04/2019 മുതൽ<br>12/2023 വരെ | 397402 |

| | | | | |
|---|---|---|---|---|
| 14 | 19<br>ഗോപാലപിള്ള,<br>ശ്രീഭവൻ, കുരമ്പാല | 9864+<br>1776<br>(ജിഎസ്.റ്റി) | 12/2022 മുതൽ<br>12/2023 വരെ | 78272 |
| 15 | 20<br>സൈനുദ്ദീൻ റാവുത്തർ.<br>കോടാലിപറമ്പിൽ, നെടിയമണ്ണിൽ | 2894+<br>520<br>(ജിഎസ്.റ്റി) | 03/2023മുതൽ<br>12/2023 വരെ | 48972 |
| 16 | 36<br>അബ്ദുൾജബ്ബാർ<br>ഉളയമഠംതാഴേതിൽ,തോന്നല്ലൂർ | 3642+<br>656<br>(ജിഎസ്.റ്റി) | 11/2022മുതൽ<br>12/2023 വരെ | 32992 |
| 17 | 37<br>ഇബ്രാഹിം റാവുത്തർ<br>തേവാലയിൽ, മങ്ങാരം | 1736+<br>312<br>(ജിഎസ്.റ്റി) | 04/2020 മുതൽ<br>12/2023 വരെ | 58972 |
| 18 | 38<br>ഷാജഹാൻ,<br>തേവാലയിൽ, മങ്ങാരം | 2491+<br>448<br>(ജിഎസ്.റ്റി) | 07/2021 മുതൽ<br>12/2023 വരെ | 51154 |
| 19 | 39<br>സൈനുദ്ദീൻറാവുത്തർ<br>കോടാലിപറമ്പിൽ<br>നെടിയമണ്ണിൽ | 1736+<br>312<br>(ജിഎസ്.റ്റി) | 04/2021 മുതൽ<br>12/2023 വരെ | 37788 |
| 20 | 40<br>നസീമ,<br>ജബ്ബാർമൻസിൽ, തോന്നല്ലൂർ | 3063+<br>526<br>(ജിഎസ്.റ്റി) | 04/2019 മുതൽ<br>12/2023 വരെ | 104058 |
| 21 | 43<br>രവീന്ദ്രൻ നായർ<br>കിഴക്കേമണ്ണിൽ, മങ്ങാരം | 3223+<br>580<br>(ജിഎസ്.റ്റി) | 04/2020 മുതൽ<br>12/2023 വരെ | 109464 |
| 22 | 44<br>ഷാജുദ്ദീൻ,നാസർ റാവുത്തർ<br>മേലൂട്ടിൽ, കടയ്ക്കാട് | 3331+<br>600<br>(ജിഎസ്.റ്റി) | 04/2021 മുതൽ<br>12/2023 വരെ | 79160 |
| 23 | 45<br>പുഷ്പലത, വാസുദേവൻ<br>നിർമ്മാല്യം, മുടിയൂർകോണം | 3216+<br>578<br>(ജിഎസ്.റ്റി) | 10/2022 മുതൽ<br>12/2023 വരെ | 32746 |
| 24 | 46<br>സത്താർ,<br>മഠത്തിൽവീട് തോന്നല്ലൂർ | 3214+<br>578<br>(ജിഎസ്.റ്റി) | 04/2019 മുതൽ<br>12/2023 വരെ | 146404 |
| 25 | 51<br>അൻസാരി750px | 3296+<br>594 | 04/2022മുതൽ<br>12/2023 വരെ | 55816 |

| | | | | |
|---|---|---|---|---|
| | ചാല്യംപാട്ട്,തോന്നല്ലൂർ | (ജിഎസ്.റ്റി) | | |
| 26 | 52<br>എച്ച്.എം. ബഷീർ, അനീഷ് എം<br>സെയ്ത്താമൻസിൽ, കടയ്ക്കാട് | 5173+<br>932<br>(ജിഎസ്.റ്റി) | 10/2022മുതൽ<br>12/2023 വരെ | 52680 |
| 27 | 55<br>സെനബാബീവി,<br>കുടത്തിനാൽകിഴക്കേതിൽ<br>തോന്നല്ലൂർ | 6412+<br>1154<br>(ജിഎസ്.റ്റി) | 07/2022മുതൽ<br>12/2023 വരെ | 86919 |
| | ആകെ | | | 4988226 |

വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാടകക്കാരുമായി ചമച്ച കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. വാടക രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-21 ലോൺ എടുത്ത 60.96 ലക്ഷം രൂപ നിഷ്ക്രിയ നിക്ഷേപമായി പലിശ രഹിത അക്കൗണ്ടിൽ

പി.എം.എ.വൈ പദ്ധതിയ്ക്കായി നഗരസഭ ലോൺ എടുത്ത 60.96 ലക്ഷം രൂപ വർഷങ്ങളായി വിനിയോഗിക്കാതെ പലിശ രഹിത ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുകയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ-യിലുള്ള KURDFC Loan അക്കൗണ്ടിലാണ്(നം. 38098167704) 6096513 രൂപ നീക്കിയിരിപ്പുള്ളത്. ഈ തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുമ്പോഴും 2022-23 വർഷം 2.62 കോടി രൂപ പി.എം.എ.വൈ പദ്ധതിയ്ക്കായി KURDFC ലോൺ എടുത്തിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ-യിലുള്ള KURDFC Loan അക്കൗണ്ടിന്റെ(നം. 38098167704) ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 2022 മുതൽ നാളിതുവരെ ഈ അക്കൗണ്ടിൽ നിന്നും ഇടപാടുകൾ ഒന്നും നടന്നിട്ടില്ല എന്നും വ്യക്തമായി. മാത്രമല്ല ഇതൊരു പലിശ രഹിത അക്കൗണ്ടുമാണ്(Current Account). ലോൺ തുക വർഷങ്ങളായി പലിശരഹിത അക്കൗണ്ടിൽ ശേഷിച്ചത് നഗരസഭയുടെ മോശം ധനമാനേജ്മെന്റിന് ഉദാഹരണമാണിത്. ലോൺ തുക(60.96 ലക്ഷം രൂപ) പലിശ രഹിത അക്കൗണ്ടിൽ വർഷങ്ങളായി സൂക്ഷിച്ചതിന്റെ കാരണവും ഈ തുക ഉപയോഗിക്കാതെ വീണ്ടും ലോൺ എടുക്കാനിടയായ സാഹചര്യവും വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(34/24.01.23) നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിര ഭരണതല നടപടികൾ സ്വീകരിച്ച് വിശദാംശം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-22 വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് സമയബന്ധിതമായി ചെലവഴിച്ചില്ല-ലാപ്സായത് 2.79 കോടി രൂപ

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ സമയബന്ധിതമായി വിനിയോഗിക്കാത്തത് മൂലം തൻ വർഷം ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 27886606രൂപ നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. 15.07.2021ലെ സ.ഉ.(കൈ)നം.79/2021/ധന പ്രകാരം 2021-22 മുതൽ സാമ്പത്തിക വർഷം

അനുവദിക്കുന്ന വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതി നൽകിയിരുന്നു. കൂടാതെ, എസ്.സി.പി/ടി.എസ്.പി ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ പൊതുവിഭാഗ വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ 2022-23 വർഷം മുൻ വർഷത്തെ ക്യാരി ഓവർ വിഹിതം അനുവദിച്ചിരുന്നില്ല. 2022-23 വർഷത്തെ ക്യാരി ഓവർ വിഹിതവും നാളിതുവരെ അനുവദിക്കാത്തതിനാൽ ചെലവഴിക്കാതെ ശേഷിച്ച തുക ലാപ്സായ സ്ഥിതിയാണുള്ളത്. സമയബന്ധിതമായി ഫണ്ട് ചെലവഴിക്കാത്തതിനാൽ 2022-23 വർഷം നഗരസഭയ്ക്ക് നഷ്ടപ്പെട്ട തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 33750000 | 33750000 | 28341308 | 5408692 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 37383000 | 37383000 | 30244852 | 7138148 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്), ക്യാരി ഓവർ വിഹിതം | 0 | 2334948 | 2334948 | 814550 | 1520398 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 26225000 | 26225000 | 15470758 | 10754242 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 8427000 | 8427000 | 5361874 | 3065126 |
| ആകെ | | | | | 27886606 |

മെയിന്റനൻസ് ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കുന്നതിൻ വലിയ അനാസ്ഥ ഉണ്ടായിട്ടുണ്ട്. റോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിൽ മാത്രം 1.07 കോടി രൂപ നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. ഈ വിഷയം അടിയന്തിര ഭരണതല നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-23 ധനകാര്യ കമ്മീഷൻ ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. 2022-23 വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഒന്നാം ഗഡു മാത്രമാണ് നഗരസഭയുടെ അക്കൗണ്ടിൽ ക്രഡിറ്റ് വന്നത്. 2022-23 വർഷത്തെ രണ്ടാം ഗഡു 4/23-ൽ മാത്രമാണ് ക്രഡിറ്റ് ചെയ്തത്. എന്നാൽ പോലും ലഭ്യമായ ഫണ്ടിന്റെ 50% -ൽ താഴെ മാത്രമാണ് സാമ്പത്തിക വർഷം ചെലവഴിക്കുവാൻ സാധിച്ചത്. 2020-21 വർഷം അനുവദിച്ച ഗ്രാന്റിൽ ചെലവഴിക്കാതെ ശേഷിച്ച തുക 2022-23 വർഷം വീണ്ടും അനുവദിച്ചെങ്കിലും 34% മാത്രമേ

ചെലവഴിക്കുവാൻ സാധിച്ചുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 8055292 | 9631500 | 17686792 | 8619063 | 48.73% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 3612308 | 6856425 | 10468733 | 5433350 | 51.9% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്), ക്യാരി ഓവർ വിഹിതം | 0 | 2334948 | 2334948 | 814550 | 34.88% |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്ന വർഷം തന്നെ വിനിയോഗിക്കുവാൻ കഴിയുന്ന രീതിയിൽ പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-24 സ്ഥിര നിക്ഷേപം യഥാസമയം പുതുക്കിയില്ല

പത്തനംതിട്ട ജില്ലാ കോപ്പറേറ്റീവ് ബാങ്ക്, പന്തളം ശാഖയിൽ നഗരസഭാ സെക്രട്ടറിയുടെ പേരിൽ 50,00,000 രൂപ 01/06/2018-ൽ സ്ഥിര നിക്ഷേപം നടത്തിയിരുന്നു(01/06/2018-29.11.2018). പിന്നീട് വാർഷികമായി പുതുക്കിയിരുന്ന നിക്ഷേപം 03/12/23-ന് പുതുക്കി നിക്ഷേപിക്കേണ്ടതായിരുന്നു. യഥാസമയം സ്ഥിരനിക്ഷേപം പുതുക്കാത്തത് ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി(11/18.01.24) നൽകിയതിനെ തുടർന്ന് നിക്ഷേപം പുതുക്കിയതിന്റെ രേഖകൾ സഹിതം മറുപടി നൽകിയിട്ടുണ്ട്. സ്ഥിര നിക്ഷേപം പുതുക്കുന്നതിന് കാലതാമസം വന്നതിനാൽ 03.12.23-ൽ ക്രെഡിറ്റിൽ വരേണ്ട പലിശ 19.01.24-ലാണ് ക്രെഡിറ്റ് ചെയ്തത്. ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കി ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാനാവശ്യമായ ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ടാപ്പുകളുടെ എണ്ണം വർദ്ധിച്ചു - പ്രതിമാസ വെള്ളക്കരം 11.37 ലക്ഷം രൂപ

നഗരസഭയിലെ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തിയതിൽ ടാപ്പുകളുടെ എണ്ണം 449 ൽ നിന്ന് 625 ആയി ഉയർന്നു. സംയുക്തപരിശോധന നടത്തുന്നതിന് മുൻപ് 817143 രൂപയായിരുന്ന വെള്ളക്കരം നിലവിൽ 1137448 രൂപയാണ്. പ്രതിമാസ വെള്ളക്കരം 320305 രൂപ വർദ്ധിച്ചു.

കൗൺസിലിന്റെ 11.08.2023 ലെ 6/1 തീരുമാന പ്രകാരം ഉപയോഗപ്രദമല്ലാത്ത 77 ടാപ്പുകൾ വിച്ഛേദിക്കുന്നതിന് തീരുമാനമെടുക്കുകയും ടാപ്പുകൾ വിച്ഛേദിക്കുന്നതിന് ഡിസ്കണക്ഷൻ ഫീസായി 104400 രൂപ (ചെക്ക് നമ്പർ 747910, തീയതി 17.10.2023) വാട്ടർ അതോറിറ്റിയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ടാപ്പുകളുടെ എണ്ണം വാട്ടർ ചാർജ് ബില്ലിൽ നിന്നും കുറവുചെയ്തിട്ടില്ല. ഡിസ്കണക്ഷൻ ഫീസ് അടച്ച 77 ടാപ്പുകളുടെ വാട്ടർ ചാർജ് തുക ബില്ലിൽ നിന്നും കുറവു വരുത്തുന്നതിനും

മുൻ ബില്ലുകളിൽ അധികം നൽകിയ തുക വരും മാസങ്ങളിലെ ബില്ലുകളിൽ നിന്നും ക്രമീകരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയിൽ നടപ്പാക്കി വരുന്ന അമൃത് പദ്ധതി മുഖേന എല്ലാ വീടുകളിലും ഗാർഹിക കണക്ഷൻ നൽകി വരുന്ന സാഹചര്യത്തിൽ ടാപ്പുകളുടെ എണ്ണം പരമാവധി കുറവു ചെയ്യുന്നതിനും ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടാപ്പുകളുടെ എണ്ണം കുറവുചെയ്യുന്നതിനനുസൃതമായി സേവിംഗ്സ് തുക മറ്റ് അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിന് വിനിയോഗിക്കാവുന്നതാണ്. ഈ വിഷയത്തിൽ ധനകാര്യ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-26 തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല – പ്രതിമാസ വൈദ്യുത ചാർജ് 3.42 ലക്ഷം രൂപ

തെരുവുവിളക്കുകളുടെ കറന്റ് ചാർജായി കൺസ്യൂമർ നമ്പർ 1146147000362 പ്രകാരം നിലവിൽ (1/2024 ലെ ബിൽ പ്രകാരം) 342992 രൂപയാണ് പ്രതിമാസ വൈദ്യുതബില്ലായി പന്തളം കെ എസ്സ് ഇ ബി സെക്ഷനിൽ അടവാക്കുന്നത് .തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് 07.07.2010 ലെ 3742/ഡി.സി.3/2010/തസ്വഭവ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾ ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

വൈദ്യുത വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (9/18.01.2024) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. പ്രവർത്തിക്കാത്ത വിളക്കുകൾക്കും വൈദ്യുതചാർജ് അടവാക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്.

മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തി വൈദ്യുതചാർജ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 മരണപ്പെട്ടവർക്ക് പെൻഷൻ നൽകിയത് തിരികെ ഈടാക്കിയില്ല

ക്ഷേമപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ, മരണപ്പെട്ട 16 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണശേഷവും ക്ഷേമപെൻഷൻ ക്രെഡിറ്റ് ചെയ്തതായി വ്യക്തമായി. ടിയാളുകളുടെ അക്കൗണ്ടുകളിലേക്കുള്ള ക്ഷേമപെൻഷൻ വിതരണം സസ്പെന്റ് ചെയ്തിട്ടുണ്ട്. മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | പെൻഷണർ ഐ ഡി | പെൻഷനറുടെ പേരും വിലാസവും | മരണപ്പെട്ട തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | തുക അധികം കൈപ്പറ്റിയ കാലയളവ് | അധികം കൈപ്പറ്റിയ തുക തിരികെ ഈടാക്കാനുള്ളത് |
|---|---|---|---|---|---|---|
| 1. | 112610200713 | ജാനമ്മ | 04.12.2022 | | 1/2023 - 06/2023 | 9600 |
| 2. | 104150200485 | തോമസ് വർഗ്ഗീസ് | 26.02.2023 | 05.03.2023 | 3/2023-6/2023 | 6400 |
| 3. | 104150600856 | ശാന്ത | 03.01.2023 | 11.01.2023 | 2/2023 | 1600 |
| 4. | 104150200713 | സരോജനിയമ്മ | 29.12.2022 | 18.01.2023 | 1/2023-4/2023 | 6400 |
| 5. | 112610202451 | രാജമ്മ റ്റി | 08.01.2023 | 02.02.2023 | 2/2023- | 4800 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 4/2023 | |
| 6. | 104150201668 | രാജൻ കെ സി | 04.01.2023 | 10.02.2023 | 3/2023-4/2023 | 3200 |
| 7. | 104150200307 | ജാനകിയമ്മ | 24.01.2023 | 16.02.2023 | 3/2023-6/2023 | 4800 |
| 8. | 112610200553 | സുകുമാരൻ നായർ | 28.01.2023 | 16.02.2023 | 2/2023-6/2023 | 3000 |
| 9. | 104150201086 | സുബൈദാ ബീവി | 25.01.2023 | 16.02.2023 | 2/2023-4/2023 | 4800 |
| 10. | 104150200485 | തോമസ് വർഗ്ഗീസ് | 26.02.2023 | 05.03.2023 | 3/2023-6/2023 | 6400 |
| 11. | 112610200725 | ബേബി.കെ.കെ | 27.02.2023 | 08.03.2023 | 3/2023-6/2023 | 1800 |
| 12. | 112610200706 | വിജയകുമാർ | 02.03.2023 | 08.03.2023 | 3/2023-6/2023 | 6400 |
| 13. | 112610203167 | തങ്കപ്പൻ | 18.02.2023 | 09.03.2023 | 3/2023-6/2023 | 6400 |
| 14. | 104150600876 | രാധാമണിമ്മ കെ | 22.03.2023 | 03/04/2023 | 5/2023-6/2023 | 3200 |
| 15. | 104150201719 | പരമേശ്വരൻപിള്ള കെ | 02/04/2023 | 03/05/2023 | 5/2023-6/2023 | 3200 |
| 16. | 104150200832 | അമ്മിണി ശാമുവേൽ | 24/04/2023 | 03/05/2023 | 5/2023-6/2023 | 3200 |
| | | | | | | 75200 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/27.01.2024) മറുപടി ലഭ്യമാക്കിയില്ല. അനർഹമായി നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-28 മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയില്ല. പെൻഷൻ വിതരണം തുടരുന്നു

മരണപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയില്ല. ചില ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണശേഷവും ക്ഷേമപെൻഷൻ ക്രെഡിറ്റ് ചെയ്തതായി കാണുന്നു. മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കാത്തതിന്റെയും മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം നടത്തിയതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| | പെൻഷണർ ഐ ഡി | പെൻഷനറുടെ പേരും വിലാസവും | മരണപ്പെട്ട തീയതി | തുക അധികം കൈപ്പറ്റിയ കാലയളവ് | അധികം കൈപ്പറ്റിയ തുക തിരികെ ഈടാക്കാനുള്ളത് |
|---|---|---|---|---|---|
| 1. | 112610203319 | ഓമനയമ്മ എം.ജി | 21.07.2023 | 8/2023 | 1600 |
| 2. | 104150601131 | തങ്കമ്മ | 23.07.2023 | - | - |

| | | | | | |
|---|---|---|---|---|---|
| 3. | 10415060100 | ഓമനയമ്മ | 26.07.2023 | 8/2023 | 1300 |
| 4. | 104150201211 | പി.ഡി.ബേബി(മരണം രജിസ്റ്റർ ചെയ്തത് മാത്യു എന്ന പേരിൽ.) | 24.07.2023 | 8/2023 | 1600 |
| 5. | 104150201182 | ലില്ലിക്കുട്ടി യോഹന്നാൻ | 18.07.2023 | 8/20 | 1400 |
| 6. | 112610202546 | കൊച്ചുകുഞ്ഞ് | 27.07.2023 | - | - |
| 7. | 112610200845 | തങ്കമ്മ | 17.07.2023 | 8/2023 | 1100 |
| 8. | 104150201511 | ഗോപാലപിള്ള | 29.07.2023 | 8/2023 | 600 |
| 9. | 112610203241 | സ്റ്റാൻലി | 18/03/2023 | 4/2023-8/2023 | 8000 |

മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് 05.11.2020-ലെ സർക്കുലർ നം.67/2020/ധന. പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ് . സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. മറ്റ് തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണം സംബന്ധിച്ച വിവരം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ പെൻഷൻ നിർത്തപ്പെടേണ്ടതാണ് (22/09/2017-ലെ എസ്.എഫ്.സി.ബി1/71/2017/ധന നമ്പർ സർക്കുലർ). എന്നാൽ നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പോലും പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നതിന് അധികൃതർ ശ്രദ്ധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 42/27.01.2024), മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയതായി 06.02.2024 ലെ ജി3- 2276/2023 കത്ത് പ്രകാരം അറിയിച്ചു.

മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകകൾ അവരുടെ അനന്തരവകാശികളിൽനിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 മുൻകൂർനൽകിയത് ക്രമീകരിച്ചില്ല

നഗരസഭയിലെ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകിയ മുൻകൂറുകൾ സമയപരിധിക്ക് ശേഷവും ക്രമീകരിച്ചിട്ടില്ല.

ധനകാര്യവകുപ്പിന്റെ 4-10-2011 ലെ ജി ഒ (പി) 419/2011/ഫിൻ നമ്പർ ഉത്തരവ് പ്രകാരം താൽക്കാലിക മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും, അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത മുൻകൂർ തുകയ്ക്ക് ഒരു വർഷത്തേക്ക് 18 % നിരക്കിൽ പലിശ ഈടാക്കണമെന്നും, നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ സഹിതം ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2022-23 വർഷം നൽകിയ താഴെ ചേർക്കുന്ന മുൻകൂറുകൾ നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ് ചെയ്യുകയോ, തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല.

| നമ്പർ | ചെക്ക് നമ്പർ, തീയതി | തുക | തുക കൈപ്പറ്റിയ വ്യക്തി, ഉദ്യോഗപ്പേര് | ആവശ്യം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 452808/12.08.2022 | 15000 | സൗമ്യ ശേഖർ, കൃഷി ഓഫീസർ | കർഷക ദിനാഘോഷം |
| 2. | 452862/01.09.2022 | 50000 | സന്തോഷ് ചന്ദ്രൻ, സീനിയർ ക്ളർക്ക് | പദ്ധതി നിർവ്വഹണച്ചെലവുകൾ - 2022-23 |
| 3. | 452891/ 30.09.2022 | 2000 | ഗീതു ആർ, ക്ളർക്ക് | ഇംപ്രസ്റ്റ് |
| 4. | 020567/15.02.2023 | 25000 | ആർക്കാണ് നൽകിയതെന്ന വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.കാഷ് ബുക്കിൽ ഗിരിജാകുമാരി കെ എസ്സ്, സൂപ്രണ്ട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാൾ ഇങ്ങെയൊരു അഡ്വാൻസ് കൈപ്പറ്റിയിട്ടില്ല എന്ന് ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. | വിളപ്പിൽശാല സന്ദർശനം |
| 5. | 000602/22.02.2023 | 110030 | സ്റ്റെല്ലാ ബേബി, ഓവർസിയർ | നെറ്റ്, പൈപ്പ് ഇവ വാങ്ങുന്നതിനുള്ള മുൻകൂർ |
| 6. | 000603/23.02.2023 | 10000 | സന്തോഷ് ചന്ദ്രൻ, സീനിയർ ക്ളർക്ക് | വികസന സെമിനാർ |
| 7. | 000614/03.03.2023 | 25000 | സന്തോഷ് ചന്ദ്രൻ, സീനിയർ ക്ളർക്ക് | പുതിയ ബി ആർ സി കെട്ടിടത്തിന്റെ ഉത്ഘാടനം |
| 7. | 057932/29.03.2023 | 2000 | മുഹമ്മദ് ഹഫീസ്, ക്ളർക്ക് | ഇംപ്രസ്റ്റ് |

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും മുൻകൂർ ക്രമീകരിക്കാത്തത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.13/20.01.2024) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ധനകാര്യ വകുപ്പിന്റെ 24.07.2012 ലെ 43/12 നമ്പർ സർക്കുലർ പ്രകാരം സമയപരിധിക്കുള്ളിൽ ക്രമീകരിക്കാത്ത മുൻകൂർ പിഴത്തുക സഹിതം അതാത് ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നോ റവന്യൂ റിക്കവറി നടപടികളിലൂടെയോ ഈടാക്കേണ്ടതാണ്. നാളിതുവരെ നൽകിയിട്ടുള്ളതും സമയപരിധിയ്ക്കുള്ളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ അഡ്വാൻസുകൾ ക്രമീകരിച്ചതിന്റെയോ പിഴപ്പലിശ സഹിതം തിരികെ ഈടാക്കിയതിന്റെയോ വിശദാംശങ്ങൾ രേഖകൾ സഹിതം പരിശോധനയക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-30 ഉറവിട മാലിന്യ സംസ്കരണം- ബയോ കമ്പോസ്റ്റർ ബിൻ വാങ്ങൽ- പദ്ധതി നടത്തിപ്പിൽ വീഴ്ച

ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗാർഹിക ഗുണഭോക്താക്കൾക്ക് ബയോ കമ്പോസ്റ്റർ ബിൻ വാങ്ങി നൽകുന്നതിന് രണ്ട് പ്രോജക്ടുകളാണ് 2022-23 സാമ്പത്തിക വർഷം നഗരസഭ ആവിഷ്കരിച്ചത്. പദ്ധതി ആസൂത്രണം നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1.പ്രോജക്ട് നം. എസ്. 424/23**

12,86,098 രൂപ അടങ്കലുള്ള പദ്ധതി പ്രകാരം ബയോ കമ്പോസ്റ്റർ ബിൻ വാങ്ങുന്നതിനായി സി.എഫ്.സി. ഗ്രാന്റിൽ നിന്നും ഐ.ആർ.റ്റി.സി-പി.ഐ.യു. പാലക്കാടിന് 2,57,220 രൂപ 30-03-2023-ൽ കൈമാറി (ബിൽ നം. 1575698/30.03.2023) യൂണിറ്റ് ഒന്നിന് 1900 രൂപ നിരക്കിൽ 594 ബിന്നുകൾ വാങ്ങുന്നതിനാണ് സ്ഥാപനവുമായി ധാരണാപത്രം ഒപ്പിട്ടത്. ആയത് പ്രകാരമാണ് പദ്ധതി അടങ്കലിന്റെ 20% തുക സ്ഥാപനത്തിന് കൈമാറിയിട്ടുള്ളത്. സ്ഥാപനം 19-08-2023 ൽ 200 യൂണിറ്റ് ബിന്നുകൾ നഗരസഭയ്ക്ക് കൈമാറുകയുണ്ടായി.

200 യൂണിറ്റുകളുടെ വിലയായ 3,80,000 രൂപയിൽ 2,57,220 രൂപ കഴിച്ച് 1,22,780 രൂപ സ്ഥാപനത്തിന് നൽകാനുണ്ടെന്ന് ഐ.ആർ.റ്റി.സി. ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ, ലഭിച്ച 200 ബിന്നുകളും വിതരണം ചെയ്യാതെ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് മനസ്സിലായി. ബിന്നുകളുടെ വിലയുടെ 10% തുക ഗുണഭോക്തൃ വിഹിതമായി ഈടാക്കണമായിരുന്നുവെങ്കിലും ആയത് ഈടാക്കിയിട്ടില്ല. ലക്ഷ്യമിട്ടിരുന്ന ബിന്നുകൾ വാങ്ങാതിരുന്നതിനും വാങ്ങിയ ബിന്നുകൾ 5 മാസത്തിലധികമായി വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നതിനും വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം.10/2022-23, തീയതി: 18-01-2024). എൻക്വയറിക്ക് മറുപടിയായി, ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ചുവെന്നും ഗുണഭോക്തൃ വിഹിതം ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് ബിന്നുകൾ കൈമാറുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**2.പ്രോജക്ട് നം. എസ്. 113/23-സ്പിൽ ഓവർ**

2021-22, 2022-23 വർഷങ്ങളിലായി നടപ്പാക്കിയ പദ്ധതിക്ക് 2021-22 വർഷം 233820 രൂപയും 2022-23 വർഷം 576161 രൂപയും (പദ്ധതി വിഹിതം 465821 രൂപ, ഗുണഭോക്തൃ വിഹിതം 110340 രൂപ) ഐ.ആർ.റ്റി.സി-പി.ഐ.യു. പാലക്കാടിന് കൈമാറിയിട്ടുണ്ട്. യൂണിറ്റ് ഒന്നിന് 1800 രൂപ നിരക്കിൽ 648 ബിന്നുകൾ വാങ്ങുന്നതിനായിരുന്നു സ്ഥാപനവുമായി ധാരണാപത്രം ഒപ്പിട്ടത്. പ്രകാരം 2-6-2022ൽ ബിന്നുകൾ ലഭ്യമാക്കിയതായി സ്ഥാപനം നഗരസഭയെ അറിയിച്ചിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ ബിൽ പ്രകാരമുള്ള 11,66,400 രൂപയിൽ 3,56,959 രൂപ ഇനിയും നൽകാനുണ്ടെന്ന് ഐ.ആർ.റ്റി.സി. ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ലഭിച്ച ബിന്നിൽ 595 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

ബയോ കമ്പോസ്റ്റർ ബിന്നുകൾ വാങ്ങുന്നതിലും അവ വിതരണം ചെയ്യുന്നതിലും നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണത്തിന് വലിയ പ്രാധാന്യവും പ്രചാരവും നൽകേണ്ട നഗരസഭ ഇത്തരത്തിലുള്ള ഉദാര സമീപനം സ്വീകരിക്കുന്നത് അംഗീകരിക്കാനാവില്ല. വാങ്ങിയ ബയോ കമ്പോസ്റ്റർ ബിന്നുകൾ പൂർണ്ണമായും വിതരണം ചെയ്ത ശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ

S 424/23 നമ്പർ പ്രോജക്ടിനായി ചെലവഴിച്ച 257220 രൂപ തടസ്സപ്പെടുത്തുന്നു.

**1-31 ആവശ്യകത നിർണ്ണയിക്കാതെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി -പൂർണ്ണമായും വിതരണം ചെയ്തില്ല**

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം(S0179/23 ) എന്ന പ്രോജക്റ്റ് പ്രകാരം 7,44,998 രൂപയുടെ (ബിൽ റഫറൻസ് നം. 22050647001801449179 തീയതി 23.03.2023) ഫർണിച്ചർ ആർട്ട്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 2 ബില്ലുകളിലായി വാങ്ങിയിട്ടുണ്ട്. വാങ്ങിയ പഠനോപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| Bill No. KLM 221 Date : 15.03.2023 | | | | |
|---|---|---|---|---|
| Sl. No. | Name Of Tha Product | Quantity | Rate | Total (GST Included ) |
| 1 | PlasticArmless Chair | 149 | 550.84 | 6,18,849 |
| 2 | Study Table With 2 Shelf | 120 | 3686.44 | |

| Bill No. KLM 255 Date : 20.03.2023 | | | | |
|---|---|---|---|---|
| Sl. No. | Name Of Tha Product | Quantity | Rate | Total (GST Included ) |
| 1 | Study Table With 2 Shelf | 29 | 3686.44 | 1,26,150 |

ഓഡിറ്റിന് ഹാജരാക്കിയ ഫയലിലെ നോട്ട് ഫയലിൽ 140 ഗുണഭോക്താക്കൾ ഉള്ളതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 140 ഗുണഭോക്താക്കൾ ഉള്ള ടി പദ്ധതിയ്ക്ക് 149 പഠനോപകരണങ്ങൾ വാങ്ങിയതിന്റെ സാംഗത്യം വ്യക്തമല്ല. ഗുണഭോക്താക്കളുടെ കൃത്യമായ വിവരം ചേർത്ത രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ സാധനം സ്റ്റോക്കിലെടുത്തതിന്റെ രേഖകളില്ല. ഇവ വിതരണം ചെയ്തതിന്റെ രേഖകളിൽ 112 വിദ്യാർത്ഥികൾ പഠനോപകരണം കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. ബാക്കിയുള്ള 37 പഠനോപകരണങ്ങൾ(മേശയും കസേരയും) വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനും മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നും കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 45 തീയതി 27.01.2024) ഓഡിറ്റ് കഴിഞ്ഞതിനുശേഷം ലഭ്യമാക്കിയിയ മറുപടിയോടൊപ്പം ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കുകാണുണ്ടായത്. ഇതിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ ഗണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടില്ല. കൃത്യമായ കണക്ക് ഇതിൽ നിന്നും വ്യക്തമല്ല. പഠനോപകരണങ്ങളുടെ വിതരണ ശേഷം അവശേഷിക്കുന്ന 37 പഠനോപകരണങ്ങളുടെ സൂക്ഷിപ്പ് സംബന്ധിച്ച് വിവരം ആവശ്യപ്പെട്ടിട്ട് ഇത് സംബന്ധിച്ചുള്ള വിവരം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടില്ല.

നഗരസഭ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ കൃത്യമായ ആവശ്യകതയ്ക്ക് അനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുന്നതിനും ആയതിനനുസരിച്ച് പ്രോജക്റ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. പ്രോജക്റ്റ് മോണിറ്ററിഗിന്റെ അഭാവം ഓരോ ഘട്ടത്തിലും പ്രകടമാണ്. അവശേഷിയ്ക്കുന്ന പഠനോപകരണങ്ങൾ കൃത്യമായി വിതരണം ചെയ്യേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. അതുവരെ 37 ഗുണഭോക്താക്കൾക്ക് പഠനമേശയും കസേരയും (യഥാക്രമം 3686.44 രൂപയും 550.84 രൂപയും ; ആകെ 4237.28) വാങ്ങുന്നതിന് ചെലവഴിച്ച 156779 രൂപ (37x4237.28) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 'അഗതിരഹിതകേരളം' പദ്ധതിയിലെ അനർഹരെ ഒഴിവാക്കിയിട്ടില്ല

നഗരസഭയിലെ 'അഗതി രഹിത കേരളം' പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ ഫീൽഡ് വേരിഫിക്കേഷൻ നടത്തിയതനുസരിച്ച് മാനദണ്ഡ പ്രകാരം അർഹരുടെ ലിസ്റ്റും പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ട അനർഹരുടെ ലിസ്റ്റും 19.08.2020 തീയതിയിലെ സി.ഡി.എസ്. വിലയിരുത്തൽ സമിതി കമ്മിറ്റിയിൽവച്ച് അംഗീകരിച്ചിട്ടുള്ളതാകുന്നു. മാനദണ്ഡ പ്രകാരമുള്ള 5 ഉം അതിൽ കൂടുതൽ ക്ലേശഘടകങ്ങൾ ഉള്ള ഗുണഭോക്താക്കളെയാണ് വിലയിരുത്തൽ സമിതി അംഗീകരിച്ചത്. ആയതിനാൽ 5-ൽ താഴെ ക്ലേശഘടകങ്ങളുള്ള അംഗങ്ങളെ ഒഴിവാക്കുന്നതിനായി 79 പേരുടെ വിവരങ്ങൾ കൗൺസിലിന്റെ അംഗീകാരത്തിനായി നൽകിയിരുന്നു. എന്നാൽ സി.ഡി.എസ്. വിലയിരുത്തൽ സമിതി ഒഴിവാക്കുന്നതിനായി നിർദ്ദേശിച്ചവരിൽ മരണപ്പെട്ട 19 അംഗങ്ങളെയും പദ്ധതിയിൽ നിന്ന് സ്വമേധയാ

ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട 2 പേരെയും മാത്രമാണ് ഒഴിവാക്കിയത്. എന്നാൽ സി.ഡി.എസ്. വിലയിരുത്തൽ സമിതി ഒഴിവാക്കുന്നതിനായി നിർദ്ദേശിച്ച മറ്റ് അനർഹരെ (58 പേരെ) ടി പദ്ധതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നില്ല. ഇതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 37തീയതി : 24.01.2024) നൽകിയ മറുപടിയിൽ ടി വിഷയം 24.01.2024-ാം തീയതിയിൽ കൂടിയ വിലയിരുത്തൽ യോഗത്തിൽ അവതരിപ്പിച്ചെന്നും പദ്ധതി പുന:പരിശോധിച്ച് അനർഹരെ തിരഞ്ഞെടുക്കുന്നതിന് പ്രത്യേകം സമിതി രൂപീകരിക്കുന്നതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടി ലിസ്റ്റ് കൗൺസലിന്റെ അംഗീകാരത്തിനായി സമർപ്പിച്ച് അനർഹരെ ഒഴിവാക്കി ഗുണഭോക്തൃലിസ്റ്റ് പുതുക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഓരോ പദ്ധതിയിലും ഉൾപ്പെടുത്താവുന്ന ഗുണഭോക്താക്കളുടെ മാനദണ്ഡം സർക്കാർ നിശ്ചയിച്ച പ്രകാരം ആയിരിക്കേണ്ടതും അവർക്കുമാത്രം ആനുകൂല്യം നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-33 കരാറേൽപ്പിച്ച അസംഖ്യം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ആരഭിച്ചില്ല – തുടർനടപടിയില്ല

2022-23 വർഷവും മുൻവർഷവും കരാർ ഏൽപ്പിച്ച പൊതുമരാമത്ത് പ്രവൃത്തികളിൽ അസംഖ്യം എണ്ണത്തിന്റെ നിർവ്വഹണം നാളിതുവരെയും ആരംഭിച്ചിട്ടില്ല. കരാർ ഏൽപിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് യാതൊരു മോണിട്ടറിംഗും നടക്കുന്നില്ല.

2022-23 വർഷം കരാർ ഏൽപ്പിച്ചശേഷം നാളിതുവരെ ആരംഭിക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ, അടങ്കൽ | കരാറുകാരൻ | കരാർ ഏൽപിച്ച തീയതി |
|---|---|---|---|
| 1 | വല്ലാറ്റൂർപടി- കുറുമറ്റത്ത് പടി റോഡ് റീകോൺക്രീറ്റിംഗ്, ഐറിഷ്, വാർഡ് 16 S508/23 (171000) | സുരേഷ് കുമാർ കെ | 18.3.2023 |
| 2 | പുത്തൻകുറ്റി റോഡ് റീകോൺക്രീറ്റിംഗ്, ഐറിഷ് ഡ്രെയിൻ, കോടാലിപ്പറമ്പിൽ റോഡ് ഓട നിർമ്മാണം, വാർഡ് 31<br>S321/23 300000 | രാജശ്രീ പി ആർ | 31.3.20223 |
| 3 | പനയ്ക്കൽ റോഡ് അറ്റകുറ്റപ്പണി, ഐറിഷ് ഡ്രെയിൻ, വാർഡ് 31<br>S317/23 213067 | സുരേഷ് കുമാർ പി ജി | 9.1.2023 |
| 4 | കോവിലകത്ത് മുകടിയിൽ - തൈക്കോട്ട് | രതീഷ് കുമാർ എൻ | 31.3.2023 |

| | | | |
|---|---|---|---|
| | ചരിഞ്ഞതിൽ ഭാഗം റോഡ് റീകോൺക്രീറ്റിംഗ്, വാർഡ് 32 84000 | | |
| 5 | പൊതുകിണർ നവീകരണം, വാർഡ് 13 S101/23 (S471/22 - S425/24) | ശരവൺ ആർ നാഥ് | 11.3.2022 |
| 6 | പുതിയ മുനിസിപ്പൽ ബസ് സ്റ്റാന്റ് അടിസ്ഥാനസൗകര്യം S35/23 1500000 | സുരേഷ് കുമാർ കെ | 31.3.2023 |
| 7 | വിനായകഭവൻ ഇഴക്കരോട്ട് റോഡ് റീകോൺക്രീറ്റിംഗ് S500/23(S448/24) 200000 | ഉണ്ണിക്യഷ്ണൻ കെ | 18.3.23 |
| 8 | കല്ലയ്യത്ത് പടി - മലഞ്ചെരുവിൽ റോഡ് റീടാറിംഗ്, വാർഡ് 26 S290/23(S492/24) 250000 | സുരേഷ് കുമാർ കെ | 6.2.2023 |
| 9 | മാവന്നൂർപ്പടി- കൈതക്കാട്ട്പടി റോഡ് ഐറിഷ് ഡ്രെയിൻ, വാർഡ് 18 S310/23(S341/24) 120000 | ഉണ്ണിക്യഷ്ണൻ കെ | 9.2.2023 |
| 10 | ഒറ്റപ്ലാവ് നിൽക്കുന്നതിൽ ബി.എസ്.എൻ.എൽ റീകോൺക്രീറ്റിംഗ്, വാർഡ് 26 S229/23 (S499/24) 100000 | വേണു കെ ഡി | 13.2.2023 |
| 11 | നീർനാമുക്ക് നീർച്ചാൽ മെയിന്റനൻസ് വാർഡ് 30 S93/23 100000 | സുമ ജി | 31.3.2023 |
| 12 | കഴുത്തുമൂട്ടിൽ നീർച്ചാൽ സംരക്ഷണം വാർഡ് 30 S348/23 386000 | രവീന്ദ്രൻനായർ ജി | 18.3.2023 |
| 13 | 19 -ാം നമ്പർ | സെക്രട്ടറി, | 24.3.2023 |

| | | | |
|---|---|---|---|
| | അംഗൻവാടി നവീകരണം S449/23(S441/24) 50000 | പന്തളം ലേബർ കോൺട്രാക്ട് സൊസൈറ്റി | |
| 14 | 38-ാം നമ്പർ അംഗൻവാടി നവീകരണം S409/23(S331/24) 50000 | സുമ സജി | 31.3.2023 |
| 15 | 446/23- 41ാം നമ്പർ അങ്കണവാടി നവീകരണം 14 150000 | ഹാരിസ് എച്ച് | 31.3.23 |
| 16 | 406/23- 6 നമ്പർ അംഗൻവാടി പുനരുദ്ധാരണം ഡിവിഷൻ 3 110000 | സുരേഷ്കുമാർ കെ | 31.3.23 |
| 17 | 281/23- കളീക്കൽപ്പടി -മങ്ങാരം സ്കൂൾ വരെ റോഡ് റീ കോൺക്രീറ്റ് ഡിവിഷൻ 5 200000 | ഉണ്ണിക്യഷ്ണൻ കെ | 18.3.23 |
| 18 | 283/23- കുഴിവേലി കണ്ടത്തിൽപ്പടി മുതൽ കുഴിവേലി കണ്ടത്തിൽ കിഴക്കേതിൽപ്പടി വരെ റോഡ് റീ കോൺക്രീറ്റ് ഡിവിഷൻ 5 100000 | കെ പി സുരേന്ദ്രൻ | 9.1.23 |
| 19 | 292/23- കൊച്ചുവിള - ഉഴത്തിൽപടി റോഡ് മെയ്ന്റനൻസ് ഡിവിഷൻ 16 150000 | ഉണ്ണിക്യഷ്ണൻ കെ | 18.3.23 |
| 20 | 395/23- ചുറ്റുമതിൽ നിർമ്മാണം ചേരിക്കൽ നേഴ്സറി ഡിവിഷൻ 31 225000 | ഹാരിസ് എച്ച് | 31.3.23 |
| 21 | 415/23- ചേരിക്കൽ ഗവ എൽ പി എസ് പുനരുദ്ധാരണം ഡിവിഷൻ 32 250000 | റെനീഷ് | 31.3.23 |
| 22 | 302/23-ഞാവനം ഉണ്ടിൽ പാടി റോഡ് കോൺക്രീറ്റ് ഇൻ | ഉണ്ണിക്യഷ്ണൻ കെ | 4.1.2023 |

| | | | |
|---|---|---|---|
| | ഡിവിഷൻ23 70000 | | |
| 23 | 450/23 - പാറപ്പാട് ഉരുത്തിക്കര റോഡിലെ കലുങ്കിൻറെ സമീപമുള്ള ഓട നിർമ്മാണം 3 100000 | കെ എൻ പ്രസന്നകുമാർ | 31.3.23 |
| 24 | 380/23- പോക്കോട്ടുചിറ കഞ്ഞിരമുകളിൽ പടി റോഡ് കോൺക്രീറ്റ് ഇൻ ഡിവിഷൻ 18 150000 | രാജശ്രീ പി ആർ | 31.3.23 |
| 25 | 463/23- മുട്ടാർ നീർച്ചാലിന് സമീപം സംരക്ഷണ ഭിത്തി നിർമ്മാണം 5 200000 | രവീന്ദ്രൻനായർ ജി | 27.3.23 |
| 26 | 461/23- വല്യയ്യത്ത് കോളനി സാംസ്കാരിക നിലയം നവീകരണം 18 116000 | ഹാരിസ് എച്ച് | 31.3.23 |

ചുവടെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ റദ്ദ് ചെയ്ത് റീടെണ്ടർ ക്ഷണിയ്ക്കുന്നതിന് 25.11.2022 ലെ 12(1) നമ്പരായി നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്.

1. കടയ്ക്കാട് പി.എച്ച്.സി വൈദ്യുതീകരണം(S216/22)

2. കിണർ നവീകരണം- വാർഡ് 32 (S240/22)

3.കല്ലയ്യത്ത്പടി - മലഞ്ചരുവിൽ റോഡ് റീടാറിംഗ്- വാർഡ് 26 (S290/22)

4. കൊണ്ട് ചപ്പാത്ത് ഭാഗം കലുങ്ക് നിർമ്മാണം- വാർഡ് 7 – S262/22

പ്രസ്തുത പ്രവൃത്തികൾ ചെയ്യാതെ കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും, അവരിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുണ്ടോയെന്നും ആരാഞ്ഞ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് 22 ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

കരാറുകാരന്റെ കുഴപ്പം മൂലം പ്രവൃത്തികളുടെ കരാർ അവസാനിപ്പിക്കുകയാണെങ്കിൽ അതുമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കാവുന്നതാണ് എന്നും, കരാർ ടെർമിനേറ്റ് ചെയ്യപ്പെട്ട കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യുകയും അയാളെ അഞ്ച് വർഷത്തേക്ക് ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കുകയും വേണമെന്ന് കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2116.1 വ്യവസ്ഥ ചെയ്യുന്നു. എന്നാൽ കരാർ ഏറ്റശേഷം പ്രവൃത്തി ഇതേവരെ ആരംഭിക്കാത്ത കരാറുകാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നോട്ടീസ് നൽകിയതൊഴിച്ചാൽ, ടി കരാറുകൾ റദ്ദ് ചെയ്യുന്നതിനും കരാറുകാരുടെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തികൾ റീടെണ്ടർ ചെയ്ത് നിർവ്വഹിക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥയോ ഭരണസമിതിയോ നടപടി സ്വീകരിച്ചില്ല എന്നത് ഗുരുതരമായ അപാകം ആണ്.

മേൽസൂചിപ്പിച്ച പ്രവൃത്തികൾ ചെയ്യുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും അവ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുമാണ്.

## 1-34 പ്രവൃത്തികൾക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയതിൽ സുതാര്യത ഉറപ്പാക്കിയില്ല

2.5 ലക്ഷത്തിൽ താഴെ അടങ്കലുള്ള ഒട്ടേറെ പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രതിഫലത്തുകയൊടൊപ്പം ജി.എസ്.റ്റി കോമ്പൻസേഷൻ കരാറുകാർക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും കരാറുകാർ ജി.എസ്.റ്റി ഒടുക്കിയതിന്റെ രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അടങ്കൽ 2.5 ലക്ഷത്തിൽത്താഴെ ആയതിനാൽ ഇത്തരം പ്രവൃത്തികളുടെ ബില്ലിൽ നിന്ന് റ്റി.ഡി.എസ് ആയി ജി.എസ്.റ്റി ഈടാക്കിയില്ല. കരാറുകാർ ടി പ്രവൃത്തികൾക്ക് കോമ്പൗണ്ടിംഗ് നിരക്കിൽ ജി.എസ്.റ്റി ഒടുക്കുന്നതിനായി സെൽഫ് ഡിക്ലറേഷൻ ഫോം ജി.എസ്.റ്റി വകുപ്പിൽ സമർപ്പിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ പകർപ്പ് അവരിൽ നിന്ന് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | പ്രവൃത്തിമൂല്യം | ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയത് | ബിൽ റഫറൻസ് നമ്പർ |
|---|---|---|---|---|---|
| 1 | വല്ലയ്യത്ത് കോളനി പാക്കണ്ടത്തിൽപ്പടി റോഡ് റീകോൺക്രീറ്റിംഗ് S69/23 | വേണു കെ.ഡി (6 % കുറവ്) | 92983 | 16737 | BRN 559597/ 29.3.23 103000; BRN 559433/ 29.3.23 6720; |
| 2 | ചിറക്കരോട്ട് റോഡ് സൈഡ് കെട്ട് - വാർഡ് 27 S65/23 | കെ പി സുരേന്ദ്രൻ നായർ | 152362 | 18283 | BRN 381451/ 3.8.2022 |
| 3 | മഞ്ചാടി അയ്യത്ത് കോളനി റോഡ് മെയിന്റനൻസ് S104/23 | രാജശ്രീ പി.ആർ | 80198 | 14436 | BRN 479195/ 25.3.23 |
| 4 | മണ്ണാക്കോണം മയിലാടുംകുളം റോഡ് സൈഡ് വാൾ മെയിന്റനൻസ് S493/23 | സുമാ സജി | 83942 | 15110 | BRN 541127/ 28.3.23 |
| 5 | ഉളമയിൽ താഴേതിൽ മൈനാപ്പള്ളി റോഡ് റീകോൺക്രീറ്റിംഗ് | ബിനുകുമാർ എം.ബി | 51720 | 9310 | BRN 471251/ 25.3.2023 |

അപാകം സംബന്ധിച്ച് 43 ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. അടങ്കൽ രണ്ടര ലക്ഷത്തിൽ കുറവുള്ള പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് റ്റി.ഡി.എസ് ആയി ജി.എസ്.റ്റി ഈടാക്കാത്ത സാഹചര്യത്തിൽ, അവർ ജി.എസ്.റ്റി ഒടുക്കിയതിന്റെയോ സെൽഫ് ഡിക്ലറേഷൻ ജി.എസ്.റ്റി വകുപ്പിൽ സമർപ്പിച്ചതിന്റെയോ രേഖകൾ ലഭ്യമാക്കാതെ ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചത് ക്രമവിരുദ്ധവും സുതാര്യത ഉറപ്പാക്കാത്തതുമായ നടപടിയാണ്.

അടങ്കൽ രണ്ടര ലക്ഷത്തിൽ കുറവുള്ള പ്രവൃത്തികൾക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചതിന്മേൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന് മേൽസൂചിപ്പിച്ച പ്രകാരമുള്ള പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 പദ്ധതികൾ വിഭാവനം ചെയ്യുന്നതിലും നടപ്പിലാക്കിയതിലും അലംഭാവം

2023-24 സാമ്പത്തിക വർഷം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 17

പ്രോജക്ടുകൾ വിഭാവനം ചെയ്യുകയും 16 എണ്ണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ എല്ലാ പ്രോജക്ട് ഫയലുകളും പരിശോധനയ്ക്കായി ലഭിച്ചിട്ടില്ല. ലഭ്യമാക്കിയവയിൽ തന്നെ അവശ്യം സൂക്ഷിക്കേണ്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നില്ല. ഗുണഭോക്താക്കൾക്ക് പല ഗഡുക്കളായി ആനുകൂല്യം നൽകുന്ന പ്രോജക്ടുകൾക്കു പോലും ഓരോ ഗഡു നൽകിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല (വീട് വാസയോഗ്യമാക്കൽ സ്പിൽ ഓവർ ഉൾപ്പെടെ 4 പ്രോജക്ടുകൾ). വാങ്ങലുകൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ വിതരണം ചെയ്യുമ്പോൾ അവ കൃത്യമായി രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. (ഉദാ. പീപ്പിൾസ് വായനശാലയ്ക്ക് പുസ്തകം വാങ്ങൽ, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങൽ). പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം വാങ്ങിയ പഠനോപകരണം ഓഡിറ്റ് വേളയിലും വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ടായിരുന്നു. ഒരേ ആവശ്യത്തിന് വിവിധങ്ങളായ പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നു. ഒരേ ഗുണഭോക്താവിന് 2 പ്രോജക്ടുകളിലായി ആനുകൂല്യം നൽകുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പ്രോജക്ട് നമ്പർ പ്രകാരം ലഭിച്ച ആനുകൂല്യം | പ്രോജക്ട് നമ്പർ പ്രകാരം ലഭിച്ച ആനുകൂല്യം | ആകെ ലഭിച്ച തുക |
|---|---|---|---|
| നീലകണ്ഠൻ അയന്തിയിൽ വടക്കേതിൽ | S0518-2021-22 വീട് വാസയോഗ്യമാക്കൽ പട്ടികജാതി വിഭാഗത്തിൽ കരാർവച്ചവർക്ക് തുക നൽകൽ ₹ 24600 | S0168/23-വീട് വാസയോഗ്യമാക്കൽ (എസ്.സി) ₹50400 | ₹ 75,000 |

S0168/23-വീട് വാസയോഗ്യമാക്കൽ(എസ്.സി.)-എന്ന പ്രോജക്ട് ഫോറത്തിലെ വിവരം അനുസരിച്ച് പരമാവധി 1,50,000 രൂപ അസിസ്റ്റന്റ് എഞ്ചിനിയറുടെ വാലുവേഷന്റെ അടിസ്ഥാനത്തിൽ നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ പദ്ധതി അടങ്കൽ വിവിധ വാർഡുകളിലേയ്ക്കായി വീതം വച്ച് വിനിയോഗിക്കുന്നതിനും പ്രോജക്ട് ഫോറത്തിൽതന്നെ രേഖപ്പെടുത്തൽ വരുത്തിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒരേ തദ്ദേശ സ്ഥാപനത്തിൽ അധിവസിക്കുന്നവർക്ക് ഒരേ പ്രോജക്ട് പ്രകാരം വ്യത്യസ്ത നിരക്കിൽ തുക നൽകിയിട്ടുണ്ട്. ഈ നടപടി അംഗീകരിക്കാവുന്നതല്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ആധാർ | Final Valuation | നൽകിയ ആനുകൂല്യം |
|---|---|---|---|
| കുട്ടി മലയുടെതെക്കേതിൽ പൂഴിക്കാട് | 889884085385 | 150000 | 50000x2 = 1,00,000 |
| ഗോപി | 550251364915 | 151700 | 75000+65000(2023-24-ൽ ) = 1,40,000 |

ടി പ്രോജക്ട് പ്രകാരം തന്നെ ഫൈനൽ വാലുവേഷൻ അധികരിച്ചും തുക നൽകിയിട്ടുണ്ട്. ഇത് ഖണ്ഡിക 1-35-3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ബഹു. കേരള ഹൈക്കോടതി 1997 ഏപ്രിൽ 4-ാം തീയതിയിലെ വിധിയിൽ (കേസ്-ഒ.പി നം./18175 /1996എൽ) വ്യക്തമാക്കിയതുപോലെ സുതാര്യവും നീതിയുക്തവുമായ രീതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതും ഒരേ തദ്ദേശ സ്ഥാപനത്തിൽ അധിവസിക്കുന്നവർക്ക് ഒരേ പ്രോജക്ട് പ്രകാരം വ്യത്യസ്ത നിരക്കിൽ തുക നൽകുന്നത് നീതി നിക്ഷേതവുമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ ഉണ്ടാകുന്ന വിവേചനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെയും ഭരണഘടന 14-ാം അനുച്ഛേദത്തിന്റെയും ലംഘനം ആയിരിക്കുമെന്നും ഈ വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ അർഹരായ എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി ഗ്രാമസഭകൾ വഴി പ്രോജക്ട് തയ്യാറാക്കുന്നതിനും ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. പദ്ധതിനിർവ്വഹണ സമയത്തുതന്നെ അവശ്യ

രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിനും അവ പരിപാലിക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാകേണ്ടതാണ്.

## 1-36 'വീട് വാസയോഗ്യമാക്കൽ (S0168/23)'- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ(എസ്.സി)- S0168/23 എന്ന പ്രോജക്ടിൽ 97 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട് (വെബ് സാംഖ്യയിൽ നിന്നുള്ള വിവരം അനുസരിച്ച്). പ്രോജക്ട് ഫോറത്തിലെ വിവരം അനുസരിച്ച് പരമാവധി 1,50,000 രൂപ വരെ അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യവേഷന്റെ അടിസ്ഥാനത്തിൽ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. ഗുണഭോക്താക്കൾക്ക് രണ്ടു ഗഡുക്കളായിട്ടാണ് തുക നൽകുന്നത് 75000 രൂപ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസായും രണ്ടാം ഗഡു പണി പൂർത്തിയാക്കിയതിനുശേഷം ഫൈനൽ വാല്യുവേഷനെ അടിസ്ഥാനമാക്കിയും. എന്നാൽ പ്രോജക്ട് പ്രകാരം അവശ്യം സൂക്ഷിക്കേണ്ട ഗുണഭോക്താവിന്റെ വിവരം രേഖപ്പെടുത്തി നൽകിയ ഗഡുക്കൾ രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥ സൂക്ഷിക്കുന്നില്ല. പ്രൊജക്ടിൽ ഉൾപ്പെട്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും ഫയലുകൾ ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-36-1 ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഫയലുകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് പ്രകാരം 97 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ട് (വെബ് സാംഖ്യയിൽ നിന്നുള്ള വിവരം അനുസരിച്ച്). ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള 39 ഗുണഭോക്താക്കളുടെ ഫയലുകൾ ഹാജരാക്കിയിരുന്നില്ല. ഫയലുകൾ ആവശ്യപ്പെട്ട് **24.01.2024 -ാം തീയതിയിൽ** ഓഡിറ്റ് അന്വേഷണക്കുറിപ്പും (നം. 35), ഓഡിറ്റ് റിക്വസിഷനും (നം. 2 തീയതി 20.01.2024) നൽകിയിരുന്നുവെങ്കിലും ഓഡിറ്റ് വേളയിൽ ഫയലുകൾ ഹാജരാക്കിയില്ല. തുടർന്ന് 01.02.2024-ാം തീയതിയിൽ ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കുന്നതിന് സമൻസ് നൽകുകയും 07.02.2028-ൽ ആവശ്യപ്പെട്ടിരുന്ന ചില ഗുണഭോക്താക്കളുടെ ഫയലുകൾ ഹാജരാക്കുകയും ചെയ്തു. ഇതിനുശേഷവും ലഭ്യമാക്കാത്ത ഫയലുകളുടെ വിവരം (ഗുണഭോക്താക്കളുടെ പേര് വിവരം) ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിവരം | ആധാർ നമ്പർ | ബിൽ റഫറൻസ് നം. & തീയതി<br>ഗുണഭോക്താവിന് നൽകിയ ആനുകൂല്യം |
|---|---|---|---|
| 1 | N.A രാജമ്മ കുഞ്ഞുമോൻ | 296791580894 | 220506470018009205 99 Dt. 16/12/2022<br>₹ 75000<br>220506470018012542 19 Dt. 25/02/2023<br>₹ 25000 |
| 2 | ഓമന വി. | 913793187710 | 220506470018013103 24 Dt. 08/03/2023<br>₹ 75000 |
| 3 | സന്ധ്യാ ദേവി എം. | 404944406405 | 220506470018009205 99 Dt. 16/12/2022<br>₹ 75000 |
| 4 | ശാന്തമ്മ ജെ. | 690045244476 | 220506470018013789 79 Dt. 16/03/2023 |

| | | | |
|---|---|---|---|
| | | | ₹ 75000 |
| 5 | വിലാസിനി കുഴിവേലിവെട്ടത്ത് | 409490865060 | 22050647001801310324 Dt. 08/03/2023<br>₹ 75000 |
| | | ആകെ | **₹ 4,00,000** |

മേൽ ഗുണഭോക്താക്കളുടെ ഫയലുകൾ മേൽ പ്രസ്താവിച്ചിട്ടുള്ള നടപടി ക്രമങ്ങൾക്കുശേഷവും ഹാജരാക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഫയലുകൾ ഹാജരാക്കുന്നതുവരെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള ₹ **4,00,000** തടസ്സത്തിൽ വയ്ക്കുന്നു. 60 ദിവസത്തിനുള്ളിൽ ഫയലുകൾ ഹാജരാക്കാത്തപക്ഷം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള ₹ **4,00,000** നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി തിട്ടപ്പെടുത്തി തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

## 1-36-2 ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചില്ല

ടി പദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ഒരു ഗഡു മാത്രമാണ് നൽകിയിരിക്കുന്നത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിവരം | ആധാർ നമ്പർ | ഗുണഭോക്താവിന് നൽകിയ ആനുകൂല്യം |
|---|---|---|---|
| 1 | എ. ഓമന | 378501695155 | 75000 |
| 2 | അംബുജാക്ഷി കെ. ജെ. | 481984343790 | 75000 |
| 3 | ബിജു പി. കെ. | 957127895790 | 75000 |
| 4 | ചന്ദ്രൻ കെ. | 499116634332 | 75000 |
| 5 | കൃഷ്ണാംബിക | 464650701947 | 75000 |
| 6 | മണി | 241436863065 | 75000 |
| 7 | മണി വി. | 727472326454 | 75000 |
| 8 | രാധാമണി | 585474218933 | 75000 |
| 9 | സരസു കെ. എൻ | 483076924616 | 75000 |
| 10 | ശശികുമാർ എ. | 830826051849 | 75000 |
| 11 | ശോഭനാകുമാരി വി. എ. | 960230575037 | 75000 |
| 12 | സോണിയാ ബി. ആർ. | 451293982840 | 75000 |
| 13 | സുനിതാ എം. എസ്. | 560006840132 | 75000 |
| 14 | സുശീലാ എസ്. | 728623457616 | 75000 |
| 15 | തങ്കച്ചൻ | 890191279616 | 75000 |
| 16 | തങ്കമ്മ രാജൻ | 211671679817 | 75000 |

മേൽ ഗുണഭോക്താക്കളുടെ വീടിന്റെ അറ്റകുറ്റപണി പൂർത്തികരിച്ച് 2023-24 സാമ്പത്തിക വർഷം രണ്ടാം ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണമെന്ന് കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 35 തീയതി 24.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കളുടെ വീടിന്റെ അറ്റകുറ്റപണി പൂർത്തീകരണ വിവരം ഫൈനൽ വാല്യവേഷൻ ഉൾപ്പെടെ ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം നാളിതുവരെ വീട് അറ്റകുറ്റപണി പൂർത്തീകരിക്കാത്തതിനാൽ കരാർ വച്ച പ്രകാരം കൈപ്പറ്റിയ ആദ്യ ഗഡു തിരികെ പിടിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-36-3 ഫൈനൽ വാല്യവേഷനെ അധികരിച്ച് തുക അനുവദിച്ചു

2022-23 സാമ്പത്തിക വർഷത്തിലെ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (എസ്.സി)- S0168/23 എന്ന പ്രോജക്റ്റ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 1,50,000 രൂപ വരെ വീട് വാസയോഗ്യമാക്കൽ നടത്തുന്ന മുറയ്ക്കാണ് നൽകേണ്ടത്. എന്നാൽ ലഭ്യമായ ഫയലുകൾ (58 ഗുണഭോക്താക്കളുടെ) പരാശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യവേഷനെ അധികരിച്ച് തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നംഭ | ഗുണഭോക്താവിന്റെ പേര് വിവരം | വാല്യവേഷൻ പ്രകാരം ചെലവായ തുക | ബിൽ റഫറൻസ് നം | ഗുണഭോക്താവിന് നൽകിയ ആനുകൂല്യം | വാല്യവേഷൻ അധികരിച്ച് നൽകിയ തുക |
|---|---|---|---|---|---|
| 1 | **വിജയൻ കെ.** | **119157** | 22050647001801174376 Dt. 10/02/2023 | 75000 | **₹ 29843** |
| | | | 22050647001801474156 Dt. 25/03/2023 | 74000 | |
| | | | ആകെ | **₹ 149000** | |
| 2 | സന്തോഷ് കെ. | 135000 | 22050647001800920599 Dt. 16/12/2022 | 75000 | **₹ 15,000** |
| | | | 22050647001801174376 | 75000 | |
| | | | | **₹ 150000** | |
| 3 | രാഘവൻ ഇ. കെ | വാല്യവേഷൻ ലഭ്യമാക്കിയിട്ടില്ല | 22050647001801254215 Dt. 25/02/2023 | 75000 | |
| | | | 22050647001801485688 Dt. 26/03/2023 | 75000 | |
| | | | | **₹ 150000** | |
| 4 | അമ്പിളി<br>വാർഡ് - 32<br>ഷിനുഭവൻ | 78846 | 22050647001801254215 Dt. 25/02/2023 | 75000 | ₹ 67,154 |
| | | | 22050647001801485688 Dt. 26/03/2023 | 71000 | |
| | | | | **₹ 146000** | |
| 5 | ബാലൻ കെ.<br>വാർഡ് - 20<br>നിരപ്പിൽ വീട് | 111560 | 22050647001801254215 Dt. 25/02/2023 | 75000 | ₹ 37,440 |
| | | | 22050647001801474156 Dt. 25/03/2023 | 74000 | |
| | | | | **₹ 149000** | |
| 6 | ദാമോധരൻ എ.<br>വാർഡ് - 20<br>പ്രശാന്ത് ഭവൻ | 78014 | 22050647001801254215 Dt. 25/02/2023 | 75000 | 70,986 |
| | | | 22050647001801474156 Dt. 25/03/2023 | 74000 | |
| | | | | **₹ 149000** | |
| 7 | സുമേഷ് കുമാർ | 109552 | 22050647001801174376 | **75000** | ₹ 40,448 |

| | | | | | |
|---|---|---|---|---|---|
| | | | 22050647001801522300 | 75000 | |
| | | | | **₹ 150000** | |
| | | | | ആകെ | ₹ 2,60,871 |

ഇപ്രകാരം വാല്യവേഷൻ അധികരിച്ച് ആനുകൂല്യം നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച നൽകിയ അന്വേഷണക്കുറിപ്പിന് (നം. 35 തീയതി 24.01.2024) നൽകിയ മറുപടിയിൽ വാല്യവേഷൻ അധികരിക്കാത്ത രീതിയിലുള്ള പുതിയ വാല്യവേഷൻ തയ്യാറാക്കി ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ചെയ്ത് പ്രവത്തിയുടെ മൂല്യനിർണ്ണയം നടത്തി അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ ഫൈനൽ വാല്യവേഷൻ തിരുത്തി പുതിയത് സമർപ്പിക്കും എന്ന് പറയുന്നത് വ്യാജരേഖ ചമയ്ക്കുന്നതിന് തുല്യമാണ്. ഫൈനൽ വാല്യവേഷനെ അധികരിച്ച് തുക നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഫയൽ പരിശോധനയിലെ ശ്രദ്ധക്കുറവുമൂലമാണ്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ നിരുത്തരവാദപരമായ പ്രോജക്ട് നടത്തിപ്പ് മൂലാണ് 2,60,871 രൂപ സർക്കാർ ഫണ്ടിന് നഷ്ടമായത്. ആയതിനാൽ അധികം നൽകിയ **₹ 2,60,871 നിരാകരിക്കുന്നു.** ടി തുക പദ്ധതി നിർവ്വഹണം നടത്തിയ പട്ടികജാതി വികസന ഓഫീസറുടെ ചുമതലയുള്ള ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-37 പ്രോജക്ട് ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ ഫയലുകളും അനുബന്ധരേഖകളും കാഷ് ബുക്കും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് വേളയിൽ തന്നെ (20.01.2024-ലെ റിക്വസിഷൻ നം.2 പ്രകാരവും 27.01.2024-ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 46 പ്രകാരവും) ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫയലുകൾ ഹാജരാക്കിയിരുന്നില്ല. തുടർന്ന് 01.02.2024-ാം തീയതിയിൽ ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കുന്നതിന് സമൻസ് നൽകുകയുണ്ടായി. 07.02.2024-ൽ ആവശ്യപ്പെട്ടിരുന്നു പ്രകാരം ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ ഏതാനും ചില ഫയലുകൾ ഹാജരാക്കി. ഇവ പരിശോധിച്ചതിൽ അവ പ്രോജക്ടുകളുടെ നോട്ട് ഫയലുകൾ മാത്രമാണെന്നും അവയുടെയൊന്നും പ്രോജക്ട് ഫയലുകൾ ഹാജരാക്കിയിട്ടില്ലായെന്നും വ്യക്തമായി. ഇത് ചൂണ്ടികാണിച്ച് 13.02.2024-ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 53 നൽകി. മേൽ നടപടികൾക്കു ശേഷവും ലഭ്യമാക്കാത്ത പ്രോജക്ട് ഫയലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. & പ്രോജക്ടിന്റെ പേര് | ബിൽ റഫറൻസ് നമ്പർ | ചെലവ് തുക |
|---|---|---|---|
| 1. | S0107/23-SO- വീട് വാസയോഗ്യമാക്കൽ (എസ്.സി.) | 22050647001800855768 02/12/2022 | 75,000 |
| | | 22050647001800935817 20/12/2022 | 75,000 |
| | | 22050647001801269814 01/03/2023 | 1,50,000 |
| | | 2205064700180135619 15/03/2023 | 75,000 |

| | | | |
|---|---|---|---|
| | | 220506470018013789921<br>16/03/2023 | 1,50,000 |
| | | 22050647001801488099<br>27/03/2023 | 2,00,000 |
| | | | **7,25,000** |
| 2. | S0108/23 -SO- വീട് വാസയോഗ്യമാക്കൽ (എസ്.സി.) | 22050647001800138982<br>27/05/2022 | 75,000 |
| | | 22050647001800138989<br>27/05/2022 | 9,00,000 |
| | | 22050647001800139066<br>27/05/2022 | 75,000 |
| | | 22050647001800139101<br>27/05/2022 | 75,000 |
| | | 22050647001800139108<br>27/05/2022 | 75,000 |
| | | 22050647001800139129<br>27/05/2022 | 75,000 |
| | | 22050647001800722683<br>02/11/2022 | 75,000 |
| | | 22050647001800152824<br>31/05/2022 | 495000 |
| | | 22050647001800532592<br>14/09/2022 | 1,50,000 |
| | | 22050647001800606881<br>03/10/2022 | 75,000 |
| | | 22050647001800722679<br>02/11/2022 | 75,000 |
| | | 22050647001800722683<br>02/11/2022 | 75,000 |
| | | 22050647001800834788<br>28/11/2022 | 75,000 |
| | | 22050647001800834795<br>28/11/2022 | 75,000 |
| | | 22050647001800834798<br>28/11/2022 | 75,000 |
| | | 22050647001800834819<br>28/11/2022 | 75,000 |
| | | 22050647001800834824<br>28/11/2022 | 75,000 |

| | | | |
|---|---|---|---|
| | | 22050647001800935795 20/12/2022 | 1,50,000 |
| | | 22050647001801356207 05/03/2023 | 30,000 |
| | | | **27,00,000** |
| 3. | S0374/23-SO-ശൗചാലയനിർമ്മാണവും പുനരുദ്ധാരണവും (എസ്.സി.) | 22050647001801522485 28/03/2023 | **30,000** |
| | | ആകെ തുക | ₹ **34,55,000** |

ലോക്കൽ ഫണ്ട് ആക്ട് & നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നടപടിക്രമങ്ങൾ എല്ലാം വച്ച് ഹാജരാക്കാത്ത പ്രോജക്ട് ഫയലും രേഖകളും ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ടി പ്രോജക്ടുകൾക്കായി ചെലവഴിച്ച് തുകയായ ₹ **34,55,000 നിരാകരിക്കുന്നു.** മേൽ പരാമർശിച്ചിട്ടുള്ള ഫയലുകൾ 60 ദിവസത്തിനുള്ളിൽ ഹാജരാക്കാത്ത പക്ഷം ടി നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുന്നതിന് നിയമ നടപടി സ്വീകരിക്കുന്നതായിരിക്കും.

## 1-38 രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല- ചെലവ്തുക -237038 രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ സംബന്ധിച്ച യാതൊരുവിധ രേഖകളും ഓഡിറ്റിനായി ഹാജരാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 26/22-23 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | പൊതു | 140728 | 27200 |
| 2 | 29/22-23 | പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ | പൊതു | 52829 | 49000 |
| 3 | 30/22-23 | തെരുവ് വിളക്ക് പരിപാലനം- സാധനസാമഗ്രികൾ വാങ്ങൽ | പൊതു | 863414 | 160835 |
| **ആകെ** | | | | | **237038** |

ടി പ്രോജക്ടുകളും അനുബന്ധ രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട്, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം(8) പ്രകാരം 18/01/2024-ൽ ഓഡിറ്റ് റിക്വസിഷൻ നൽകിയിരുന്നു. എന്നാൽ അവയൊന്നും തന്നെ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ചെലവുകളുടെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ലാത്തത് കൊണ്ട് ടി ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റിപ്പോർട്ട് കൈപ്പറ്റി അറുപത് ദിവസങ്ങൾക്കുള്ളിൽ രേഖകൾ ഹാജരാക്കിയില്ലെങ്കിൽ തുക നിരാകരിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-39 സർക്കാരിന്റെ മാർഗ്ഗരേഖകൾ ലംഘിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നു

തദ്ദേശ ഭരണപ്രദേശത്തിന്റെ സമഗ്രവികസനം ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം എന്നും, ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കണമെന്നും , പതിനാലാം പഞ്ചവത്സരപദ്ധതി പ്രകാരം വാർഷികപദ്ധതി തയ്യാറാക്കുന്നതിന് 19.4.2022 ലെ സ.(ഉ)(കൈ) നമ്പർ 84/2022/തസ്വഭവ ആയി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നു. എന്നാൽ നഗരസഭയിലെ പദ്ധതികൾ ആസൂത്രണം ചെയ്തത് മേൽസൂചിപ്പിച്ച നിർദ്ദേശങ്ങൾ പാലിയ്ക്കാതെയാണ്.

വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥ ആയി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ (S62/2023) എന്ന പദ്ധതി പ്രകാരം ഭൂരിപക്ഷം വാർഡുകളിലും 1 ലക്ഷം രൂപ വീതം സബ്സിഡി നൽകിയപ്പോൾ ഒരു വാർഡിൽ മാത്രം 50000 രൂപ വീതം മാത്രമാണ് സബ്സിഡി നൽകിയത്.

2. സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി വാർഡ് 28 ലെ ഗുണഭോക്താക്കൾക്ക് മാത്രമായാണ് ആട് വളർത്തൽ (S400/23) എന്ന പദ്ധതി നടപ്പാക്കിയത്. മറ്റ് വാർഡുകളിലെ ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് പദ്ധതി നടപ്പാക്കിയിട്ടില്ല.

3. ഓരോ വർഷവും നേരിയ തോതിൽ ഫണ്ട് വകയിരുത്തി പല വർഷങ്ങളിലായാണ് ഒട്ടേറെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നത് എന്ന് കണ്ടു.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം |
|---|---|
| 1 | പുത്തിലത്ത് റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ് (വാർഡ് 30) S533/2023, അടങ്കൽ - 86886; |
| 2 | ഇടയിലേപറമ്പിൽ അപ്പപ്പൻകാവ് തോട് ബാക്കി ഭാഗം സംരക്ഷണഭിത്തി നിർമ്മാണം (വാർഡ് 31) അടങ്കൽ 57421; |
| 3 | മണികണ്ഠനാൽത്തറ വലിയകോയിക്കൽ ഭാഗത്തെ റോഡ് ബാക്കി ഭാഗം റീടാറിംഗ്- വാർഡ് 6, അടങ്കൽ - 50000; |
| 4 | പണ്ടാരത്തിൽ ബാക്കി ഭാഗം റോഡ് കോൺക്രീറ്റ്, റീകോൺക്രീറ്റിംഗ്- വാർഡ് 11, അടങ്കൽ- 79500; |
| 5 | പൂവനാശ്ശേരിൽ ബാക്കി ഭാഗം റീകോൺക്രീറ്റിംഗ് (വാർഡ് 26) – അടങ്കൽ 100000; |
| 6 | കുരമ്പാല ജംഗ്ഷൻ പാറാകുന്നിൽപ്പടി റോഡ് ബാലൻസ് പ്രവൃത്തി- വാർഡ് 14, അടങ്കൽ - 50000; |
| 7 | കലതിവിള പറക്കുന്നതിൽപ്പടി റോഡ് റീകോൺക്രീറ്റിംഗ് ബാലൻസ് പ്രവൃത്തി, വാർഡ് 14, അടങ്കൽ - 100000; |
| 8 | മണ്ണിൽ ഭാഗം ചാലു വരെ ബാക്കി ഭാഗം കോൺക്രീറ്റിംഗ്, വാർഡ് 6, അടങ്കൽ- 95000; |
| 9 | ചാരുംവിളപ്പടി പഞ്ചായത്ത് കിണറിന് കിഴക്ക് ബാക്കി ഭാഗത്തെ കോൺക്രീറ്റിംഗ്, വാർഡ് 20, അടങ്കൽ - 150000; |
| 10 | റേഷൻകട കനാൽപ്പാലം റോഡ് ബാലൻസ് ഇന്റർലോക്ക് - വാർഡ് 14, അടങ്കൽ - 115000; |
| 11 | ആനക്കുഴി റോഡിന്റെ ബാക്കി ഭാഗം കോൺക്രീറ്റിംഗ്, വാർഡ് 31, അടങ്കൽ - 71000; |
| 12 | ലോവേലി ഹോം ബാക്കി ഭാഗം റോഡ് കോൺക്രീറ്റിംഗ്, വാർഡ് 26, അടങ്കൽ - 100000; |
| 13 | മണ്ണുകലയിൽ ബാക്കി ഭാഗം റോഡ് കോൺക്രീറ്റിംഗ്, വാർഡ് 26, അടങ്കൽ - 100000; |

സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് 39 ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. വികലമായ പദ്ധതി ആസൂത്രണം നഗരസഭാനിവാസികൾക്ക് സാമാന്യനീതി നിഷേധിക്കുന്നതിനും, നഗരസഭയുടെ സമഗ്രവികസനത്തെ തടസ്സപ്പെടുത്തുന്നതിനും ഇടയാക്കുന്നു എന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. പദ്ധതി ആസൂത്രണത്തിലെ അപാകം ഒഴിവാക്കുന്നതിന് കർശന നടപടി ഭരണതലത്തിൽ സ്വീകരിയ്ക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-40 മൃഗസംരക്ഷണം- വ്യക്തിഗത ആനുകൂല്യം നൽകിയ പദ്ധതികളിലെ അപാകതകൾ

മുനിസിപ്പാലിറ്റി സീനിയർ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ആടുവളർത്തൽ പദ്ധതി, പോത്തുവളർത്തൽ പദ്ധതി എന്നിവയുടെ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആട് വളർത്തൽ പദ്ധതി |
| പ്രോജക്ട് നം | 400/22-23 |
| ഫണ്ട് | വികസനഫണ്ട്<br>ഗുണഭോക്തൃവിഹിതം |
| ചെലവ് തുക | 160000 രൂപ |

എ) 20 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 20 ആടുകളെ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് അംഗീകാരം വാങ്ങിയത്. എന്നാൽ പ്രോജക്ട് നടപ്പാക്കിയപ്പോൾ 10 ഗുണഭോക്താക്കളിൽ നിന്ന് മാത്രം ഗുണഭോക്തൃ വിഹിതം പിരിച്ച് , ഒരാൾക്ക് 2 ആടുകൾ എന്ന ക്രമത്തിൽ 20 ആടുകളെ വിതരണം ചെയ്തു.

ബി) നഗരസഭയെ ഒറ്റ യൂണിറ്റായിക്കണ്ട് പദ്ധതികൾ നടപ്പാക്കുന്നതിന് പകരം 28 -ാം വാർഡിൽ നിന്നുള്ള ഗുണഭോക്താക്കളെ മാത്രം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കി.

B)

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം | ഫണ്ട് | ചെലവ്തുക |
|---|---|---|---|
| പോത്തുകുട്ടി വിതരണ പദ്ധതി(ജനറൽ) | 396/22-23 | വികസനഫണ്ട്<br>ഗുണഭോക്തൃവിഹിതം | 570000 |
| പോത്തുകുട്ടി വിതരണ പദ്ധതി (എസ്.സി.പി) | 394/22-23 | വികസനഫണ്ട്<br>ഗുണഭോക്തൃവിഹിതം | 720000 |

എ) പോത്തുകുട്ടികളെ വാങ്ങി വിതരണം ചെയ്യുന്നതിന് 7 ക്വട്ടേഷൻ സ്വീകരിച്ചതായി ഫയലിൽ കാണുന്നു. ടി ക്വട്ടേഷനുകളിൽ തൂക്കത്തിന്റെയും പ്രായത്തിന്റെയും അടിസ്ഥാനത്തിൽ ഏറ്റവും കുറവ് വിലയായ 14000 രൂപയും , 12000 രൂപയും ക്വോട്ട് ചെയ്ത കരാറുകാരിൽ നിന്ന് പോത്തുകുട്ടികളെ വാങ്ങുന്നതിനുള്ള നിരക്ക് താരതമ്യം ചെയ്ത് ടെണ്ടർ അംഗീകരിക്കുന്നതിന് പകരം 15000 രൂപ രേഖപ്പെടുത്തിയ മറ്റ് 3 സ്ഥാപനങ്ങളിൽ നിന്നാണ് പോത്തുകുട്ടികളെ വാങ്ങിയത്. ടെണ്ടർ അംഗീകരിച്ചത് സംബന്ധിച്ച് പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ തീരുമാനം തുടങ്ങിയ രേഖകൾ ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി കൗൺസിലിന്റെ തീരുമാനപ്രകാരം ക്വട്ടേഷൻ ക്ഷണിച്ചുവെന്നും എന്നാൽ ആയത് പ്രകാരമുള്ള വാങ്ങൽ അല്ല നടത്തിയത് എന്നുമാണ്. പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ തീരുമാനം ഹാജരാക്കിയില്ല. പോത്തുകുട്ടികളെ വാങ്ങുന്നതിന് മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കുകയോ കൗൺസിൽ തീരുമാനപ്രകാരമുള്ളതും സുതാര്യതയുള്ളതുമായ ക്വട്ടേഷൻ നടപടികൾ ശരിയാംവണ്ണം നടത്തുകയോ ചെയ്തില്ല.

ബി) മോഡേൺ ഫാം , കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്ന് പോത്തുകുട്ടികളെ

വാങ്ങിയതിന്റെ ബില്ല് പ്രകാരമുള്ള തുക നൽകിയിരിക്കുന്നത് ക്വട്ടേഷൻ നൽകിയ മറ്റൊരു വ്യക്തിയ്ക്കാണ്. മോഡേൺ ഫാമിന്റെ ക്വട്ടേഷൻ നൽകിയത് ഷൗക്കത്ത് എന്നയാളാണ്. എന്നാൽ ടി സ്ഥാപനത്തിന്റെ ബില്ല് പ്രകാരമുള്ള തുക നൽകിയത് രാഗേഷ് കൃഷ്ണൻ എന്നയാൾക്കാണ്. മോഡേൺ ഫാം എന്ന സ്ഥാപനത്തിന്റെ പാർട്ട്ണറാണ് രാഗേഷ് കൃഷ്ണൻ എന്നാണ് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിരിക്കുന്നത്. പദ്ധതി മാർഗരേഖയിൽ , വിതരണം ചെയ്യാൻ വാങ്ങുന്ന പോത്തുകുട്ടിയുടെ തൂക്കം സംബന്ധിച്ച നിർദേശങ്ങളില്ല. കുറഞ്ഞ വില ക്വാട്ട് ചെയ്തവരിൽ നിന്ന് പോത്തുകുട്ടിയെ പ്രായവും ആരോഗ്യവും പരിശോധിച്ച് ഉറപ്പിച്ച് വാങ്ങുന്നതിന് പകരം മാർഗരേഖയിലെ പരമാവധിയായ 15000 രൂപ ക്വാട്ട് ചെയ്തവരിൽ നിന്ന് യാതൊരുവിധ നെഗോഷിയേഷനും കടാതെ വാങ്ങുകയാണ് ചെയ്തത്.

സി) പോത്തുകുട്ടി വളർത്തൽ പദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഒടുക്കി, പദ്ധതി ആനുകൂല്യം ലഭിച്ച ചുവടെ പറയുന്ന വനിതകൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | പേര് , വിലാസം | വാർഡ് | ഒടുക്കിയ ഗുണഭോക്തൃവിഹിതം |
|---|---|---|---|
| 1 | അനിതാ കുമാരി , ഹരി നന്ദനം | 19 | 7500 |
| 2 | ജയകുമാരി , കരിങ്ങോടത്ത് തോന്നല്ലൂർ | 8 | 7500 |
| 3 | ബിന്ദു ബഥേൽ , മുടിയൂർക്കോണം | 32 | 7500 |
| 4 | അമ്മിണി കന്നുകൊട്ടുംതടത്തിൽ , മങ്ങാരം | 28 | 3750 |
| 5 | ജയ , കുളഞ്ഞിയിൽ , കടയ്ക്കാട് | 7 | 3750 |
| 6 | രാജേശ്വരി , അജീഷ് ഭവനം , കുരമ്പാല | 19 | 3750 |
| 7 | അമ്മിണി, ഊനംകോട്ട് മേലേതിൽ കുരമ്പാല | 17 | 3750 |
| 8 | സുശീല കെ.ആർ മണ്ണിൻ തെക്കേതിൽ കുരമ്പാല | 17 | 3750 |
| 9 | രാധിക കെ ചെറുകോണത്ത് മുടിയൂർകോണം | 33 | 3750 |
| 10 | രാജമ്മ | 33 | 3750 |

| | | | |
|---|---|---|---|
| | ,ദൈവത്തറയിൽ, മുടിയർക്കോണം | | |
| 11 | റോസമ്മ കാലായിൽ, മുടിയൂർക്കോണം | 32 | 3750 |

വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്കുള്ള (നം.25/20.01.24) മറുപടിയിൽ ക്രമ നം. 1,4,6,7,8,10 സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്നും ബാക്കി വീട്ടുകളിലെ വനിതകളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനാൽ വന്ന പിശകാണെന്നുമാണ്. പരിശോധനയ്ക്ക് ലഭിച്ച സപ്ലിമെന്ററി ലിസ്റ്റിലോ, തിരുത്തലുകൾ വരുത്തിയതിലോ ടിയാളുകൾ ഉൾപ്പെട്ടിരുന്നില്ലാത്തതിനാലും , ഗുണഭോക്തൃ വിഹിതം പിരിച്ച് , ആനുകൂല്യം നൽകിയത് വനിതകളിൽ നിന്നു മാത്രമായതിനാലും മറുപടി അംഗീകരിക്കുന്നില്ല. മേൽ ഗുണഭോക്താക്കളെ വാർഡ് സഭയും കൗൺസിലും അംഗീകരിച്ച് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-41 നഗരസസഭ പ്രദേശത്ത് മാലിന്യ നിക്ഷേപം തടയാൻ ക്യാമറ സ്ഥാപിക്കൽ-പദ്ധതി നടപ്പായില്ല

നഗരസസഭയിലെ കടയ്ക്കാട് മാർക്കറ്റിൽ മാലിന്യ നിക്ഷേപം തടയുന്നതിന് CC TVക്യാമറ സ്ഥാപിക്കുന്നതിനായി 2022-23 വർഷം 1,00,000 രൂപ 31-03-2023-ൽ പത്തനതിട്ട, പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. ക്യാമറ ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നും കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/2022-23, തീയതി: 20-01-2024) ലഭ്യമാക്കിയ മറുപടിയിൽ, നിർവ്വഹണ സ്ഥാപനം നാളിതുവരെ ക്യാമറ സ്ഥാപിച്ചിട്ടില്ലെന്നും ആയത് പൂർത്തിയാക്കുന്നതിന് സ്ഥാപനവുമായി കത്തിടപാടുകൾ നടത്തിവരികയാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ക്യാമറ സ്ഥാപിച്ചതിന് ശേഷമുള്ള തുടർ മോണിറ്ററിംഗ് ഉറപ്പാക്കേണ്ടതുമാണ്.

## 1-42 തെരുവു വിളക്ക് വാങ്ങലിനും അറ്റകുറ്റപ്പണിയ്ക്കും 9.81 ലക്ഷം ചെലവഴിച്ചത് പദ്ധതി ഇല്ലാതെ- സുതാര്യത ഇല്ല

തെരുവു വിളക്ക് അറ്റകുറ്റപ്പണിയ്ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് തനതു ഫണ്ടിൽ നിന്നും 300002 രൂപയും (ചെക്ക് നമ്പർ 2325421തീയതി 17.12.2022) തെരുവു വിളക്ക് അറ്റകുറ്റപ്പണി നടത്തിയതിന് 681510 രൂപയും തനത് ഫണ്ടിൽ നിന്നും പ്രോജക്റ്റ് വയ്ക്കാതെ ചെലവഴിച്ചു. (1.340480 ചെക്ക് നമ്പർ 9906011/13.10.2022, 2.341030 ചെക്ക് നമ്പർ 9660223/03.03.2023)

ചെലവു രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തെരുവു വിളക്ക് പരിപാലനം നഗരസഭയുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുന്നതും ആവർത്തനച്ചെലവ് ഉണ്ടാകുന്നതുമായ പ്രവൃത്തിയാണ്.വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ തനതുഫണ്ടിൽ നിന്നും ചെലവുകൾ നടത്തി.

2.അറ്റകുറ്റപ്പണികൾക്കാവശ്യമായ സാധനങ്ങൾ വാങ്ങിയത് എസ്സ് ആർ ഇലക്ട്രിക്കൽ എന്ന സ്ഥാപനത്തിൽ നിന്നുമാണ്. വാങ്ങിയ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1. | 20 W LED TUBE(luker) | 792 |
| 2. | 18 W LED TUBE(luker) | 495 |
| 3. | 1.5 LED WIRE (ATC) | 50 |
| 4. | PENDANT HOLDER | 256 |
| 5. | INSULATION TAPE | 151 |

ആവശ്യാധിഷ്ഠിതമായാണോ സാധനങ്ങൾ വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമല്ല. സാധന സാമഗ്രികളുടെ ആവശ്യകത നിർണ്ണയിക്കാതെയാണ് വാങ്ങലുകൾ നടത്തിയത്.

2. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (സ്റ്റോക്ക് രജിസ്റ്റർ - പേജ് 90). എന്നാൽ സ്റ്റോക്കിലെടുത്ത തീയതി, വിതരണത്തിന്റെ വിവരങ്ങൾ ഇവ രേഖപ്പെടുത്തിയിട്ടില്ല.

3. തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് 2012-22 വർഷത്തെ പ്രോജക്ട് പ്രകാരം (പ്രോ.നം. 5/22) കരാറിലേർപ്പെട്ട ശ്രീ ഗണേശൻ പിള്ള എന്ന കരാറുകാരന്റെ കാലാവധി 15.08.2022 അവസാനിച്ചതിനെത്തുടർന്ന് പല തവണയായി 2023ജനവരി 10 വരെ കരാർ നീട്ടി നൽകിയിട്ടുണ്ട്. വാർഷിക അറ്റകുറ്റപ്പണി നടത്തിയ കരാറുകാരന് വിവിധ വാർഡുകളിൽ തെരുവുവിളക്ക് അറ്റകുറ്റപ്പണി നടത്തിയതിന് വിളക്കുകളുടെ എണ്ണം ജനപ്രതിനിധികൾ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ അറ്റകുറ്റപ്പണിയുടെ വിശദാംശം മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി) തെരുവു വിളക്ക് അറ്റകുറ്റപ്പണി സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതുകൊണ്ടു തന്നെ ഉപയോഗിച്ച സാമഗ്രികളുടെ വിശദാംശങ്ങൾ ലഭ്യമല്ല. വാങ്ങിയതിൽ എത്ര വിളക്കുകൾ ഉപയോഗിച്ചിട്ടുണ്ടെന്നതിനെ സാധൂകരിയ്ക്കുന്ന രേഖകളില്ല.

സി) സ്റ്റോക്ക് രജിസ്റ്ററിൽ വിതരണ വിവരം രേഖപ്പെടുത്താത്തതിനാൽ സ്റ്റോക്ക് ബാലൻസ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

മേൽ വിവരങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (48/27.01.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മേൽ കാരണങ്ങളാൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി സാധനസാമഗ്രികളുടെ വാങ്ങൽ, വിതരണം , അറ്റകുറ്റപ്പണികൾ നടത്തൽ എന്നിവയിൽ സുതാര്യത ഇല്ലാത്തതായി ഓഡിറ്റ് വിലയിരുത്തുന്നു. ചെലവുകളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല. വിഷയത്തിൽ അന്വേഷണം നടത്തി ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതിന് ഭരണസമിതി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരോട് ശുപാർശ ചെയ്യുന്നു.

## 1-43 പ്രളയ ദുരന്ത നിവാരണം- വാങ്ങിയ ഫൈബർ വള്ളങ്ങൾ യഥാവിധി സംരക്ഷിക്കുന്നില്ല

പ്രളയദുരന്ത നിവാരണത്തിനായി വാങ്ങിയ ഫൈബർ വള്ളങ്ങളും അനുബന്ധ ഉപകരണങ്ങളും യാഥാവിധി സംരക്ഷിച്ച് സൂക്ഷിക്കുന്നില്ല. ഓഡിറ്റ് നടത്തിയ പരിശോധനയിൽ, വാങ്ങിയ വള്ളങ്ങൾ കെ.എസ്.ഇ.ബി. ഓഫീസിന് സമീപത്തായി കണ്ടം ചെയ്ത വാഹനങ്ങളും, ഉപയോഗ ശൂന്യമായ ആക്രി സാധനങ്ങളും മറ്റും സൂക്ഷിക്കുന്ന ഷെഡിൽ അലക്ഷ്യമായി സൂക്ഷിച്ചിരിക്കുകയാണ്. തുഴകളും, ലൈഫ് ജാക്കറ്റുകളും പന്തളം ജനകീയ ആരോഗ്യ കേന്ദ്രത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്. തുഴകൾ സംരക്ഷണമില്ലാതെ ദ്രവിച്ച് കൊണ്ടിരിക്കുകയാണ്. വാങ്ങിയ വള്ളങ്ങളും അനുബന്ധ സാമഗ്രികളും ഒരു അടിയന്തിര സാഹചര്യത്തിൽ ഉപയോഗപ്പെടുത്താൻ പാകത്തിനല്ല സൂക്ഷിച്ചിരിക്കുന്നതെന്നാണ് വ്യക്തമായിരിക്കുന്നത്.

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രളയ ദുരന്ത നിവാരണത്തിനായി

ഉപകരണങ്ങൾ വാങ്ങുന്ന പദ്ധതിയുടെ ഭാഗമായാണ് 6 ഫൈബർ വള്ളങ്ങളും, 12 തുഴകളും (തടി) 60 ലൈഫ് ജാക്കറ്റുകളും ആലപ്പുഴയിലുള്ള സ്റ്റൈലാന്റ് ഫൈബർ ഗ്ലാസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത്. പ്രോജക്ട് ഓഫീസറാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. ആകെ പദ്ധതി ചെലവ് 296946 രൂപയായിരുന്നു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ ചെലവ് | 2,82,805 |
| ജി.എസ്.ടി | 14,141 |
| ആകെ | 2,96,946 |
| പ്രോജക്ട് നം. | S0118/23 |
| ബിൽ നം./തീയതി | 220506470017O1124472/<br>02-02-2023 |

ബിൽ തുക അനുവദിച്ചപ്പോൾ സപ്ലയറിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട GST (2%) ഈടാക്കുകയുണ്ടായില്ല. മേൽ ജി.എസ്.ടി. സപ്ലയറിൽ നിന്ന് ഈടാക്കി സർക്കാരിൽ ഒടുക്കേണ്ടതാണ്.

കൂടാതെ വാങ്ങിയ വള്ളത്തിന്റെയും ഉപകരണങ്ങളുടെയും ഗുണനിലവാര പരിശോധന നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ ആലപ്പുഴ പോർട്ട് ഓഫീസർക്ക് 09-11-2022 ൽ കത്ത് നൽകിയിരുന്നുവെങ്കിലും ഗുണ നിലവാര പരിശോധന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.



അപാകതകൾ പരിഹരിക്കേണ്ടതും വാങ്ങിയ വള്ളങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കി പ്രളയമുണ്ടാകുന്ന അടിയന്തിര ഘട്ടത്തിൽ പ്രയോജനപ്പെടുന്ന തരത്തിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 29/2022-23 തീയതി 22.01.2024)

## 1-44 പ്രധാമന്ത്രി ആവാസ് യോജന - കരാറിലേർപ്പെടുന്നവർ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 2015-ൽ ആരംഭിച്ച പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, നഗരസഭ എന്നിവയുടെ വിഹിതവും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയാണ് ഭവന നിർമ്മാണത്തിനുള്ള ഫണ്ടുകൾ കണ്ടെത്തുന്നത്. നിലിവൽ ഗുണഭോക്തൃ വിഹിതം എന്ന ഘടകം ഒഴിവാക്കിയിട്ടുണ്ട്.

ഭവന നിർമ്മാണത്തിന് 400000 രൂപയാണ് സഹായം അനുവദിക്കുന്നത്. കരാർ സമർപ്പിച്ച് ഒന്നാം ഗഡുവായി (10%) 40000 രൂപയും, അടിത്തറ പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവായ (40%) 160000 രൂപയും, തറനിരപ്പിന് മുകളിൽ മേൽക്കൂര ഉൾപ്പെടെയുള്ള നിർമ്മാണം പൂർത്തീകരിക്കുമ്പോൾ മൂന്നാം ഗഡുവായ (40%) 160000രൂപയും എസ്റ്റിമേറ്റ് പ്രകാരം ഭവന

നിർമ്മാണം പൂർത്തീകരിച്ച് വെള്ളം/വൈദ്യുതി എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് അവസാന ഗഡുവായ (10%) 40000 രൂപയും ഗുണഭോക്താവിന് നൽകുന്നതാണ്. ഒരു ഗുണഭോക്താവിന് നൽകുന്ന 400000 രൂപയിൽ 150000 രൂപ കേന്ദ്ര വിഹിതവും, 50000 രൂപ സംസ്ഥാന വിഹിതവും ബാക്കിയുള്ള 200000 രൂപ നഗരസഭ വിഹിതവുമാണ്. നഗരസഭ വിഹിതത്തിൽ പദ്ധതി പ്രകാരം വകയിരുത്തുന്ന വികസന ഫണ്ടും ഹഡ്കോയിൽ നിന്നും എടുത്തിട്ടുള്ള ലോൺ തുകയും ഉൾപ്പെടും. നഗരസഭ സെക്രട്ടറിയും ഗുണഭോക്താവും തമ്മിൽ കരാറിലേർപ്പെട്ടതിന് 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

2017-18 വർഷം മുതലാണ് പി.എം.എ.വൈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കി തുടങ്ങിയത്. 2021-22 വർഷം മുതൽ ആയത് ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. വിവിധ ഘട്ടങ്ങളിലായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡി.പി.ആർ) അടിസ്ഥാനത്തിലാണ് ഓരോ ഘട്ടം പ്രവർത്തനത്തിലെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുൾപ്പെടെയുള്ള കാര്യങ്ങൾ നടക്കുന്നത്. വിവിധ ഡി.പി.ആർ പ്രകാരം ഭവന നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| ഡി.പി.ആർ നം. | ആകെ ഗുണഭോക്താക്കൾ | കരാറിൽ ഏർപ്പെട്ടവർ | ഭവന നിർമ്മാണം പൂർത്തീകരിച്ചവർ | പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | 75 | 74 | 65 | 9 |
| 2 | 179 | 177 | 154 | 23 |
| 3 | 75 | 71 | 52 | 19 |
| 4 | 52 | 50 | 35 | 15 |
| 5 | 121 | 121 | 86 | 35 |
| 6 | 99 | 82 | 11 | 71 |
| 7 | Cancelled | | | |
| 8 | 98 | 43 | 1 | 42 |
| 9 | 170 | 110 | 0 | 110 |
| ആകെ | 869 | 728 | 404 | 324 |

<u>വീട് പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ</u>

ഒന്ന് മുതൽ ആറ് വരെയുള്ള ഡി.പി.ആർ. പ്രകാരം ആനുകൂല്യം കൈപ്പറ്റിയ 172 പി.എം.എ.വൈ - ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾ വിവിധ ഗഡുക്കളായി തുക കൈപ്പറ്റിയിട്ടും നാളിതുവരെ പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. 8,9 ഡി.പി.ആർ. പ്രകാരമുള്ള പദ്ധതി ആരംഭദിശയിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | വാർഡ് നം. | ഡി.പി. ആർ നം. | തുക |
|---|---|---|---|---|
| 1 | ശ്രീമതി ചന്ദ്രിക, ആശാൻ പറമ്പിൽ | 8 | 1 | 325000 |
| 2 | ശ്രീമതി കല്യാണി, കുറ്റിപ്ലാവിള | 12 | ,, | 330000 |
| 3 | ശ്രീമതി ശോഭന, പറങ്ങാട്ട് കിഴക്കേതിൽ | 13 | ,, | 360000 |
| 4 | ശ്രീമതി വിജയമ്മ കെ.ജി, വല്ലാറ്റൂർ | 16 | ,, | 330000 |
| 5 | ശ്രീമതി സരസ്വതി, തെക്കോട്ട് | 24 | ,, | 330000 |

| | | | | |
|---|---|---|---|---|
| | ചരിഞ്ഞതിൽ | | | |
| 6 | ശ്രീമതി അനുമോൾ കെ സി, കല്ലയ്യത്ത് | 26 | ,, | 345000 |
| 7 | ശ്രീമതി റഹിയാനത്ത് ബീവി, മതിലിന്റെ വടക്കേതിൽ | 28 | ,, | 230000 |
| 8 | ശ്രീമതി നിരുപമ, കുറവത്തറയിൽ | 28 | ,, | 230000 |
| 9 | ശ്രീമതി ഓമന റ്റി എൻ, കരിമ്പയ്യൽ | 33 | ,, | 130000 |
| 10 | ശ്രീമതി ജലജ, കണ്ടച്ചിനേത്ത് | 7 | 2 | 325000 |
| 11 | ശ്രീമതി സബീന ജെ, പ്ലാന്തോട്ടത്തിൽ | 9 | ,, | 360000 |
| 12 | ശ്രീമതി ശാന്ത സി കെ, കുറ്റിപ്പാലവിളയിൽ | 12 | ,, | 325000 |
| 13 | ശ്രീമതി ജാനകി, കുറ്റിപ്പാലവിളയിൽ | 12 | ,, | 325000 |
| 14 | ശ്രീമതി അശ്വതി, കുറുമ്പുവേളിമുകളിൽ | 13 | ,, | 325000 |
| 15 | ശ്രീമതി സതി, രമേഷ് ഭവനം | 14 | ,, | 325000 |
| 16 | ശ്രീമതി സുജാത എസ്, പൂവണ്ണമടത്തിൽ തെക്കേതിൽ | 14 | ,, | 25000 |
| 17 | ശ്രീമതി ബിന്ദു രമേഷ്, മൂലയ്ക്കൽ കിഴക്കേതിൽ | 15 | ,, | 125000 |
| 18 | ശ്രീമതി വെളുമ്പി ആദിച്ചൻ, കുറ്റിമുരുപ്പേൽ | 16 | ,, | 325000 |
| 19 | ശ്രീമതി ഭവാനി, മയിലാട്ടുംകുളത്തിൽ | 17 | ,, | 325000 |
| 20 | ശ്രീമതി അന്നമ്മ ശാമുവേൽ, പൂവണ്ണതടത്തിൽ | 18 | ,, | 325000 |
| 21 | ശ്രീമതി മേഴ്സി തങ്കമ്മ, വിളയിൽ കിഴക്കേതിൽ | 20 | ,, | 325000 |
| 22 | ശ്രീമതി ലീല ആർ, കുണ്ടുംപാട്ട് | 20 | ,, | 325000 |
| 23 | ശ്രീമതി ദിവ്യമോൾ കെ, കുണ്ടുംപാട്ട് തെക്കേതിൽ | 21 | ,, | 225000 |
| 24 | ശ്രീമതി ബിനിത കുമാരി, പ്രസാദ് ഭവനം | 21 | ,, | 125000 |
| 25 | ശ്രീമതി ജയലക്ഷ്മി റ്റി എ, ജിഷ്ണു ഭവനം | 22 | ,, | 325000 |
| 26 | ശ്രീമതി ഷൈമോൾ, വെൺമണി മേലേതിൽ വടക്കേപ്പുര | 24 | ,, | 125000 |
| 27 | ശ്രീമതി രാധ കെ, മോടിപ്പുറത്ത് കിഴക്കേതിൽ | 27 | ,, | 250000 |
| 28 | ശ്രീമതി നിതിര രവി, യദുകുലം | 29 | ,, | 360000 |
| 29 | ശ്രീമതി മണിയമ്മ, മണപ്പുഴതറയിൽ | 29 | ,, | 225000 |
| 30 | ശ്രീമതി രമ രാജേന്ദ്രൻ, ശ്രീദേവി ഭവനം | 29 | ,, | 25000 |
| 31 | ശ്രീമതി ചിത്രമോൾ വി സി, തടത്തിൽ പടിഞ്ഞാറ്റേതിൽ | 31 | ,, | 25000 |
| 32 | ശ്രീമതി വിദ്യ ബാലചന്ദ്രൻ, മന്നത്ത് വീട് | 32 | ,, | 325000 |

| | | | | |
|---|---|---|---|---|
| 33 | ശ്രീമതി രഞ്ജി മനോജ്, വടക്കേകോയിക്കൽ | 7 | 3 | 360000 |
| 34 | ശ്രീമതി ബിന്ദു റ്റി.കെ, താഴയിൽ തെക്കേക്കര | 9 | ,, | 325000 |
| 35 | ശ്രീമതി സിന്ധു കൃഷ്ണൻകുട്ടി, തച്ചരുടയ്യത്ത് | 13 | ,, | 360000 |
| 36 | ശ്രീമതി രോഹിണി, കുളവരമ്പേൽ | 13 | ,, | 360000 |
| 37 | ശ്രീമതി സുധർമ്മ പി, പാലേലിക്കുഴിയിൽ | 13 | ,, | 200000 |
| 38 | ശ്രീമതി പൊടിയമ്മ, മാവരവടക്കേതിൽ | 13 | ,, | 360000 |
| 39 | ശ്രീമതി സരസ്വതി പൊടിയൻ, അഖിൽ ഭവനം | 18 | ,, | 200000 |
| 40 | ശ്രീമതി കുഞ്ഞിക്കുട്ടി, പനയംചേരിൽ | 19 | ,, | 360000 |
| 41 | ശ്രീമതി സുമ, കുറ്റിലയ്യത്ത് | 19 | ,, | 125000 |
| 42 | ശ്രീമതി ശ്രീദേവി ഡി, പുല്ലംവിളതെക്കേതിൽ | 20 | ,, | 325000 |
| 43 | ശ്രീമതി പ്രസന്ന, അയന്തിയിൽ മേലേതിൽ | 23 | ,, | 225000 |
| 44 | ശ്രീമതി ഗൗരിയമ്മ, പൂഴിക്കാട് | 24 | ,, | 125000 |
| 45 | ശ്രീമതി ശ്രീലേഖ എം, തോപ്പിന്റെ പടിഞ്ഞാറ്റേതിൽ | 25 | ,, | 360000 |
| 46 | ശ്രീമതി കുശലകുമാരി, ഉരുക്കൻമാരുവിള | 22 | ,, | 360000 |
| 47 | ശ്രീമതി കൊച്ചുപെണ്ണ് , പാലതടത്തിൽ | 25 | ,, | 325000 |
| 48 | ശ്രീമതി പ്രസന്ന, മന്നത്ത് | 32 | ,, | 360000 |
| 49 | ശ്രീമതി ലളിത കെ, മന്നത്ത് തെക്കേതിൽ | 32 | ,, | 325000 |
| 50 | ശ്രീമതി പൊന്നമ്മ, നരങ്ങാട്ടിൽ | 32 | ,, | 325000 |
| 51 | ശ്രീമതി അജിത എ, പൂന്നല വീട് | 33 | ,, | 360000 |
| 52 | ശ്രീ. ഭാസ്കരൻ എം എസ്, മയിൽആട്ടുംകാലം | 17 | 4 | 325000 |
| 53 | ശ്രീമതി ശ്രീദേവി, ഊനംകോട്ടുമേലേതിൽ | 17 | ,, | 360000 |
| 54 | ശ്രീമതി രതമ്മ, പുതുവേലിൽ | 30 | ,, | 40000 |
| 55 | ശ്രീമതി ചന്ദ്രമതി, നൂറനാട്ടേത്ത് | 4 | ,, | 325000 |
| 56 | ശ്രീമതി ഓമന കെ, കണിച്ചേരിയിൽ | 4 | ,, | 25000 |
| 57 | ശ്രീമതി സരസമ്മ ബി, പടിഞ്ഞാറേ മട്ടപ്പള്ളിൽ | 11 | ,, | 325000 |
| 58 | ശ്രീ. രഞ്ജിത്ത് ആർ, രഞ്ജിത്ത് ഭവൻ | 1 | ,, | 365000 |
| 59 | ശ്രീമതി കുഞ്ഞിക്കുട്ടി, മുകടിപ്പുറത്തു വടക്കേതിൽ | 27 | ,, | 25000 |
| 60 | ശ്രീമതി ചെല്ലമ്മ, കളീലുവിളയിൽ | 16 | ,, | 325000 |
| 61 | ശ്രീമതി ജഗദമ്മ, ആരതി ഭവൻ | 19 | ,, | 25000 |
| 62 | ശ്രീമതി പൊന്നമ്മ കെ, വലിയവീട്ടിൽ | 2 | ,, | 200000 |

| | | | | |
|---|---|---|---|---|
| 63 | ശ്രീമതി ശോഭനകുമാരി, സുരേഷ് ഭവനം | 2 | ,, | 40000 |
| 64 | ശ്രീമതി ജയ, മയിലക്കാട്ടിൽ | 32 | ,, | 125000 |
| 65 | ശ്രീമതി ശ്രീകല, എരുത്തിലുവിളയിൽ | 2 | ,, | 125000 |
| 66 | ശ്രീമതി സുശീലാമ്മ, രണ്ടാവിള തെക്കേതിൽ | 29 | ,, | 325000 |
| 67 | ശ്രീമതി ജ്യോതി ചന്ദ്രൻ, തുണ്ടത്തിൽ | 1 | 5 | 360000 |
| 68 | ശ്രീമതി രാജലക്ഷ്മി കെ ആർ, സജി സദനം | 2 | ,, | 360000 |
| 69 | ശ്രീമതി അനിത ബി, മനോജ് ഭവനം | 3 | ,, | 40000 |
| 70 | ശ്രീമതി സരസമ്മാൾ, ജയാഭവൻ | 4 | ,, | 200000 |
| 71 | ശ്രീമതി ഷെറീന, ഇളവയിൽ ലക്ഷം വീട് | 9 | ,, | 360000 |
| 72 | ശ്രീമതി സബിത ഹബീബ്, തൈവടക്കേതിൽ | 10 | ,, | 360000 |
| 73 | ശ്രീമതി പൊന്നമ്മ ആർ. മലയുടെ തെക്കേതിൽ | 12 | ,, | 40000 |
| 74 | ശ്രീ. രാജേഷ്കുമാർ, പാണറമുകടിയിൽ | 7 | ,, | 40000 |
| 75 | ശ്രീമതി ഗീതു, കോടനയ്യത്ത് | 12 | ,, | 360000 |
| 76 | ശ്രീമതി രാധാദേവി, വല്ല്യയ്യത്ത് തെക്കേപ്പുര | 12 | ,, | 360000 |
| 77 | ശ്രീമതി ഷാഹിന ബി, മമ്മത്തു വീട് | 13 | ,, | 40000 |
| 78 | ശ്രീമതി തങ്കമ്മ കെ, മുരുപ്പേൽ കിഴക്കേതിൽ | 16 | ,, | 360000 |
| 79 | ശ്രീമതി രമണി കെ, വാറ്റുപുര തടത്തിൽ | 17 | ,, | 360000 |
| 80 | ശ്രീമതി കുഞ്ഞിപ്പെണ്ണ്, വല്ല്യയത്ത് വടക്കേക്കര | 17 | ,, | 360000 |
| 81 | ശ്രീമതി മഞ്ജു ശശി, ഒലിപ്പിൽ മേലേതിൽ | 17 | ,, | 360000 |
| 82 | ശ്രീമതി ഇന്ദിര എ, തയ്യിൽ വീട് | 18 | ,, | 360000 |
| 83 | ശ്രീമതി പൊന്നമ്മ, പൈകുളത്തു കിഴക്കേതിൽ | 20 | ,, | 360000 |
| 84 | ശ്രീമതി ബിന്ദു ബി. കുണ്ടുംപാട്ട് തെക്കേതിൽ | 20 | ,, | 40000 |
| 85 | ശ്രീമതി ധനജാലക്ഷ്മി, കാർത്തിക ഭവൻ | 21 | ,, | 40000 |
| 86 | ശ്രീമതി രാധാമണി കെ എൻ, വടക്കേത്തറയിൽ | 22 | ,, | 360000 |
| 87 | ശ്രീമതി സരസ്വതി, പുതുവേലിൽ | 23 | ,, | 40000 |
| 88 | ശ്രീമതി സുശീല എസ്, തോപ്പിന്റെ തെക്കേതിൽ | 25 | ,, | 360000 |
| 89 | ശ്രീമതി ജെമീല സോമൻ, ചാരുനിൽക്കുന്നതിൽ | 25 | ,, | 40000 |
| 90 | ശ്രീമതി ഇന്ദിര വിജയൻ, വിജയ് ഭവൻ | 26 | ,, | 40000 |

| | | | | |
|---|---|---|---|---|
| 91 | ശ്രീമതി സരിത കെ എ, കുട്ടവളക്കുഴി പടിഞ്ഞാറ്റേതിൽ | 28 | ,, | 360000 |
| 92 | ശ്രീമതി ലത ജി, കുറുമ്പോലി മുകളിൽ | 29 | ,, | 360000 |
| 93 | ശ്രീമതി ഷക്കീല ജെ, നെടിയമണ്ണിൽ | 30 | ,, | 360000 |
| 94 | ശ്രീമതി സരസമ്മ എൻ, കുട്ടംവെട്ടിയിൽ വടക്കേതിൽ | 30 | ,, | 360000 |
| 95 | ശ്രീമതി രഞ്ചു ആർ, പണിക്കുഴത്തിൽ | 31 | ,, | 360000 |
| 96 | ശ്രീമതി അംബിക, തേക്കതടത്തിൽ | 32 | ,, | 200000 |
| 97 | ശ്രീമതി സുജാത എസ്, മുല്ലക്കൽ | 32 | ,, | 360000 |
| 98 | ശ്രീമതി നെൽസമ്മ, ബെഥൽ | 32 | ,, | 200000 |
| 99 | ശ്രീമതി ഷേർലി ഐ, കിഴക്കോട്ടു ചരിഞ്ഞതിൽ | 32 | ,, | 40000 |
| 100 | ശ്രീമതി ചെല്ലമ്മ , ദൈവത്തറയിൽ വീട് | 33 | ,, | 360000 |
| 101 | ശ്രീമതി തുളസി മധു, കണ്ണേമേത്ത് | 33 | ,, | 40000 |
| 102 | ശ്രീമതി ഉഷാകുമാരി, രമ്യാഭവനം | 1 | 6 | 360000 |
| 103 | ശ്രീമതി വാസന്തി റ്റി.ആർ, മലമേൽ പുത്തൻവീട് | 1 | ,, | 360000 |
| 104 | ശ്രീമതി ജാനമ്മ, തോട്ടത്തിൽ | 1 | ,, | 360000 |
| 105 | ശ്രുമതി സുധഅമ്മ, പുല്ലാമഠത്തിൽ | 2 | ,, | 360000 |
| 106 | ശ്രീമതി സുമ ബി. പെരുമ്പത്തറ തെക്കേതിൽ | 2 | ,, | 200000 |
| 107 | ശ്രീമതി രമ്യ കെ. പുതുശ്ശേരിൽ | 2 | ,, | 40000 |
| 108 | ശ്രീമതി സിന്ധു അജയകുമാർ, കാരിക്കത്തറ പടിഞ്ഞാറ്റേതിൽ | 2 | ,, | 360000 |
| 109 | ശ്രീമതി മോനി തോമസ്, തുടത്തുണ്ടിൽ | 3 | ,, | 360000 |
| 110 | ശ്രീമതി ജയന്തി കെ.എസ്. തച്ചുവേലിൽ | 3 | ,, | 360000 |
| 111 | ശ്രീമതി ഗീതമോൾ എം, കല്ലിരിക്കുന്നതിൽ | 3 | ,, | 40000 |
| 112 | ശ്രീമതി ഉഷ, പൂളയിൽ കോളനി | 3 | ,, | 360000 |
| 113 | ശ്രീമതി അശ്വതി, കുഴിവേലി വെട്ടത്ത് | 3 | ,, | 40000 |
| 114 | ശ്രീമതി ശ്രീലത വി.ആർ, ശ്രീകൃഷ്ണവിലാസം | 7 | ,, | 360000 |
| 115 | ശ്രീമതി ഗീത, ഇടക്കണ്ടത്തിൽ | 7 | ,, | 40000 |
| 116 | ശ്രീമതി സുജിത എസ്., അജേഷ് ഭവനം | 7 | ,, | 40000 |
| 117 | ശ്രീമതി ചന്ദ്രിക കെ.കെ, പുത്തേത്ത് വീട് | 7 | ,, | 360000 |
| 118 | ശ്രീമതി രമണി തങ്കപ്പൻ, തൈമണ്ണിൽ തൊട്ടുകയിൽ | 8 | ,, | 360000 |
| 119 | ശ്രീമതി മാജിദ, ഉളമണ്ണിൽ | 9 | ,, | 200000 |
| 120 | ശ്രീമതി ഫൗസിയ, ചന്തയിൽ പുത്തൻവീട് | 10 | ,, | 200000 |

| | | | | |
|---|---|---|---|---|
| 121 | ശ്രീമതി രഞ്ജുഷ, പണ്ടാരത്തിൽ | 11 | ,, | 360000 |
| 122 | ശ്രീമതി മണി, കുറ്റിപ്ലാവിളയിൽ | 12 | ,, | 40000 |
| 123 | ശ്രീമതി മണിയമ്മ പാറശ്ശേരിൽ വീട് | 12 | ,, | 360000 |
| 124 | ശ്രീമതി സരസമ്മ, കുറ്റിപ്പാല വിളയിൽ | 12 | ,, | 40000 |
| 125 | ശ്രീമതി സൗമ്യ എം, അമ്പത്തായിൽ പുത്തൻവീട് | 13 | ,, | 360000 |
| 126 | ശ്രീമതി മല്ലിക, കടമാൻകോട്ട് കിഴക്കേതിൽ | 13 | ,, | 360000 |
| 127 | ശ്രീമതി വിദ്യ എ, കുരുമ്പേലിൽ | 13 | ,, | 360000 |
| 128 | ശ്രീമതി സരോജിനി, കോയിക്കൽ വടക്കേതിൽ | 14 | ,, | 200000 |
| 129 | ശ്രീമതി തുളസി ജെ., മൂശാരി പറമ്പിൽ | 14 | ,, | 200000 |
| 130 | ശ്രീമതി അനിത എസ്, പ്ലാവിള പടിഞ്ഞാറേതിൽ | 16 | ,, | 200000 |
| 131 | ശ്രീമതി അംബുജാക്ഷി പി. മംഗലത്ത്വീട് | 16 | ,, | 360000 |
| 132 | ശ്രീമതി മഞ്ജു ജി, പുരുവൻകുറ്റി പറമ്പിൽ | 17 | ,, | 200000 |
| 133 | ശ്രീമതി ദർശന കുമാരി, ചാരുവിള മേലേതിൽ | 17 | ,, | 360000 |
| 134 | ശ്രീമതി സരസമ്മ, ആതിരയുടെ തെക്കേതിൽ | 17 | ,, | 360000 |
| 135 | ശ്രീ അനീഷ് /സുജാത, അനീഷ് ഭവനം | 17 | ,, | 200000 |
| 136 | ശ്രീമതി ശാന്തമ്മ, നെല്ലിക്കാട്ടിൽ | 17 | ,, | 40000 |
| 137 | ശ്രീമതി തങ്കമ്മണി മലയുടെ തെക്കേതിൽ | 17 | ,, | 360000 |
| 138 | ശ്രീമതി രമാദേവി, അഞ്ജിത് ഭവനം | 18 | ,, | 40000 |
| 139 | ശ്രീമതി അന്നമ്മ, സ്നേഹധാര | 19 | ,, | 40000 |
| 140 | ശ്രീമതി മണി, താനുവേലിൽ | 19 | ,, | 360000 |
| 141 | ശ്രീ രാജേഷ് കെ.ആർ, രാജേഷ് ഭവൻ | 19 | ,, | 360000 |
| 142 | ശ്രീമതി രത്നമ്മ എസ്, കൊട്ടയ്ക്കാട് പടിഞ്ഞാറ്റേതിൽ | 21 | ,, | 360000 |
| 143 | ശ്രീമതി ഇന്ദിരാഭായി ആർ, ആറുതുണ്ടിൽ വീട് | 21 | ,, | 360000 |
| 144 | ശ്രീമതി തൃഷ്ണമോൾ റ്റി.വി, മണിമന്ദിരം | 22 | ,, | 400000 |
| 145 | ശ്രീമതി ആര്യ എസ്.ബാബു, സുധി നിവാസ് | 22 | ,, | 200000 |
| 146 | ശ്രീമതി ശ്രീജ പി. തെക്കേമംഗലത്ത് | 22 | ,, | 200000 |
| 147 | ശ്രീമതി ശ്യാമള വി.വി, മലയുടെ കിഴക്കേതിൽ | 22 | ,, | 360000 |
| 148 | ശ്രീമതി ശ്യമള, നീരൊഴുക്കിൽ | 19 | ,, | 360000 |
| 149 | ശ്രീമതി ശോഭ എസ്, രാഹുൽ നിവാസ് | 25 | ,, | 200000 |

| | | | | |
|---|---|---|---|---|
| 150 | ശ്രീമതി രാജമ്മ, മലയുടെ തെക്കേതിൽ | 25 | ,, | 200000 |
| 151 | ശ്രീമതി ഓമന, നടുവൊടിഞ്ഞതിൽ | 25 | ,, | 200000 |
| 152 | ശ്രീമതി ഗീത പി, മോടിപ്പുറത്ത് കിഴക്കേതിൽ | 27 | ,, | 200000 |
| 153 | ശ്രീമതി പ്രഭ എസ്, ശ്രീവിലാസം | 29 | ,, | 200000 |
| 154 | ശ്രീമതി ഇന്ദുലേഖ ആർ, അജയവിലാസം | 29 | ,, | 360000 |
| 155 | ശ്രീമതി കമലമ്മ, ചേനേത്ത് വടക്കേപ്പുര | 29 | ,, | 360000 |
| 156 | ശ്രീമതി ഓമന രാജപ്പൻ, മുല്ലക്കൽ | 30 | ,, | 360000 |
| 157 | ശ്രീമതി മിനി വർഗ്ഗീസ്, നെടിയമണ്ണിൽ | 30 | ,, | 360000 |
| 158 | ശ്രീമതി സുജാത പി, പനിക്കുഴത്തിൽ | 31 | ,, | 200000 |
| 159 | ശ്രീമതി മഞ്ജു എസ്, സംപ്രീത് ഭവൻ | 31 | ,, | 360000 |
| 160 | ശ്രീമതി ശാന്തമ്മ, ചൂരക്കോട്ട് ഉണ്ടിൽ | 32 | ,, | 360000 |
| 161 | ശ്രീമതി കനകമ്മ, ചൂരക്കോട്ട് കാലായിൽ | 32 | ,, | 200000 |
| 162 | ശ്രീമതി ശ്യാമള, സിജി ഭവനം | 32 | ,, | 40000 |
| 163 | ശ്രീമതി ജയകുമാരി, മുട്ടുപന്തിയിൽ | 32 | ,, | 360000 |
| 164 | ശ്രീമതി ജഗദമ്മ, കന്നുകെട്ടിൽ കിഴക്കേതിൽ | 32 | ,, | 200000 |
| 165 | ശ്രീമതി സുനിത വി ജോസഫ്, കോവിലകത്ത് മുകടിയിൽ | 32 | ,, | 360000 |
| 166 | ശ്രീമതി ഉഷ പി,കെ, കണ്ണാട്ടുശ്ശേരിൽ | 33 | ,, | 200000 |
| 167 | ശ്രീമതി ശ്യാമള കാഞ്ഞിരം നിൽക്കുന്നതിൽ | 32 | ,, | 40000 |
| 168 | ശ്രീമതി സുബല, കന്നുകെട്ടിൽ കിഴക്കേതിൽ | 32 | ,, | 360000 |
| 169 | ശ്രീമതി സിനി ബി, ജയ ഭവനം | 33 | ,, | 360000 |
| 170 | ശ്രീമതി അനിത കെ, കന്നുകെട്ടിൽ | 33 | ,, | 360000 |
| 171 | ശ്രീമതി ഉഷാകുമാരി, ചാരുവിളയിൽ | 17 | ,, | 40000 |
| 172 | ശ്രീമതി രമണി വി, പുതുമന ഇടപ്പുരയിൽ | 33 | ,, | 360000 |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 36/2022-23, തീയതി: 24-01-2024), ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് ഭവന നിർമ്മാണം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് ഭരണതലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-45 ജൈവ /ജീവാണു കീടനാശിനികളുടെ വാങ്ങൽ - മാർഗനിർദേശങ്ങൾ പാലിച്ചില്ല**

ജൈവ/ജീവാണു കീടനാശിനികളുടെ ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ജൈവകീടനാശിനി, ജീവാണു കീടനാശിനി കിറ്റ് വിതരണം എന്ന പ്രോജക്ട് കൃഷി ഫീൽഡ് ഓഫീസറുടെ നിർവഹണത്തിൽ നടപ്പാക്കി. പ്രോജക്ടിന്റെ

പരിശോധനയിൽ പദ്ധതി നിർവഹണത്തിന് സർക്കാർ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ പ്രായോഗികമാക്കിയില്ല എന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | ജൈവകീടനാശിനി ,ജീവാണു കീടനാശിനി കിറ്റ് വിതരണം |
| പ്രോജക്ട് നം | (370/22-23) |
| ഫണ്ട് | 136000 ( ഗുണഭോക്തൃ വിഹിതം- 34000 , വികസനഫണ്ട് 102000) |

2022-23 വാർഷിക പദ്ധതിയുടെ ഭാഗമായി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ജൈവ/ജീവാണു കീടനാശിനി കിറ്റ് വിതരണം ചെയ്യുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കാർഷിക കർമ്മസേന (KKS) ഇക്കോഷോപ്പ്, പന്തളം എന്ന സ്ഥാപനത്തിൽ നിന്ന് 6 ഇനം ജൈവ/ജീവാണു കീടനാശിനികൾ വാങ്ങി ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെയും , ഭൂവിസ്തൃതിയുടെയും അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് 400 യൂണിറ്റുകൾ വിതരണം ചെയ്തു . പന്തളം KKS ഇക്കോഷോപ്പ് ന്റെ 29/12/22 ലെ 13 -ാം നമ്പർ ബില്ല് പ്രകാരമാണ് ജൈവ/ജീവാണു കീടനാശിനികൾ വാങ്ങിയതിന്റെ തുക 136000 രൂപ സ്ഥാപനത്തിന് നൽകിയത്

A)പതിന്നാലാം പദ്ധതി മാർഗരേഖ ഖ:6.1.3 ൽ ജൈവ/ജീവാണു കീടനാശിനികൾ വാങ്ങാവുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കിയിട്ടുണ്ട്. അതുപ്രകാരം കേരള കാർഷിക സർവകലാശാല, റയ്ഡ്കോ, കയർഫെഡ് , എഫ്.പി.ഒ എന്നിവയിലെ ജൈവ/ജീവാണു കീടനാശിനികൾ , കാർഷിക കർമസേനകൾ , കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ 'ഉൽപാദിപ്പിക്കുന്ന' ജൈവ/ജീവാണു കീടനാശിനികൾ വാങ്ങാവുന്നതാണ്. ഇവ കൂടാതെ സ.ഉ(സാധാ) നം.2164/2022/LSGD തീ.02.09.22 പ്രകാരമുള്ള മാർഗരേഖാ വിശദീകരണത്തിൽ മണ്ണുത്തിയിലുള്ള സ്റ്റേറ്റ്ബയോ കൺട്രോൾ ലാബിൽ നിന്ന് വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ടി നിർദേശങ്ങൾ പാലിക്കാതെ KKS ഇക്കോഷോപ്പിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ കൂടാതെ ജൈവ/ജീവാണു കീടനാശിനി വാങ്ങി വിതരണം ചെയ്തു. കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ കമ്മറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിൽ നിന്നും വാങ്ങിയെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. പ്രത്യേക സർക്കാർ ഉത്തരവുള്ളത് ഹാജരാക്കാമെന്ന് അറിയിച്ചെങ്കിലും ഹാജരാക്കിയില്ല.

B)സ്ഥാപനത്തിന്റെ ബിൽ പ്രകാരം സ്യൂഡോമോണസ് എന്ന ജീവാണു കീടനാശിനി ₹ 65 /100 Ml നിരക്കിൽ 400 യൂണിറ്റ് 26000 രൂപ ചെലവിൽ വാങ്ങിയിട്ടുണ്ട്. സ്യൂഡോമോണസ് ലിക്വിഡ്-ന്റെ ജില്ലാതല യൂണിറ്റ് കോസ്റ്റ് ആർ.ഒ 1-601/2022 / ഡി.പി.സി /പി.റ്റി.എ തീ. 21.06.22 പ്രകാരം ₹55 / 100 Ml ആണ്. യൂണിറ്റ് കോസ്റ്റിൽ നിന്ന് 10 രൂപ വീതം അധികരിച്ച് വാങ്ങിയതിനാൽ 4000 രൂപ ടി ഇനത്തിനു മാത്രം അധികം ചെലവഴിച്ചു. കാർഷിക യൂണിവേഴ്സിറ്റിയുടെ കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ നടത്തിയ അന്വേഷണത്തിൽ ടി സ്ഥാപനത്തിൽ ₹60 /100 Ml ആണ് സ്യൂഡോമോണസ് ലിക്വിഡ് ന്റെ വിലയെന്നും , അതിനാൽ ട്രാൻസ്പോർട്ടേഷൻ ചാർജ് കൂടി ചേർത്താണ് ₹ 65 /100 Ml നിരക്കിൽ പന്തളം കെ.കെ.എസ് എക്കോഷോപ്പിൽ നിന്ന് സ്യൂഡോമോണസ് ലിക്വിഡ് വാങ്ങിയതെന്നുമുള്ള മറുപടി അംഗീകരിക്കുന്നില്ല. വാർഷിക പദ്ധതികൾ നടപ്പാക്കുന്നതിന് ജില്ലാതല സമിതി പല ഘടകങ്ങളും പരിഗണിച്ച് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത് സംബന്ധിച്ച് കൃഷി വകുപ്പിന്റെ കിഴിലുള്ളസ്ഥാപനങ്ങൾക്ക് നിർദേശം

നൽകേണ്ട ചുമതല കൂടി നിർവഹണ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്.

C)പ്രോജക്ട് പ്രകാരം വാങ്ങിയ ജൈവ കീടനാശിനിയായ നിംബിസിഡിൻ, ജീവാണു കീടനാശിനികളായ വെർട്ടിസീലിയം, ബിവേറിയ എന്നിവയുടെ വില ജില്ലാ തലത്തിലോ വകുപ്പുതലത്തിലോ നിശ്ചയിച്ചിട്ടുള്ളതായി ബോധ്യപ്പെടുത്തിയിട്ടില്ല. യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തുമ്പോൾ , ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

D) ട്രൈക്കോഡർമ കിലോഗ്രാമിന് 160 രൂപയാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിരിക്കുന്നത്. ട്രൈക്കോഡർമ കേക്ക് 6 രൂപ നിരക്കിൽ 4000 യൂണിറ്റ് വാങ്ങിയിട്ടുണ്ട്. എന്നാൽ ബില്ലിൽ ട്രൈക്കോഡർമയുടെ അളവ്(ഗ്രാം/കി.ഗ്രാം) സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ യൂണിറ്റ് കോസ്റ്റിൽ അധികരിക്കാതെ ട്രൈക്കോഡർമ വാങ്ങിയിട്ടുണ്ടെയെന്നുള്ളത് സംബന്ധിച്ച് വ്യക്തതയില്ല. ആയതിനും മറുപടി ലഭ്യമാക്കിയില്ല.
മേൽ പരാമർശങ്ങളിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/24.01.2024) നൽകിയ മറുപടി പരാമർശത്തെ സാധൂകരിക്കുന്നില്ല. ആയതിനാൽ പദ്ധതി മാർഗരേഖയിലെ നിർദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് നിർവ്വഹണം നടത്തിയ പ്രോജക്ട് സംബന്ധിച്ച പരാമർശത്തിനു മേൽ ഉചിതമായ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-46 അഗതിരഹിത കേരളം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് ആവിഷ്കരിച്ചതാണ് 'അഗതി രഹിത കേരളം' എന്ന പദ്ധതി. മൂന്ന് ഘട്ടങ്ങളിലായി നടത്തുവാൻ വിഭാവനം ചെയ്ത പദ്ധതി മൂന്നാം ഘട്ടം പിന്നിട്ടിട്ടും പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യത്തിലേയ്ക്ക് എത്തിയിട്ടില്ല. 21.07.2022-ലെ 1751/2022 /LSGD-ാം നമ്പർ ഉത്തരവ് പ്രകാരം പദ്ധതി കാലയളവ് ദീർഘിപ്പിട്ടുണ്ട്.

'അഗതി രഹിത കേരളം' എന്ന പദ്ധതിയുടെ എല്ലാ ഇടപാടുകളും നടത്തിവരുന്നത് പന്തളത്തുള്ള കാനറാ ബാങ്കിന്റെ ശാഖയിലാണ്(അക്കൗണ്ട് നം. 2495101069493). ഈ അക്കൗണ്ടിലൂടെയാണ് പ്ലാൻഫണ്ടിന്റെയും, ചലഞ്ച് ഫണ്ടിന്റെയും വരവ്-ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നത്. ആശ്രയാ പദ്ധതിയ്ക്കായി അനുവദിക്കപ്പെട്ടതും എന്നാൽ വിനിയോഗശേഷം അവശേഷിച്ചതുമായ മുഴുവൻ തുകയും (6,26,187 രൂപ) അഗതി രഹിത കേരളം എന്ന പദ്ധതിയ്ക്കായി ആരംഭിച്ച ഈ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയുണ്ടായി. ഈ തുകയും ഈ പദ്ധതി നടത്തിപ്പിൽ ഉപയോഗിച്ചിട്ടുണ്ട്.

പദ്ധതിയുടെ 2022-23 വർഷത്തിലെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഏജൻസി | വകയിരുത്തിയ തുക | ലഭ്യമായ തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| | 01.04.2022 പ്രകാരം മുന്നിരിപ്പ് ₹ 754065.56 | | | | |
| 2022-23 | വികസന ഫണ്ട് | 200000 | 200000 | 200000 | |
| | വികസന ഫണ്ട് (എസ്.സി.പി) | 200000 | 200000 | 200000 | |
| | ചലഞ്ച് ഫണ്ട്+ പ്ലാൻ ഫണ്ട്(മുൻവർഷ നീക്കിയിരിപ്പ് ഉൾപ്പെടെ) | | | 700304 | |
| | പലിശ | 14478 | | | |

| | |
|---|---|
| | 31.03.2023 പ്രകാരം നീക്കിയിരിപ്പ് ₹ 68,239.56 |

**അഗതി രഹിത കേരളം - 1, 2 & 3 ഘട്ട പ്രവർത്തന അവലോകനം**

പന്തളം നഗരസഭയുടെ അഗതി രഹിത കേരളം പദ്ധതിയ്ക്ക് 10.03.2019-തീയതിയിലെ ഉത്തരവ് നം. KS/L/13100/2018-ാം പ്രകാരം 1141042 രൂപയും 21.10.2020തീയതിയിലെ ഉത്തരവ് നം. 13100/AL /2018/KSHO(1)-ാം പ്രകാരം 13,32,400 രൂപയും അനുവദിച്ചിട്ടുണ്ട്. നാളിതുവരെ നഗരസഭയ്ക്ക് 24,73,442 രൂപ ചലഞ്ച്ഫണ്ടിനത്തിലും 14,00,000രൂപ പ്ലാൻ ഫണ്ടിനത്തിലുമായി ലഭിച്ചിട്ടുണ്ട്. നഗരസഭ അഗതിരഹിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനങ്ങളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സേവനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | സേവനങ്ങൾ ലഭ്യമായ ഗുണഭോക്താക്കൾ | ചെലവഴിച്ച തുക |
|---|---|---|---|---|
| ഭക്ഷണം | 262 | 6285600 | 262 | 4625028 |
| ചികിത്സ | 235 | 2159400 | 0 | 0 |
| വിദ്യാഭ്യാസം | 40 | 165600 | 40 | 8950 |
| വീട് | 20 | 8000000 | 0 | 0 |
| ഭൂമി | 3 | 550000 | 0 | 0 |
| ശൗചാലയം | 4 | 30800 | 0 | 0 |
| ഭവനപുനരുദ്ധാരണം | 37 | 4550000 | 0 | 0 |
| കുടിവെള്ളം | 11 | 300000 | 0 | 0 |
| തൊഴിൽ പരിശീലനം | 0 | 6000 | 0 | 0 |
| കൗൺസിലിംഗ് | 0 | 30000 | 0 | 0 |
| മെഡിക്കൽ ക്യാമ്പ് | | 75000 | 0 | 0 |
| റിസർവ് ഫണ്ട് | | 30000 | 0 | 0 |
| മറ്റ് ചെലവുകൾ | | 15000 | | 1000 |
| ആകെ | | 22358400 | | 4634978 |

വിഭാവനം ചെയ്തിട്ടുള്ള അതിജീവന ആവശ്യങ്ങളായ ആരോഗ്യം, വസ്ത്രം, വിദ്യാഭ്യാസം, കുടിവെള്ളം എന്നിവയ്ക്കായി പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടില്ല. ചികിത്സാ സഹായം ആവശ്യമുള്ള 235 ഗുണഭോക്താക്കൾക്കായി 2159400രൂപ പദ്ധതിയിൽ വകയിരുത്തിയിരുന്നുവെങ്കിലും ഈ ഇനത്തിൽ പദ്ധതിയിൽ ചെലവ് ഒന്നും തന്നെ നടന്നിട്ടില്ല. രോഗികളായ അഗതികൾക്ക് ഹെൽത്ത് കാർഡ് ഇഷ്യൂ ചെയ്തിട്ടുമില്ല. രോഗികളായ അഗതികൾക്ക് സേവനം നൽകുന്നതിന് അലോപ്പതി/ആയുർവ്വേദം /ഹോമിയോ എന്നീ വിഭാഗത്തിലെ ഒരു മെഡിക്കൽ ഓഫീസറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തേണ്ടതുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർമാർ ഈ ചുമതല ഏറ്റെടുത്തിട്ടില്ല. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമമവുമായ നടത്തിപ്പിനായി വിലയിരുത്തൽ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും നിരന്തര വിലയിരുത്തലിനായി ഉപസമിതിയും രൂപീകരിച്ചിട്ടില്ല. അയൽക്കൂട്ട തലത്തിൽ മോണിട്ടറിംഗ് സമിതിയും രൂപീകരിച്ചിട്ടില്ല.

പദ്ധതിയുടെ തുടക്കത്തിൽ 262 ഗുണഭോക്തൃ കുടുംബങ്ങൾ ഉണ്ടായിരുന്നു എന്നാൽ നിലവിൽ പദ്ധതിയിൽ 209 അഗതികുടുംബങ്ങളാണുള്ളത്. പദ്ധതിയുടെ തുടക്കത്തിൽ 3 ഭൂരഹിതഭവനരഹിതരായ വ്യക്തികൾ ഉൾപ്പെട്ടിരുന്നു നിലവിൽ ഒരാൾ ഭൂരഹിതഭവനരഹിതരായി തന്നെ അവശേഷിക്കുന്നു. പദ്ധതിയുടെ തുടക്കത്തിൽ 37 അഗതികുടുംബങ്ങൾക്ക് വീട്പുനരുദ്ധാരണം ആവശ്യമായിരുന്നു, നിലവിലും

26 ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല. കുടിവെള്ളം ആവശ്യമുള്ള 12 അഗതികുടുംബങ്ങൾ പദ്ധതിയുടെ തുടക്കത്തിലുണ്ടായിരുന്നു. ഇവരിൽ ഒരാൾക്ക് മാത്രമാണ് കുടിവെള്ളവികരണം സാധ്യമാക്കുവാൻ സാധിച്ചിട്ടുള്ളത്. അഗതികുടുംബങ്ങളിലെ മാരക രോഗം ബാധിച്ചവരുടെ കൃത്യമായ വിവരം നഗരസഭയിലില്ല. പദ്ധതിനടത്തിപ്പിൽ സിംഹഭാഗവും ഭക്ഷണത്തിനു വേണ്ടിയുള്ള ഫുഡ് കിറ്റ് വിതരണത്തിന് മാത്രമാണ് ഉപയോഗിക്കുന്നത്.

ജനകീയ ആസൂത്രണ പദ്ധതികളിൽ മുൻഗണന അഗതികുടുംബങ്ങൾക്ക് നൽകേണ്ടതും അവരുടെ ക്ലേശഘടകങ്ങൾ കുറച്ച് സാമൂഹികമായി മുൻനിരയിൽ എത്തിയ്ക്കുവാനും ശ്രദ്ധിയ്ക്കേണ്ടതാണ്. കുടുംബശ്രീ സി.ഡി.എസിന്റെ സജീവ പങ്കാളിത്തത്തോടെ, പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന അഗതി കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ച് ഊർജ്ജിതമായി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-47 തുക ഒടുക്കിയെങ്കിലും 2.29 ലക്ഷം രൂപക്കുള്ള മരുന്ന് ലഭ്യമാക്കുവാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (പി എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങുന്നതിനും, പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്നു വാങ്ങുന്നതിനുമായി 1256833 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു 2022-23 ൽ നൽകിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്/ നമ്പർ | ബിൽ നമ്പർ/തീയതി | ഒടുക്കു വരുത്തിയ തുക | മരുന്ന് ലഭിച്ച തുക | മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | മരുന്നു വാങ്ങൽ/ 02/2022-23 | PRF No. 184/ 28-05-22 | 507598 | 480606 | 26992 |
| 2 | പ്രൈമറി പാലിയേറ്റീവ് കെയർ/ 06/2022-23 | PRF No. 5705 | 72560 | 72560 | 0 |
| | | PRF No. 4608 | 527440 | 359609 | 167831 |
| 3 | സെക്കന്ററി പാലിയേറ്റീവ് കെയർ/ 07/2022-23 | PRF No.5706 | 99236 | 99236 | 0 |
| | | PRF No.4971 | 49999 | 15275 | 34724 |
| ആകെ | | | 1256833 | 1027286 | 229547 |

ഇതിൽ 229547 രൂപക്കുള്ള മരുന്ന് KMSCL ൽ നിന്നും ലഭ്യമാക്കുവാൻ അവശേഷിക്കുന്നു. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 ലൈബ്രറി സെസ്സ് അടവാക്കിയില്ല

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കാത്തതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് ബാദ്ധ്യതയുണ്ടായിട്ടുണ്ട്. നഗരസഭയുടെ 2022-23 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31.03.2023 ൽ ഈയിനത്തിൽ 1,552,720- രൂപ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് വേളയിലും ഈ ഇനത്തിൽ ലഭിച്ച തുക

സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടച്ചിട്ടില്ല . The Kerala Decentralisation Of Powers Act – 2000 ഖണ്ഡിക 35 മുഖേന Kerala Public Libraries (Kerala Grandhasala Sanghom) Act, 1989 ലെ ഖണ്ഡിക 48 ന് വരുത്തിയ ഭേദഗതി പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കുന്ന തുക മൂന്ന് മാസത്തിനുള്ളിൽ ലൈബ്രറി കൗൺസിലിലേക്ക് അടയ്ക്കേണ്ടതും അല്ലാത്ത പക്ഷം കാലതാമസത്തിന് 2% നിരക്കിൽ പ്രതിമാസം പിഴ ഒടുക്കേണ്ടതുമാണ്. കൂടാതെ ഇപ്രകാരം പിഴ ഒടുക്കേണ്ടി വരികയാണെങ്കിൽ ആയത് സെക്രട്ടറി, ചെയർപേഴ്സൺ എന്നിവരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കേണ്ടതുമാണെന്നും നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിരക്കിലുള്ള പിഴത്തുക സഹിതം തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-49 തെരുവു നായ്ക്കൾക്ക് പേവിഷബാധയ്ക്കെതിരെ വാക്സിനേഷൻ - പദ്ധതി നടപ്പാക്കിയില്ല

സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന അതീവ ഗുരുതരമായ സാമൂഹിക പ്രശ്നമാണ് തെരുവു നായ് ശല്യം. തെരുവു നായ്ക്കളെ കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ വിവിധ ചർച്ചകളിലെ വിഷയമാക്കുന്ന സമയമാണ് നിലവിൽ കടന്നുപോകുന്നത്. തദ്ദേശസ്ഥാപനങ്ങളുടെ തെരുവുനായ് നിയന്ത്രണ പദ്ധതികൾ ഫലപ്രാപ്തിയിലെത്തിയില്ലെന്ന സന്ദേഹമുളവാക്കുന്ന തരത്തിൽ നിലവിലും ഒരു സാമൂഹിക പ്രശ്നമായി ഇത് നിലനിൽക്കുന്നു. തെരുവു നായ്ക്കളുടെ പ്രജനനം തടയുക എന്നതിലുപരി അവ മൂലമുണ്ടാകുന്ന പേവിഷബാധ തടഞ്ഞ് ജനങ്ങളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ പന്തളം മുനിസിപ്പാലിറ്റിയിൽ തെരുവ് നായ്ക്കൾക്ക് പേവിഷബാധയ്ക്കെതിരെ വാക്സിൻ എടുക്കുന്നതിന് പ്രോജക്ട് വിഭാവനം ചെയ്തെങ്കിലും നടപ്പാക്കിയില്ല.

വെറ്റിനറി ഡോക്ടറുടെ അഭിപ്രായപ്രകാരം 33 വാർഡുകളിലും തെരുവു നായ്ക്കൾക്ക് പേവിഷബാധ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും , വാക്സിൻ കുത്തിവയ്പ്പ് നൽകുന്നതിന് വെറ്റിനറി സർജനെയും ചുമതലപ്പെടുത്തിയും 9.09.22 ലെ ജനറൽ കമ്മറ്റിയിയുടെ 1(1) നമ്പർ ആയി തീരുമാനമെടുത്തിരുന്നു. 50000 രൂപ അടങ്കൽ വകയിരുത്തി ഇതിനായി പദ്ധതി (473/22-23) ആവിഷ്കരിച്ചെങ്കിലും ആയത് നടപ്പാക്കിയില്ല. കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വാക്സിൻ കുത്തിവയ്പ്പെടുക്കുന്നതിന് തെരുവു നായ്ക്കളെ പിടികൂടുന്നതിനുള്ള പ്രോജക്ട് തൻവർഷമില്ലാത്തതിനാലാണ് വാക്സിൻ കുത്തിവയ്പ്പ് നടപ്പാക്കാൻ സാധിക്കാതിരുന്നത് എന്ന നിരുത്തരവാദപരമായ മറുപടിയാണ് നിർവഹണോദ്യോഗസ്ഥൻ നൽകിയത്. പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും രൂപം നൽകുന്നതിനും സമയപരിധിയ്ക്കുള്ളിൽ കഴിഞ്ഞില്ല എന്നതിനേക്കാൾ പദ്ധതിയ്ക്ക് വേണ്ടത്ര പ്രാധാന്യം കൊടുത്തില്ല എന്ന അനുമാനത്തിലെത്തുന്നു. 50000 രൂപ അടങ്കൽ വച്ചത് ചെലവഴിക്കാത്തതിനാൽ ഫലത്തിൽ നഷ്ടപ്പെടുകയുംചെയ്തു. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പ്രോജക്ടുകൾക്ക് മാത്രം ശ്രദ്ധ നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതും പൊതു സമൂഹത്തിനെ വിപത്തുകളിൽ നിന്ന് രക്ഷിക്കുന്നതിന് ചുമതലപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയിൽപെട്ട ഇത്തരം പദ്ധതികൾ കൂട്ടുത്തരവാദിത്തത്തിൽ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-50 പിരിച്ചെടുത്ത നികുതികളും സെസ്സും സർക്കാരിലേക്ക് ഒടുക്കിയില്ല

നഗരസഭയുടെ വാർഷിക ധനകാര്യ പത്രികയും മറ്റ് അനുബന്ധ രേഖകളും പരിശോധനയ്ക്ക് വിധേയമാക്കിയതിൻ പ്രകാരം സർക്കാരിലേക്ക് ഒടുക്കുന്നതിനായി പിരിച്ചെടുത്ത വിവിധ നികുതികളും സെസ്സുകളും നഗരസഭ ഒടുക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നികുതി/സെസ്സ് ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | അവസാനം പിരിച്ചെടുത്ത വർഷം | തുക |
|---|---|---|---|
| വാറ്റ്-മുനിസിപ്പൽ ഫണ്ട് | 350200209 | 2017-18 | 14,471 |
| വാറ്റ് | 350300400 | 2017-18 | 40,120 |
| പ്രളയ സെസ്സ് | 350300820 | 2020-21 | 50,769 |
| സേവന നികുതി | 350300500 | 2018-19 | 16,89,627 |

സർക്കാരിലേക്ക് ഒടുക്കേണ്ട വിവിധ നികുതികളും സെസ്സും ഒടുക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് അഭിലഷണീയമല്ല. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിരുന്നെവെങ്കിലും തുടർനടപടി സ്വീകരിച്ചില്ല. തുക ഒടുക്കാതിരിക്കുന്ന സാഹചര്യത്തിൽ അതാത് നിയമപ്രകാരമുള്ള പിഴ ഒടുക്കേണ്ടി വന്നാൽ ആയത് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയാകുന്നതാണ്. ആയതിനാൽ ഒടുക്കുവാൻ ബാക്കിയുള്ള തുക സർക്കാരിന്റെ വിവിധ വകുപ്പുകളിൽ അടച്ച് കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-51 ഹരിതകർമ്മസേന - പ്രവർത്തനം ഫലപ്രദമല്ല - യൂസർഫീസ് പൂർണ്ണമായി പിരിച്ചെടുക്കുന്നില്ല-

**സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം**

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷന്റെയും ഹരിത കേരളം മിഷന്റെയും മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, തദ്ദേശസ്ഥാപനതലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയതാണ് ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്ലിക്കേഷൻ. നിലവിൽ നഗരഭയിലെ 72% കെട്ടിടങ്ങളിൽ ക്യൂ.ആർ.കോഡ് പതിപ്പിച്ച് ഹരിതമിത്രം പോർട്ടലിൽ എൻറോൾ ചെയ്തിട്ടുണ്ട്. ഹരിതമിത്രം പോർട്ടലിലെ വിവരങ്ങൾ പ്രകാരം 8222 വീടുകളുടെയും 986 മറ്റ് കെട്ടിടങ്ങളുടെയും എൻറോൾമെന്റ് പൂർത്തീകരിച്ചിട്ടുണ്ട്.

**ഹരിതകർമ്മസേന - യൂസർ ഫീ പൂർണ്ണമായും ഈടാക്കുന്നില്ല**

നഗരസഭയിലെ ഹരിതകർമ്മ സേനയ്ക്ക് നിലവിൽ ശരാശരി 1.70 ലക്ഷം രൂപയാണ് യൂസർഫീയായി ലഭിക്കുന്നത്. വീടുകളിൽ നിന്നും 50 രൂപയും മറ്റ് സ്ഥാപനങ്ങളിൽ നിന്നും 100 രൂപയുമാണ് ഓരോ മാസവും ഫീസായി ഈടാക്കുന്നത്. ഹരിതമിത്രം പോർട്ടലിലെ എൻറോൾമെന്റ് വിവരവുമായി താരതമ്യപ്പെടുത്തുമ്പോൾ യൂസർ ഫീ ഇനത്തിൽ വലിയ കുറവ് ഇണ്ട്. ഹരിതമിത്രം പോർട്ടലിലെ വിവരങ്ങൾ പ്രകാരം 8222 വീടുകളുടെയും 986 മറ്റ് കെട്ടിടങ്ങളുടെയും എൻറോൾമെന്റ് നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇവരിൽ നിന്നും തന്നെ ഏകദേശം 5 ലക്ഷം രൂപയിൽ കൂടുതൽ ഓരോ മാസവും ഫീസായി ലഭിക്കേണ്ടതുണ്ട്. നഗരസഭയിലെ മുഴുവൻ വീടുകളും വാണിജ്യ-വ്യവസായ-വ്യാപാര-ഓഫീസ് സ്ഥാപനങ്ങളും ഹരിതകർമ്മസേനാ മാലിന്യ പദ്ധതിയിൽ അംഗമാകണമെന്ന് 12.08.20 -ലെ നം. 1496/2020 ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

100 % വീടുകളും 100% വ്യാപാര/ഇതരസ്ഥാപനങ്ങളും യൂസർഫീ നൽകുന്നുണ്ടെന്ന ഉറപ്പുവരുത്തേണ്ടത് തദ്ദേശ സ്ഥാപനത്തിന്റെ ചുമതലയാണ്. കൂടാതെ 31.03.2023-ലെ സ.ഉ.(സാധാ) നം.789/2023 ത.സ്വ.ഭ.വ

ഉത്തരവ് പ്രകാരം ഹരിതകർമ്മസേനയ്ക്ക് യൂസർ ഫീസ് നൽകാത്തവരിൽ നിന്നും യൂസർ ഫീസ് കുടിശ്ശിക വരുത്തുന്നവരിൽ നിന്നും ടി തുക വസ്തു നികുതി കുടിശ്ശികയായി കണക്കാക്കി 1.04.2023 പ്രാബല്യത്തിൽ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവുകളിലെയും സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ –കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394-D-2017/KSHD ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചും യൂസർ ഫീസ് പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനം പൂർണ്ണതോതിൽ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-52 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - രേഖകൾ ഹാജരാക്കിയില്ല

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ എന്ന 2 സ്പിൽ ഓവർ പദ്ധതികൾ (S0021/23-SO & S0022/23-SO ) 2022-23-ൽ നടപ്പിലാക്കിയിട്ടുണ്ട്. ടി രണ്ടു പ്രോജക്ടുകളിലുമായി വയോജനങ്ങൾക്കുള്ള കട്ടിൽ വാങ്ങിയിരിക്കുന്നത് ആസ്റ്റ് മെഡിടെക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ്. മേൽ രണ്ടു പ്രോജക്ട് പ്രകാരമുള്ള ട്രഷറി ബില്ലുകളുകളോ ആസ്റ്റ് മെഡിടെക്ക് എന്ന സ്ഥാപനത്തിൽ നിന്നുള്ള കട്ടിലുകൾ ലഭ്യമാക്കിയതിന്റെ ബില്ലുകളോ പ്രോജക്ട് ഫയലുകളോടൊപ്പം ഹാജരാക്കിയിട്ടില്ല. ടി പ്രജക്ടുമായി ബന്ധപ്പെട്ട് സാംഖ്യ വെബ് പ്രകാരമുള്ള ട്രഷറി ബില്ലുകളുടെ വിവരവും ലഭ്യമാക്കിയ ഇൻവോയിസുകളുടെ വിവരവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. & പ്രോജക്ടിന്റെ പേര് | ബിൽ റഫറൻസ് നമ്പർ | ചെലവ് തുക | ഇൻവോയിസ് നം. & തീയതി | ബിൽ പ്രകാരം ലഭ്യമായ കട്ടിലിന്റെ എണ്ണം |
|---|---|---|---|---|---|
| 1. | S0021/23-SO- വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ്.സി) | 800093365 Dt. 11/05/22 | 65797 | ലഭ്യമല്ല | ലഭ്യമല്ല |
| | | 1800834807 Dt. 28/11/22 | 85535 | Bill No. B2B/AAST GP04 Dt: 16.09.2022 | 26 |
| | | 801485744 Dt. 26/03/23 | 88826 | Bill No. B2B/AAST GP17 Dt : 25.03.2023 | 27 |
| | | | **₹ 2,40,158** | | **53** |
| 2. | S0022/23-SO വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ്.സി) | 800093369 Dt. 11/05/22 | 65797 | Bill No. B2B/AAST GP47 Dt : 26.03.2023 | 20 |
| | | 8008348 Dt. 28/11/22 | 78956 | Bill No. B2B/AAST GP03 Dt : 15.09.2022 | 24 |
| | | 801485741 Dt.26/03/23 | 82246 | Bill No. B2B/AAST GP18 Dt : 25.03.2022 | 25 |
| | | | **₹ 2,26,999** | | **65** |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. രണ്ടു പ്രോജക്ട് പ്രകാരവും 65,797 രൂപ കട്ടിൽ വാങ്ങലിനായി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

എന്നാൽ ഇതിൽ ഒരെണ്ണത്തിന്റെ ബിൽ മാത്രമാണ് ഫയലിൽ ഉള്ളത്. അത് കൃത്യമായി ഏത് പ്രോജക്ടിന്റെ എന്ന് മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഒരു പ്രോജക്ട് പ്രകാരം 65,797 രൂപയുടെ കട്ടിലുകൾ ലഭിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. മേൽ പട്ടിക പ്രകാരം കട്ടിലിനായി പണമടച്ച സ്ഥാപനത്തിൽ നിന്നും ലഭ്യമായ കട്ടിലുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഒന്നും തന്നെ ഇല്ല. അതിനാൽ അടച്ച തുകക്കുള്ള മൊത്തം കട്ടിലുകളും ലഭ്യമായിട്ടുണ്ടെയെന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.
3. ബിൽ റഫറൻസ് നം. 800093365 തീയതി 11/05/22 പ്രകാരം എത്ര കട്ടിൽ ലഭിച്ചുവെന്ന് ഉറപ്പില്ല. അത് ഒഴിച്ച് പ്രോജക്ട് നം. S0021/23-SO പ്രകാരം 53 **കട്ടിലുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ വിതരണം ചെയ്തിരിക്കുന്നത് വെറും 42 കട്ടിലുകൾ മാത്രമാണ്.**
4. **പ്രോജക്ട് നം. S0022/23-SO പ്രകാരം 65 കട്ടിലുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ വിതരണം ചെയ്തിരിക്കുന്നത് വെറും 34 കട്ടിലുകൾ മാത്രമാണ്.**

രണ്ടു പ്രോജക്ടുകളിലുമായി ആകെ 118 കട്ടിലുകൾ ലഭിച്ചതിൽ 42 എണ്ണം വിതരണം ചെയ്തിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 11/05/22-ാം തീയതിയിലെ ബിൽ റഫറൻസ് നം. 800093365 പ്രകാരം കട്ടിൽ വാങ്ങുന്നതിനായി സ്ഥപനത്തിന് 65797 രൂപ നൽകിയിട്ടുണ്ട്. എന്നാൽ അവ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ആകെ ടി രണ്ടു പ്രജക്ട് പ്രകാരം ആകെ ചെലവഴിച്ച 2,03,970.28 രൂപ (138173.28+65797) നിരാകരിക്കുന്നതിന് ഏതെങ്കിലും തടസ്സവാദമുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കണമെന്ന് കാണിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 54 തീയതി 23.02.2024) നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. റിപ്പോർട്ട് പുറപ്പെടുവിച്ച് 60 ദിവസത്തിനുള്ളിൽ ടി രേഖകൾ ഹാജരാക്കാത്തപക്ഷം 2,03,970.28 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിശ്ചയിച്ച് നിയമനടപടി സ്വീകരിക്കുന്നതായിരിക്കും.

| ക്രമ നം. | പ്രോജക്ട് നം. & പ്രോജക്ടിന്റെ പേര് | ബിൽ റഫറൻസ് നമ്പർ | ചെലവ് തുക | ഇൻവോയിസ് നം. & തീയതി | ബിൽ പ്രകാരം ലഭ്യമായ കട്ടിലിന്റെ എണ്ണം |
|---|---|---|---|---|---|
| 1. | S0021/23-SO-വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ്.സി)<br>42 പേരുടെ കൈപ്പറ്റ്<br>Total 74<br>ലഭ്യമാക്കാത്തത് 32 | 800093365<br>Dt. 11/05/22 | 65797 | Bill No. B2B/AAST GP47<br>Dt: 26.03.2023 | 20 |
| | | 1800834807<br>Dt. 28/11/22 | 85535 | Bill No. B2B/AAST GP04<br>Dt: 16.09.2022 | 26 |
| | | 801485744<br>Dt. 26/03/23 | 88826 | Bill No. B2B/AAST GP17<br>Dt : 25.03.2023 | 27 |
| | | | **₹ 2,40,158** | | **73** |
| 2. | S0022/23-SO വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ്.സി)<br>34 പേരുടെ കൈപ്പറ്റ്<br>Total 69 | 800093369<br>Dt. 11/05/22 | 65797 | Bill No. B2B/AAST GP47<br>Dt : 26.03.2023 | 20 |
| | | 8008348 | | | |

| | | | | | |
|---|---|---|---|---|---|
| | ലഭ്യമാക്കാത്തത് 35<br>3289.7 X | Dt. 28/11/22 | | | |